# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
PRGI No. KERMAL/2010/32222

Vol. 16 / Issue 1
January 2025

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)

JUBILEE 2025
PILGRIMS OF HOPE



FAMILY RENEWAL YEAR
DIOCESE OF MANANTHAVADY



പൗരോഹിത്യ
സുവർണ്ണ ജൂബിലി
ആശംസകൾ
50 YEARS
FR. KANDETH SEBASTIAN
ORDINATION : 31-12-1975
FR.KUTTIMAKKAL JAMES
ORDINATION : 20-12-1975
FR.MYLADOOR GEORGE
ORDINATION : 23-12-1975
FR.PINAKKATT JOSEPH
ORDINATIOJN : 20-12-1975
FR.THERAKAM THOMAS JOSEPH
ORDINATION : 19-12-1975
മാനന്തവാടി രൂപതാ കുടുംബം


പൗരോഹിത്യ
രജത ജൂബിലി
ആശംസകൾ
25 YEARS
FR.MUTHUKATHANIYIL VARGHESE
ORDINATION : 03-01-2001
FR.PERUMATTIKUNNEL JOHN
ORDINATION : 26-12-2000
FR.PUDUSSERY MARTIN
ORDINATION : 08-01-2001
FR.PULPAYIL JOSEPH
ORDINATION : 11-01-2001
FR. PUTHENPURAYIL MANUEL
ORDINATION : 30-12-2000
FR.THANNIYIL AUGUSTINE
ORDINATION : 30-12-2000
FR.THURUTHEL THOMAS
ORDINATION : 27-12-2000
മാനന്തവാടി രൂപതാ കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 16    ജനുവരി 2025    ലക്കം 1**

**ഒറ്റപ്രതി 10 രൂപ    വാർഷിക വരിസംഖ്യ 120 രൂപ**

# സുവർണ്ണ ജൂബിലി നിറവിൽ
## ബഹു. കണ്ടേത്ത് സെബാസ്റ്റ്യൻ അച്ചൻ

കണ്ടേത്ത് വർക്കി - മറിയം ദമ്പതികളുടെ ആറുമക്കളിൽ നാലാമനായി 1951 മെയ് 12 ന് എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് സെബാസ്റ്റ്യൻ അച്ചൻ ജനിച്ചു. അക്കാലത്ത് സാധാരണമായിരുന്ന കുടിയേറ്റത്തിന്റെ ഭാഗമായി കണ്ടേത്ത് കുടുംബം വയനാട്ടിലെ നടവയലിലേക്ക് പറിച്ചു നടപ്പെട്ടു. അച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം നടവയൽ സെന്റ് തോമസ് സ്കൂളിലായിരുന്നു. തന്നിലെ ദൈവവിളി തിരിച്ചറിഞ്ഞ സെബാസ്റ്റ്യനച്ചൻ തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ പൗരോഹിത്യത്തിനുള്ള ആദ്യ പരിശീലനവും കാർമ്മൽഗിരി സെന്റ് ജോസഫ്സ് സെമിനാരിയിൽ തത്വശാസ്ത്ര പഠനവും മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. ഇതിന് പുറമെ മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജിയിൽ ബിരുദവും, റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും കൽക്കട്ടയിലെ ഇന്ത്യൻ ബോർഡ് ഓഫ് ഓൾട്ടർനേറ്റിവ് മെഡിസിൻസിൽ നിന്ന് ഓൾട്ടർനേറ്റിവ് മെഡിസിൻസിൽ എം. ഡി. യും കരസ്ഥമാക്കിയിട്ടുണ്ട്. 1975 ഡിസംബർ 31 ന് നടവയൽ ഹോളിക്രോസ് ഇടവക ദേവാലയത്തിൽ നിന്ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

1976ൽ തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച സെബാസ്റ്റ്യനച്ചൻ മണിമൂളി, എൻ. ആർ. പുര ഇടവകകളുടെ സഹവികാരിയായും പാടിച്ചിറ, സീതാമൗണ്ട്, മണിമൂളി ഇടവകകളുടെ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. തുടർന്ന് മാനന്തവാടി നോർബർട്ട് ഹൗസിൽ വൈസ് റെക്ടറായും, റെക്ടറായും തുടർന്ന് ഉപരി പഠനത്തിന് ശേഷം മാനന്തവാടി മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും രൂപതാ കോടതിയിൽ കോ-ഓർഡിനേറ്ററും നോട്ടറിയുമായും മാനന്തവാടിയിലെ സന്യാ

സിനിമാരുടെ കൂട്ടായ്മയുടെ ഡയറക്ടറായും മാനന്തവാടി മൈനർ സെമിനാരിയിൽ റെക്ടറായും സേവനം ചെയ്തു. തുടർന്ന് ഉപരിപഠനത്തിന് ശേഷം ജർമ്മനിയിലെ ഔസ്ബുർഗ് രൂപതയിൽ വൈസൻ ബർഗിൽ (Weissensberg) പ്രീസ്റ്റ് ഇൻ ചാർജ്ജ് ആയും, അയ്ഹാഹിൽ (Aichach) സഹവികാരിയായും, വെൽഹൈം (Wellheim), കൗഫ്ബോയറൻ (Kaufbeuren) എന്നീ ഇടവകകളുടെ വികാരിയായും സേവനം ചെയ്തു. ഇപ്പോൾ അതെ രൂപതയിൽ ഹിൽറ്റെൻഫിൻഗെൻ - ലാംഗെറിൻഗെൻ (Hiltenfingen- Langerringen) ഇടവകയുടെ വികാരിയായി സേവനം ചെയ്യുന്നു.

നിരവധി വർഷങ്ങൾ സെമിനാരി വിദ്യാർത്ഥികളുടെ പരിശീലന രംഗത്ത് റെക്ടറായി സേവനം ചെയ്ത അച്ചൻ തികഞ്ഞ ഉത്തരവാദിത്ത ബോധത്തോടെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ബഹുമാനി ക്കുന്ന അച്ചൻ, മറ്റുള്ളവരെ മനസ്സിലാക്കുന്നതിൽ ഏറെ പ്രാഗൽ പ്യം ഉള്ളയാളാണ്. കഴിഞ്ഞ 26 വർഷങ്ങളായി ജർമ്മനിയിൽ വിവിധ ഇടവകകളിൽ സ്തുത്യർഹമായ സേവനം ചെയ്യുകയും ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കുകയും ചെയ്ത സെബാ സ്റ്റ്യൻ അച്ചന് ചാരിതാർഥ്യത്തോടെ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കാൻ സാധിക്കും.

പൗരോഹിത്യ സ്വീകരണത്തിന്റെ അമ്പതാം വർഷത്തി ലേക്ക് പ്രവേശിക്കുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കണ്ടേത്ത് അച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹോഷ് മളമായ സുവർണ്ണജൂബിലി ആശംസകൾ നേരുന്നു.



# സുവർണ്ണ ജൂബിലി നിറവിൽ
# ബഹു. കുറ്റിമാക്കൽ ജെയിംസ് അച്ചൻ

കുറ്റിമാക്കൽ കുര്യാക്കോസ് – അന്നമ്മ ദമ്പതികളുടെ ഏഴ് മക്കളിൽ നാലാമനായി 1948 മാർച്ച് 21 ന് കോട്ടയം ജില്ലയിലെ അരുവിക്കുഴിയിൽ എന്ന സ്ഥലത്ത് ജെയിംസ് അച്ചൻ ജനിച്ചു. കുടിയേറ്റത്തെ തുടർന്ന് കണ്ണൂർ ജില്ലയിലെ കൊളക്കാടേക്ക് താമസം മാറി. തുണ്ടിയിൽ സെന്റ് ജോൺസ് യു.പി. സ്കൂൾ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി അച്ചൻ തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് മിശിഹായുടെ പുരോഹിതനായിതീരുക എന്ന ആഗ്രഹവുമായി തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിച്ചു. തുടർന്ന് കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനവും, ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. പിന്നീട് അതെ സെമിനാരിയിൽ നിന്ന് പാസ്റ്ററൽ തിയോളജിയിലും, റോമിലെ ലാറ്ററൻ സർവകലാശാലയിൽ നിന്ന് ഓറിയെന്റൽ തിയോളജിയിലും അമേരിക്കയിലെ സെന്റ് ലൂയിസ് സർവ്വകലാശാലയിൽ നിന്ന് ഫോർമേഷനിലും തുടർ പഠനം നടത്തി.

1975 ഡിസംബർ 20 ന് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കൈവയ്പ് ശുശ്രൂഷ വഴി കൊളക്കാട് സെന്റ് തോമസ് ദേവാലയത്തിൽ വച്ച് ജെയിംസച്ചൻ പൗരോഹിത്യ പട്ടം സ്വീകരിച്ചു. മാനന്തവാടി സെന്റ് ജോസഫ്സ് കത്തീഡ്രൽ ഇടവകയിൽ സഹവികാരിയായി സേവനം ചെയ്തുകൊണ്ടാണ് അച്ചൻ തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. പിന്നീട് റിപ്പൺ, തൃശ്ശിലേരി, പുതുശ്ശേരിക്കടവ് എന്നീ ഇടവകകളുടെ വികാരിയായി സേവനം ചെയ്തു. ബിഷപ്സ് ഹൗസിൽ ചാൻസലറായും പിതാവിന്റെ സെക്രട്ടറിയായും സേവനം ചെയ്ത അച്ചൻ മൈനർ സെമിനാരിയിൽ ആത്മീയ പിതാവായും, നോർബർട്ട് ഹൌസിൽ റെക്ടറായും, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ആത്മീയ പിതാവായും, എസ്.കെ.ഡി. സന്യാസിനീ സമൂഹത്തിന്റെ ഡയറക്ടറായും, ബാംഗ്ലൂർ സാൻതോം സ്റ്റഡി ഹോം റെക്ടറായും, ജർമ്മനിയിലെ പാഡർബോണിലും ഇടവകയിലും, പുതിയിടം, പുൽപ്പള്ളി ഇടവക

കളിൽ വികാരിയായും, നിലമ്പൂർ മണിമൂളി റീജ്യണൽ സിഞ്ചെല്ലൂസും മണിമൂളി ദേവാലയത്തിന്റെ വികാരിയുമായും, മരുത, അരിഞ്ചേർമല, തോണിച്ചാൽ ഇടവകകളിൽ വികാരിയായും, മാനന്തവാടി രൂപതയിലെ തത്വശാസ്ത്രപഠനം നടത്തുന്ന വൈദിക വിദ്യാർത്ഥികളുടെ ആത്മീയ പിതാവായും, കല്യാൺ രൂപത മൈനർ സെമിനാരിയിലെ ആത്മീയ പിതാവായും സേവനം ചെയ്തശേഷം ഇപ്പോൾ വിയാനിഭവനിൽ വിശ്രമ ജീവിതം നയിച്ചുവരുകയാണ്.

ദൈവസ്നേഹം നിറഞ്ഞ ആത്മീയ മനുഷ്യനാണ് ജെയിംസച്ചൻ. അച്ചന്റെ ശുശ്രൂഷയുടെ സിംഹഭാഗവും ദൈവജനത്തെ നയിക്കുന്നതിന് ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ അജപാലകരെ ഒരുക്കുന്നതിന് ചിലവഴിച്ചു. ആ ദൗത്യം തീക്ഷ്ണതയോടെ നിർവ്വഹിച്ച പ്രിയപ്പെട്ട വൈദികനാണ് അച്ചൻ എന്നതിൽ സംശയമില്ല. തന്റെ ജീവിത വിശുദ്ധിയിലൂടെയും ആധ്യാത്മികതയിലടിയുറച്ച അർപ്പണ മനോഭാവത്തോടെയുമാണ് ബഹു. ജെയിംസച്ചൻ തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചത്. നിരവധി സമർപ്പിതരുടെ ആത്മീയഗുരുവാണ് അച്ചൻ. ആഴമായ സന്യാസ ജീവിതത്തിന് തികഞ്ഞ ഒരു സന്യാസിയെപ്പോലെ അച്ചൻ നൽകുന്ന ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും എന്നും ജീവിതത്തിൽ സൂക്ഷിക്കുന്ന നിരവധി സമർപ്പിതരുണ്ട്. നിറഞ്ഞ പുഞ്ചിരിയോടെയും ശാന്തതയോടെയും ഏവർക്കും സമീപസ്ഥനാണ് ജൂബിലി നിറവിൽ ആയിരിക്കുന്ന പ്രിയപ്പെട്ട ജെയിംസച്ചൻ. അച്ചന്റെ സംസാരത്തിലും നടപ്പിലും എടുപ്പിലും ഒരു അച്ചടക്കമുണ്ട്.

പൗരോഹിത്യ സ്വീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ബഹുമാനപ്പെട്ട ഫാ. ജെയിംസ് കുറ്റിമാക്കൽ അച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹോഷ്മളമായ സുവർണ്ണജൂബിലി ആശംസകൾ നേരുന്നു.



# സുവർണ്ണ ജൂബിലി നിറവിൽ
# ബഹു. മൈലാടൂർ ജോർജ്ജ് അച്ചൻ

മൈലാടൂർ തോമസ് - ഏലിയാമ്മ ദമ്പതികളുടെ പത്ത് മക്കളിൽ മൂന്നാമനായി 1950 ഫെബ്രുവരി 22ന് ഇടുക്കി ജില്ലയിലെ അറക്കുളം എന്ന സ്ഥലത്ത് വർക്കിച്ചൻ എന്ന് വിളിക്കപ്പെടുന്ന ജോർജ്ജ് അച്ചൻ ജനിച്ചു. ഭരണങ്ങാനത്ത് അരീപ്പാറ സ്കൂളിൽ തന്റെ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചെങ്കിലും മലബാറിലേക്ക് കുടിയേറിയതോടെ തലവിൽ, ഉടുംബുംചീത്ത, ചപ്പാരപ്പടവ് എന്നീ സ്കൂളുകളിലായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി.

തന്നിലെ ദൈവവിളി തിരിച്ചറിഞ്ഞ മൈലാടൂരച്ചൻ തലശ്ശേരി മൈനർ സെമിനാരിയിലും തുടർന്ന് വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ തത്വശാസ്ത്ര പഠനവും ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. 1975 ഡിസംബർ 23 ന് തന്റെ മാതൃ ഇടവകയായ തലശ്ശേരി രൂപതയിലെ മേരിഗിരി ഇടവക ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കൈവയ്പ്പ് ശുശ്രൂഷയിലൂടെ പൗരോഹിത്യപട്ടം സ്വീകരിച്ചു. റോമിലെ സെന്റ് അക്വിനാസ് സർവകലാശാലയിൽ നിന്ന് സോഷ്യൽ വർക്കിലും സലേഷ്യൻ സർവകലാശാലയിൽ നിന്ന് കമ്മ്യൂണിക്കേഷനിലും ഉപരിപഠനം നടത്തിയിട്ടുണ്ട്. ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫൊറോനയുടെ സഹവികാരിയായി സേവനം ചെയ്തു കൊണ്ടാണ് അച്ചൻ തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. പിന്നീട് റിപ്പൺ സെന്റ് ജോസഫ്സ് ഇടവക, തൃശ്ശിലേരി സെന്റ് ജോർജ്ജ് ഇടവക, തരിയോട് സെന്റ് മേരീസ് ഫൊറോന, മാനന്തവാടി സെന്റ് പീറ്റർ ആൻഡ് പോൾ ഇടവക, കണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രൽ എന്നിവിടങ്ങളിൽ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു.

ബാംഗ്ലൂർ സാന്തോം സ്റ്റഡി ഹൗസ് ഡയറക്ടർ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടർ, ബോയ്സ് ടൗൺ ഡയറക്ടർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ, രൂപതാ പ്രൊക്യുറേറ്റർ, കൽപ്പറ്റ ഡീ പോൾ സ്കൂൾ മാനേജർ, കയ്യൂന്നി സേക്രട്ട് ഹാർട്ട് മെട്രിക്കുലേഷൻ ഹൈസ്കൂൾ മാനേജർ, കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി പ്രൊക്യുറേറ്റർ, മേരിമാതാ കോളേജ് ബർസാർ, മാനേജർ എന്നീ നിലകളിൽ തന്റെ ഉത്തരവാദിത്വ

ങ്ങൾ വളരെ സ്തുത്യർഹമായ രീതിയിൽ അച്ചൻ നിർവഹിച്ചു. മൈലാടൂരച്ചൻ നിലവിൽ പുൽപ്പള്ളി തിരുഹൃദയ ദേവാലയത്തിന്റെ വികാരിയായി സേവനം ചെയ്യുന്നു.

തന്റെ അജപാലന ജീവിതത്തിൽ ദൈവം തന്ന കഴിവുകളെ മുഴുവനായി മറ്റുള്ളവർക്കുവേണ്ടി വിനിയോഗിക്കുന്ന വന്ദ്യവൈദികനാണ് മൈലാടൂരച്ചൻ. നിരവധി വർഷങ്ങൾ സോഷ്യൽ സർവീസ് ഡയറക്ടറായിരുന്നുകൊണ്ട് രൂപതയുടെ സാമൂഹിക സേവനരംഗത്ത് ശ്രദ്ധേയമായ സേവനം ചെയ്യാൻ അച്ചന് സാധിച്ചു.

ഏവർക്കും സമീപസ്ഥനായ അച്ചൻ അനേകരെ കൈപിടിച്ച് ഉയർത്തുന്ന വിശാല ഹൃദയത്തിനുടമയാണ്. ഒരു വികാരി എന്ന നിലയിൽ ഇടവകയുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി അച്ചൻ എപ്പോഴും കർമ്മ നിരതനായിരുന്നു. തന്റെ സഹവൈദികർക്ക് ഒരു നല്ല സുഹൃത്തായും, പ്രത്യേകമായി തന്റെ കൂടെ സേവനം ചെയ്ത സഹവികാരിമാർക്ക് വേണ്ട പ്രോത്സാഹനവും പരിഗണനയും നല്കിയിരുന്നതും എടുത്തു പറയേണ്ടതാണ്. രൂപതയിലെ തന്നെ പ്രധാനപ്പെട്ട പല കെട്ടിട നിർമ്മിതികൾക്കും മേൽനോട്ടം വഹിക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അച്ചന്റെ പ്രാവീണ്യം പ്രശംസനീയമാണ്. കത്തീഡ്രൽ ദേവാലയത്തിന്റെ ശില്പിയായ അച്ചൻ ദേവാലയങ്ങളുടെ നിർമ്മിതിയിൽ വൈദികർക്ക് മാർഗനിർദ്ദേശങ്ങൾ നൽകി അവരെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. എത്ര സങ്കീർണ്ണമായ പ്രശ്നങ്ങൾക്കും അച്ചന് പരിഹാരമുണ്ട് എന്നതാണ് പലരെയും അച്ചനിലേക്ക് അടുപ്പിക്കുന്നത്. കഠിനാദ്ധ്വാനവും ദീർഘവീക്ഷണവുമുള്ള മൈലാടൂർ അച്ചൻ എന്നും തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ അർപ്പണമനോഭാവത്തോടെ നിറവേറ്റിയിരുന്നു. മറ്റുള്ളവർക്ക് തീക്ഷ്ണത നിറഞ്ഞ അജപാലകനാണ്.

പൗരോഹിത്യ സ്വീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ബഹുമാനപ്പെട്ട ജോർജ്ജ് മൈലാടൂർ അച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹോഷ്മളമായ സുവർണ്ണജൂബിലി ആശംസകൾ നേരുന്നു.



# സുവർണ്ണ ജൂബിലി നിറവിൽ
# ബഹു. പിണക്കാട്ട് ജോസഫ് അച്ചൻ

പിണക്കാട്ട് ജോസഫ് - അന്നക്കുട്ടി ദമ്പതികളുടെ അഞ്ച് മക്കളിൽ നാലാമനായി ജോയി എന്ന് വിളിക്കപ്പെടുന്ന ജോസഫ് അച്ചൻ എറണാകുളം ജില്ലയിലെ വാഴക്കുളത്ത് 1950 സെപ്റ്റം ബർ 3 ന് ജനിച്ചു. വേങ്ങാച്ചുണ്ട് ഗവ. യൂപി സ്കൂളിൽ തന്റെ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു. എന്നാൽ നാട്ടിൽ നിന്ന് മലബാറിലേക്ക് നടന്ന കുടിയേറ്റത്തിന്റെ ഭാഗമായി തുടർന്നുള്ള വർഷം തന്നെ കണ്ണൂർ ജില്ലയിലെ ചുങ്കക്കുന്നിലേക്ക് പിണ ക്കാട്ട് കുടുംബവും പറിച്ച് നടപ്പെട്ടു. ജോസഫച്ചന്റെ തുടർ ന്നുള്ള വിദ്യാഭ്യാസം ചുങ്കക്കുന്ന് ഗവ. യൂപി സ്കൂളിലും, തുണ്ടി സെന്റ് ജോസഫ്സ് ഹൈസ്കൂളിലുമായിരുന്നു.

തന്നിലെ ദൈവവിളി തിരിച്ചറിഞ്ഞ ജോസഫ് അച്ചൻ തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. തുടർന്ന് വടവാതൂർ സെന്റ് തോമസ് സെമിനാരിയിൽ തത്വശാസ്ത്ര പഠനവും ദൈവ ശാസ്ത്ര പഠനവും പൂർത്തിയാക്കിയ ജോസഫ് അച്ചൻ 1975 ഡിസംബർ 20 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ കൈവയ്പ് ശുശ്രൂഷവഴി തലശ്ശേരിയിൽ വച്ച് പൗരോഹിത്യപട്ടം സ്വീകരിച്ചു.

1976-77 കാലഘട്ടത്തിൽ ബത്തേരി അസംപ്ഷൻ ഇടവ കയുടെ സഹവികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച ജോസഫ് അച്ചൻ തുടർന്ന് വഞ്ഞോട്, നടവയൽ, മണിമൂളി, കല്ലുവയൽ, ആലാറ്റിൽ, പേരിയ ചിത്രഗിരി, തോമാട്ടുചാൽ, തെനേരി, ശിശുമല, നെടുമ്പാല, പോരൂർ, വഞ്ഞോട്, മംഗല ശ്ശേരി, മരക്കടവ്, കേണിച്ചിറ, ചുണ്ടക്കര കുറുമ്പാല, കൊളവ യൽ, വാളവയൽ, പാറത്തോട്ടം, പടമല, അമരക്കുനി, തോമാ ട്ടുചാൽ എന്നീ ഇടവകകളിൽ വികാരിയായും വലിയകൊല്ലി, കുറുമ്പാലക്കോട്ട, പുതുശ്ശേരി എന്നിവിടങ്ങളിൽ താത്കാലിക വികാരിയായും സ്തുത്യർഹമായ സേവനം ചെയ്തു. ഇപ്പോൾ

എടപ്പെട്ടി സെന്റ് സെബാസ്റ്റ്യൻസ് ഇടവക വികാരിയായി സേവനം ചെയ്യുന്നു.

സമർപ്പണത്തിന്റെയും അചഞ്ചലമായ വിശ്വാസത്തിന്റെയും ദൃഷ്ടാന്തമാണ് ജോയ് അച്ചൻ. ആത്മാർത്ഥമായ പൗരോഹിത്യ ജീവിതത്തിന്റെ ഉത്തമമാതൃക നൽകുന്ന അച്ചന്റെ ജീവിതത്തിലെ സൗമ്യസ്വഭാവവും ആർദ്രതയും ആഴമായ ആത്മീയതയും അനേകരുടെ ജീവിതത്തെ സ്പർശിച്ചിട്ടുണ്ട്. വലിയ പ്രകടനങ്ങളൊന്നുമില്ലാതെ, നിശബ്ദമായ സേവനത്തിലൂടെയാണ് അദ്ദേഹം തന്റെ ദൗത്യം നിർവ്വഹിക്കുന്നത്. 50 വർഷങ്ങളും അച്ചൻ ഇടവക ശുശ്രൂഷയിൽ ആയിരുന്നു എന്നത് അച്ചന്റെ പൗരോഹിത്യ ജീവിതത്തിന്റെ പ്രധാന സവിശേഷതയാണ്. മതബോധന മേഖലയിൽ കൂടുതൽ പ്രാധാന്യം നൽകി അജഗണങ്ങളുടെ വിശ്വാസ ജീവിതത്തെ പരിപോഷിപ്പിക്കാൻ അച്ചൻ എന്നും മുൻകൈ എടുത്തിരുന്നു കുട്ടികളെയും യുവാക്കളെയും കളികളിലൂടെയും മറ്റും ആകർഷിക്കുവാനും അവരോടൊക്കെ നല്ല സൗഹൃദങ്ങൾ സൂക്ഷിക്കാനും അച്ചൻ ശ്രദ്ധാലുവായിരുന്നു.

പൗരോഹിത്യ സ്വീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ബഹുമാനപ്പെട്ട ജോസഫ് പിണക്കാട്ട് അച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹോഷ്മളമായ സുവർണ്ണജൂബിലി ആശംസകൾ നേരുന്നു.



# സുവർണ്ണ ജൂബിലി നിറവിൽ
## ബഹു. തോമസ് ജോസഫ് തേരകം അച്ചൻ

തേരകം ജോസഫ് - റോസ ദമ്പതികളുടെ പതിനൊന്നു മക്കളിൽ നാലാമനായി 1951 ഫെബ്രുവരി 06 ന് പാലക്കാട് ജില്ലയിലെ കൂടല്ലൂരാണ് ബഹു. തോമസ് ജോസഫ് തേരകം അച്ചന്റെ ജനനം. മരുതോംകര സെന്റ് മേരീസ് ഹൈസ്കൂളിലായിരുന്നു അച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം. ഇതിന് പുറമെ, ബാംഗ്ലൂർ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബിരുദവും, ഒസ്മാനിയ സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദവും, മൈസൂർ സർവ്വകലാശാലയിൽ നിന്ന് എൽ. എൽ. ബിയും, പി. എച്ച്. ഡിയും ഹൈദരാബാദ് സർവകലാശാലയിൽ നിന്ന് പി.ജി.ഡി.എച്ച്. ആറും നേടിയ അച്ചൻ തന്റെ അറിവും കഴിവുകളും സഭയുടെയും സമൂഹത്തിന്റെയും സേവനത്തിന് ഉപയോഗപ്പെടുത്തി.

പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം തലശ്ശേരി മൈനർ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിച്ച തോമസ് അച്ചൻ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രപഠനവും ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. 1975 ഡിസംബർ 19 ന് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കൈവയ്പ് ശുശ്രൂഷ വഴി പൗരോഹിത്യ പട്ടം സ്വീകരിച്ചു.

നടവയൽ, കൊമ്മയാട്, തൃശിലേരി, വെള്ളമുണ്ട, ദീപ്തിഗിരി, എടയൂർകുന്ന്, കമ്മന (1980–1982), പയ്യംപള്ളി, കൊളവയൽ, എടപ്പെട്ടി എന്നീ ഇടവകകളിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. ഇപ്പോൾ പറളിക്കുന്ന് ഇടവക വികാരിയായി സേവനം ചെയ്യുന്നു.

ഇടവക സേവനത്തിന് പുറമെ, തോമസ് ജോസഫ് അച്ചൻ WSSS ട്രൈബൽ കമ്മ്യൂണിറ്റി സെന്റർ ഡയറക്ടർ, കെ.സി.വൈ.എം. രൂപതാ ഡയറക്ടർ, കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ ഡയറക്ടർ, കോർപ്പറേറ്റ് എജ്യുക്കേഷനൽ ഏജൻസി മാനേജർ, ലീഗൽ എയിഡ് സെന്റർ ഡയറക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം ചെയ്ത് സഭയ്ക്കും

സമൂഹത്തിനും തന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. തേരകം അച്ചൻ ഒരു സമഗ്ര വ്യക്തിത്വത്തിനുടമയാണ്. ഒരു വൈദികനായിരിക്കുന്നതിനൊപ്പം, അദ്ദേഹം വിദ്യാഭ്യാസ മേഖലകളിലും, സാമൂഹിക മേഖലകളിലും, മാധ്യമ പ്രവർത്തന മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇന്ന് മാനന്തവാടി രൂപതയുടെ മതേതര മുഖം ഉയർത്തിപ്പിടിക്കുന്ന റേഡിയോ മാറ്റൊലിയുടെ സ്ഥാപക ഡയറക്ടർ ആയിരുന്ന അദ്ദേഹത്തിന്റെ ദീർഘ വീക്ഷണവും പൊതുനന്മയ്ക്കുവേണ്ടിയുള്ള അർപ്പണ മനോഭാവത്തോടെയുള്ള സേവനവും നേതൃത്വവും വളരെ ശ്രദ്ധേയമാണ്.

കേരള ഗവൺമെന്റ് ജുവനൈൽ ജസ്റ്റിസ് ബോർഡ് മെമ്പറായി ആയി സേവനം അനുഷ്ഠിച്ചതും, സി.ഡബ്ല്യൂ.സി. ചെയർമാനായി ഇടപെടലുകൾ നടത്തിയതും എടുത്തുപറയേണ്ടതാണ്. പിന്നീട് രൂപതയുടെ പി.ആർ.ഓ എന്ന നിലയിൽ നിരവധി വർഷങ്ങൾ സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ട് രൂപതയുടെ നിലപാടുകൾ പൊതുസമൂഹത്തിൽ അവതരിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചു.

ഇപ്പോൾ കർഷകരുടെ ഉന്നമനത്തിനായി കാർഷിക സംഘങ്ങൾക്കും അച്ചൻ നേതൃത്വം നൽകുന്നു. ഏവർക്കും പുഞ്ചിരി സമ്മാനിക്കുന്ന, സൗഹൃദം സൂക്ഷിക്കുന്ന, മറ്റുള്ളവരുടെ അഭിപ്രായങ്ങൾ വിലയിരുത്തി വേണ്ടിവന്നാൽ തിരുത്തലുകൾ നൽകുന്ന വ്യക്തിത്വത്തിനുടമയാണ് തോമസ് ജോസഫ് അച്ചൻ.

പൗരോഹിത്യ സ്വീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ അനുഗ്രഹവേളയിൽ ബഹുമാനപ്പെട്ട തോമസ് ജോസഫ് തേരകം അച്ചന് രൂപതാ കുടുംബത്തിന്റെ സ്നേഹോഷ്മളമായ സുവർണ്ണജൂബിലി ആശംസകൾ നേരുന്നു.



# ഉള്ളടക്കം


സർക്കുലർ ........ 17
രൂപതാ കച്ചേരി വാർത്തകൾ ........ 23
ജൂബിലിവർഷം 2025 ........ 27
മതബോധനരംഗം ........ 31
ചെറുപുഷ്പ മിഷൻലീഗ് ........ 38
തിരുബാലസഖ്യം ........ 41
Department of Youth Ministry ........ 42
കെ.സി.വൈ.എം ........ 45
കുടുംബപ്രേഷിതത്വം ........ 47
സീയോൻ വാർത്തകൾ ........ 61
സാമൂഹ്യ സേവനരംഗം (WSSS) ........ 62
ജീവസ് & കെ.എൽ.എം ........ 70
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 73
ബയോവിൻ അഗ്രോ റിസർച്ച് ........ 76
റേഡിയോ മാറ്റൊലി ........ 79
Mary Matha Arts & Science College ........ 82
ഫെഡാർ ഫൗണ്ടേഷൻ ........ 86
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 87
ബിഷപ്സ് പ്രോഗ്രാം ........ 95

# സർക്കുലർ

Prot. No. 1133/2024

## സീറോമലബാർ
## പ്രേഷിതവാരാചരണം 2025

### സീറോമലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

2025 ജനുവരി 6 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ സീറോ മലബാർ സഭയിൽ പ്രേഷിതവാരം ആചരിക്കുകയാണല്ലോ. നമ്മുടെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ പരിചയപ്പെടുന്ന തിനും പ്രേഷിതരെ നന്ദിയോടെ ഓർക്കുന്നതിനും പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള സാഹചര്യങ്ങൾ രൂപ പ്പെടുത്തുന്നതിനും പ്രേഷിതർക്കും പ്രേഷിത പ്രവർത്തനങ്ങൾ ക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനും വേണ്ടിയാണ് ഈ പ്രേഷിത വാരം വർഷങ്ങളായി നമ്മൾ ആചരിച്ചുവരുന്നത്.

മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതയും പ്രേഷിതനുമാണ്. ഈശോയാണ് ഈ പ്രേഷിതാത്മകതയുടെ ശ്രോതസ്സ്. ഈശോയുടെ മൗതികശരീരമായ തിരുസഭ, അവി ടുത്തെ ദൗത്യമാണ് തുടർന്നു കൊണ്ടിരിക്കുന്നത്. ഈശോ ശിഷ്യ ന്മാരോടു കൽപ്പിച്ച കാര്യങ്ങൾ - പോവുക, സുവിശേഷം പ്രസം ഗിക്കുക, ശിഷ്യപ്പെടുത്തുക, സ്നാനപ്പെടുത്തുക, പഠിപ്പിക്കുക, കൂദാശകളിലൂടെ വിശുദ്ധീകരിക്കുക, നയിക്കുക, നന്മചെയ്തു ചുറ്റിസഞ്ചരിക്കുക, പ്രാർത്ഥനയിൽ ദൈവൈക്യപ്പെടുക, ഐക്യ

ത്തിൽ സമൂഹമായിരിക്കുക - എന്നിവ ചെയ്യുമ്പോൾ നമ്മൾ പ്രേഷിത പ്രവർത്തനമാണു നടത്തുന്നത്.

വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾ കൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു'' (1:1). താൻ കണ്ടതും കേട്ടതും കൈ കൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെയാണു നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ നമ്മോടു പ്രഘോഷിച്ചതും നമുക്കു പകർന്നു തന്നതും. ആകയാൽ, പ്രേഷിത ചൈതന്യം സ്വന്തമാക്കാൻ നാം ആദ്യം ചെയ്യേണ്ടത് ഈശോയെ വ്യക്തി പരമായി കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുക എന്നു ള്ളതാണ്.

ദൈവാനുഭവമുള്ള വ്യക്തി തന്റെ സഹോദരങ്ങളിൽ ദൈവത്തെ നിശ്ചയമായും കണ്ടെത്തുന്നു. ദൈവസ്നേഹത്തി ന്റെയും സഹോദര സ്നേഹത്തിന്റെയും ഇഴയടുപ്പം യോഹ ന്നാൻ ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു: ''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല'' (1 യോഹ. 4:20). ദൈവവചന ത്തിലൂടെയും പ്രാർത്ഥനയിലൂടെയും കൂദാശകളിലൂടെയും ദൈവവുമായുള്ള ഐക്യം പ്രാപിക്കുന്നതിന്റെ പ്രകാശനവും പ്രതിഫലനവുമായിരിക്കണം നമ്മുടെ ശുശ്രൂഷാ മേഖലകൾ. ഈശോയുടെ മുഖം അപരനിൽ കണ്ടുമുട്ടുന്ന സാഹചര്യങ്ങളും സാദ്ധ്യതകളുമാണ് നമ്മുടെ സ്ഥാപനങ്ങൾ. സീറോമലബാർ സഭയിൽ നമുക്കു ധാരാളം സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപന ങ്ങളെല്ലാം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കേന്ദ്രങ്ങളായി മാറുമ്പോഴാണ് അവ മറ്റുള്ളവർക്കു സുവിശേഷ മായി മാറുന്നത്. ഈ മേഖലയിൽ ഫലപ്രദമായ സാക്ഷ്യം നല്കാൻ നമുക്ക് സാധിക്കുന്നുണ്ടോയെന്നത് ആത്മപരിശോ ധനയുടെ വിഷയമാകണം.

പ്രേഷിത പ്രവർത്തനം ആരുടെ ഉത്തരവാദിത്വമാണ് എന്നത് ഗൗരവകരമായ വിശകലനം ആവശ്യമുള്ള ചോദ്യമാണ്. ശുശ്രൂഷാ പൗരോഹിത്യം പ്രത്യേകമായി സ്വീകരിച്ചിരിക്കുന്ന മെത്രാന്മാരും വൈദികരും ഡീക്കന്മാരും, മാമ്മോദീസായിലൂടെ പൊതു പൗരോഹിത്യം സ്വീകരിച്ചിരിക്കുന്ന സമർപ്പിതരും അല്മായരും ഒന്നിച്ച് പ്രേഷിത പ്രവർത്തനങ്ങളിൽ വ്യാപൃതരാകണമെന്ന താണു തിരുസഭ ആഗ്രഹിക്കുന്നത്. പ്രേഷിതവേല വൈദികർക്കും സമർപ്പിതർക്കും വേണ്ടി മാത്രമുള്ളതല്ല, മാമ്മോദീസ സ്വീകരിച്ച എല്ലാവരും സ്വീകരിക്കേണ്ട ജീവിത ദൗത്യമാണ്.

വൈദികരും സമർപ്പിതരും പ്രേഷിതവേലക്കായി സമയം പൂർണമായും മാറ്റിവക്കുമ്പോൾ അല്മായർക്ക് എപ്രകാരമാണ് ഈ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകാൻ സാധിക്കുന്നത് എന്ന് 2024 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി വിചിന്തനം ചെയ്യുകയു ണ്ടായി. പ്രേഷിതർക്കും പ്രേഷിത പ്രവർത്തനങ്ങൾക്കും വേണ്ടി നിരന്തരം പ്രാർത്ഥിക്കാനും പ്രായശ്ചിത്ത പ്രവൃത്തികൾ കാഴ്ച വയ്ക്കാനും അല്മായർക്കും സാധിക്കുമെന്നതു വലിയ പ്രേഷിത പ്രവർത്തനമായി അസംബ്ലി എടുത്തുപറയുകയുണ്ടായി. നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങൾ നിസ്വാർത്ഥമായ പ്രേഷിത ഇടപെ ടലുകൾ ആവശ്യപ്പെടുന്നുണ്ട്. ഇവയ്ക്കായി സമയവും സമ്പത്തും മാറ്റിവയ്ക്കാൻ തങ്ങളുടെ ജീവിതാവസ്ഥയിൽ നിന്നുകൊണ്ട് അല്മായർക്കും സാധിക്കുന്നതാണ്.

നമ്മുടെ സഭ പ്രവാസികളുടെ സഭയായി മാറിക്കൊണ്ടി രിക്കുന്ന സാഹചര്യത്തിൽ വിവിധ ജോലികൾക്കായി സ്വന്തം ജന്മദേശം വിട്ട് സ്വദേശത്തെ മറ്റു സ്ഥലങ്ങളിലും വിദേശങ്ങളിലും പോകുന്നവർ ഒരു പ്രേഷിതസമൂഹമായി പരിണമിക്കേണ്ടിയി രിക്കുന്നു. പ്രവാസലോകത്തുള്ള നമ്മുടെ സഭാംഗങ്ങളുടെ വിശ്വാസജീവിതം തന്നെ വലിയ ഒരു പ്രേഷിതസാക്ഷ്യമാണ്. ക്രൈസ്തവമൂല്യങ്ങൾ മുറുകെപിടിക്കുന്ന കുടുംബജീവിതവും തങ്ങൾ ആയിരിക്കുന്ന സ്ഥലത്തുള്ള ഇടവകാജീവിതവും പ്രവാ

സികളുടെ പ്രേഷിതസാക്ഷ്യത്തിന്റെ അടിസ്ഥാനപരമായ ആദ്യ പടിയാണ്. തങ്ങളായിരിക്കുന്നയിടങ്ങളിൽ സുവിശേഷത്തിന്റെ പ്രേഷിതരാകാൻ എല്ലാ പ്രവാസിമക്കളോടും ഈ സന്ദർഭത്തിൽ ഞാൻ ആഹ്വാനം ചെയ്യുന്നു.

സീറോമലബാർ സഭയുടെ എല്ലാ മിഷൻരൂപതകളും പ്രത്യേകമായ വിധത്തിൽ നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തന മേഖലകളാണ്. ഇവിടങ്ങളിലെല്ലാം വിദ്യാഭ്യാസം, ആതുരസേവനം, സമൂഹ്യസേവനം എന്നീ മേഖലകളിൽ വലിയ സേവനസാധ്യതകളാണ് നിലനില്ക്കുന്നത്. ഈ പ്രദേശങ്ങളിലേക്ക് അധ്യാപകരായും നേഴ്സുമാരായും ഡോക്ടർമാരായും മറ്റ് ആരോഗ്യ പ്രവർത്തകരായും സാമൂഹ്യപ്രവർത്തകരായും കടന്നുചെല്ലാൻ അല്മായർക്കും സാധിക്കും. ഈ സാധ്യത സീറോമലബാർ സഭയിലെ അല്മായരും മിഷൻ രൂപതകളും വേണ്ടവിധം പ്രയോജനപ്പെടുത്തണം. മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുന്നതും അവിടുത്തെ സാഹചര്യങ്ങൾ നേരിൽക്കണ്ടു മനസിലാക്കുന്നതും മിഷനെ സ്നേഹിക്കാനും സഹായിക്കാനുമുള്ള പ്രചോദനം നല്കുമെന്നുറപ്പാണ്.

പ്രേഷിത പ്രവർത്തനങ്ങളുടെ അടിസ്ഥാനം ഈശോയുടെ സുവിശേഷമാണ്. അതിനാൽ സുവിശേഷം പ്രസംഗിക്കുക എന്ന അടിസ്ഥാനപരമായ ദൗത്യം നിർവ്വഹിക്കാതെ പ്രേഷിത പ്രവർത്തനം പൂർണമാകുകയില്ല. എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാനുള്ള ഈശോയുടെ കല്പന സമകാലിക സമൂഹത്തിൽ നിർവഹിക്കാനുള്ള നൂതനമായ മാർഗ്ഗമാണ് മാധ്യമങ്ങളും നവസാമൂഹ്യ മാധ്യമങ്ങളും. സോഷ്യൽ മീഡിയയിൽ വളരെയേറെ സമയം ചിലവഴിക്കുന്നവർക്ക്, അവയുടെ ഉപയോഗത്തിൽ കൂടുതൽ വൈദഗ്ധ്യം ഉള്ളവർക്കു കൂടുതൽ ഫലപ്രദമായി സുവിശേഷം പങ്കുവയ്ക്കാൻ സാധിക്കും. ഈ മേഖലയിൽ പ്രാവീണ്യമുള്ള എല്ലാവരോടും പ്രത്യേകിച്ചു പ്രിയപ്പെട്ട യുവജനങ്ങളോടും സാമൂഹ്യ മാധ്യമങ്ങളിൽ ഈശോയുടെ പ്രേഷിതരാകാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. മാധ്യമങ്ങളിലൂടെയും നവ സാമൂഹ്യ മാധ്യമങ്ങളിലൂടെയും സുവി

ശേഷം വിവിധ രീതികളിൽ പ്രഘോഷിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം വർഷം പ്രത്യേക ജൂബിലിയായി ആഘോഷിക്കുക യാണല്ലോ. ഈ അവസരത്തിൽ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ നമുക്കും പ്രത്യാശയുടെ തീർത്ഥാട കരായ പ്രേഷിതരാകാം. ഫ്രാൻസിസ് മാർപാപ്പ ഈ വർഷത്തെ തന്റെ ആഗോള പ്രേഷിതദിന സന്ദേശത്തിൽ എഴുതിയത് നമ്മുടെ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. കർത്താവു സ്വർഗത്തിൽ നമുക്കായി തയ്യാറാക്കിയിരിക്കുന്ന വിരുന്നിലേക്കു നമ്മുടെ സഹോദരി സഹോദരന്മാരെ ക്ഷണിക്കുന്ന പ്രേഷിത രാകാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. തന്റെ വിരുന്നിന് ആദ്യം ക്ഷണിക്കപ്പെട്ടവർ വരാതിരുന്നപ്പോൾ തെരുവിൽ കാണുന്ന എല്ലാവരെയും ക്ഷണിക്കാൻ ആളെഅയച്ചവനാണ് നമ്മുടെ ദൈവം. അർഹതയുണ്ട് എന്നു സ്വയം കരുതുന്നവർ തങ്ങൾക്കു നല്കപ്പെട്ട ക്ഷണം നിഷേധിക്കുമ്പോൾ, അർഹതയില്ല എന്നു കരുതിയിരുന്നവർ ക്ഷണിക്കപ്പെടുകയാണ്. പ്രത്യാശയുടെ സുവിശേഷമായ ദൈവികവിരുന്നിലേക്കുള്ള ക്ഷണക്കത്ത് നമു ക്കു ചുറ്റുമുള്ള പ്രത്യാശ നഷ്ടപ്പെട്ടവരിലേക്ക് എത്തിച്ചു നല്കാൻ ഈ പ്രേഷിത വാരാചരണത്തിലൂടെസാധിക്കട്ടെ. സീറോമല ബാർ സഭ പ്രേഷിതവാരം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഭാരതത്തിലും വിദേശങ്ങളിലും പ്രേഷിതരംഗത്തു ശുശ്രൂഷ ചെയ്യുന്ന എല്ലാ സഭാമക്കളെയും നന്ദിയോടെ ഓർക്കുകയും അവർക്കു ദൈവിക സംരക്ഷണമുണ്ടാകാൻ പ്രാർഥിക്കുകയും ചെയ്യാം. പ്രേഷിത മേഖലകളിൽ തീക്ഷണതയോടെ വ്യാപരി ക്കുന്ന രൂപതകളെയും വൈദികരെയും സമർപ്പിതരെയും പ്രത്യേകിച്ച് അല്മായനേതൃത്വത്തിൽ പ്രേഷിതപ്രവർത്തനം നടത്തുന്ന വിവിധ ഗ്രൂപ്പുകളെയും പ്രത്യേകമായി നമുക്ക് അനുസ്മരിക്കാം. ഈ വർഷത്തെ പ്രേഷിതവാരാചരണം ഫല പ്രദമായി നടത്താൻ നമ്മുടെ സഭയിലെ എല്ലാ രൂപതകളും സംഘടനകളും സംവിധാനങ്ങളും പ്രത്യേകമായി താത്പര്യ

മെടുക്കണമെന്നു ഞാനാഗ്രഹിക്കുന്നു. യുവജനങ്ങളും സൺഡേ സ്കൂൾ കുട്ടികളുമുൾപ്പെടെ എല്ലാവരിലേക്കും മിഷൻ ചൈതന്യം പകർന്നുനല്കാൻ പര്യാപ്തമായ ആഘോഷ പരിപാടികൾ എല്ലാ ഇടവകകളിലും സംഘടിപ്പിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷ വത്ക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോടു മുൻവർഷങ്ങളിലെന്നതുപോലെ ഉദാരമായി സഹകരിക്കണമെന്നും എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും പുതുവർഷത്തിൽ സന്തോഷവും സമാധാനവും സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2024 നവംബർ 25-ാം തിയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

1. ഈ സർക്കുലർ 2024 ഡിസംബർ 29-ാം തിയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2025 ഫെബ്രുവരി 20നു മുമ്പായി എത്തിക്കേതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോസഫ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും അനുസ്മരിക്കാം.

**കൂരിയ അവധി**

2024 ഡിസംബർ 24 മുതൽ 2025 ജനുവരി 4 വരെ രൂപതാകച്ചേരി അവധിയായിരിക്കും

**സീറോമലബാർ സഭ പ്രേഷിത വാരാചരണം: ജനുവരി 6-12**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലോ സീറോമലബാർ പ്രേഷിത വാരാചരണം. 2025 ജനുവരി 6 മുതൽ 13 വരെയാണ് സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് പ്രേഷിതവാരത്തെക്കുറിച്ച് നൽകിയിട്ടുള്ള സർക്കുലർ ഡിസംബർ 29 ന് ഞായറാഴ്ച്ച വായിക്കുകയും അന്നേ ദിവസം പ്രത്യേക സ്തോത്രകാഴ്ച സ്വീകരിച്ച് ജനുവരി 30 നകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**യുവ വൈദികരുടെ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ്**

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കു വേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2025 ഫെബ്രുവരി 13 മുതൽ 15 വരെ ക്രമീകരിച്ചിരിക്കുന്നു. ഫെബ്രുവരി 13 ന്

വൈകിട്ട് 6 മണിക്ക് ആരംഭിച്ച് 15 നു ഉച്ചയ്ക്ക് അവസാനിക്കുന്നതായിരിക്കും. കോഴ്സ് നയിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാംഗവും ധ്യാന ഗുരുവുമായ ബഹു. ജിസൻപോൾ വേങ്ങാശ്ശേരി അച്ചനാണ്. നിരവധി യുവജന ധ്യാനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന യുവ വൈദികനാണ് അച്ചൻ.

2013 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ചവർ ഉൾപ്പടെ എല്ലാ വൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴികഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

**Ongoing Formation of Priests - 2025 Feb. 13-15**

1. Ambalathara Francis (Santo)
2. Elamkunnapuzha Joseph (Sijo)
3. Alumkal Joseph (Anish)
4. Madapallikunnel Antony (Sibi)
5. Kaliyaniyil Kuriakose (Anoop)
6. Parackal Varghese (Noble)
7. Pulikuzhiyil Abraham (Shinto)
8. Peechattu Joseph (Jithin)
9. Thevarkunnel Don Bosco (Bivaldin)
10. Kollamkunnel Varghese (Anoop)
11. ThekkilakkattilMathew (Jomesh)
12. Chittarackal Varghese (Sanoj)
13. Vettickal John (Prakash)
14. Palakkattu Antony (Nidhin)
15. Vattukulathil Mathew(Jibin)
16. Vadassery Thomas (Saneesh)
17. Thattuparambil Varghese(Jinto)
18. Elemkunnel Joseph (Tony)

19. Oravaranthara Vincent (Santhosh)
20. Chavaranal Thomas (Nikhil)
21. Kanipallil Varghese (Georgekutty)
22. Thenpallil Sebastian (Nishvin)
23. Alackathadathil James (Nidhin)
24. Thekkethil Abraham (Prince)
25. Kalapurackal Abraham (Vinoy)
26. Edachilath Joseph (Jithin)
27. Madathiparambil Devasia (Arun)
28. Mulakodiyangal Sebastian (Jofin)
29. Muttappallil Joseph (Giphin)
30. Uppuveettil John (Akhil)
31. Poikayil Joseph (Jerin)
32. Arumayil George (Rijose)
33. Karamayil Issac(Shanto)
34. Kumbalakuzhy Mathew (Robins)
35. Pulikunnel Devassia(Clinto)
36. Thekkilakattil Jose (Ajay)
37. Thondiparambil Peter (Kiran)
38. Valayathil Joseph (Albin)
39. Nakkuzhikattu Mathew (Jomin)
40. Kocheril Mathew (Anoop)
41. Pannackal Mathew (Amal)
42. Pallattukunnel Augustine(Jijo)
43. Purakkal George (Aneesh)
44. Njallampuzha Thomas
45. Kandathinkara Emmanuel (Abhishek)
46. Nellimalayil Emmanuel (Rinson)
47. Thuruthiyil Louis
48. Kochumalayil Varghese(Annet)
49. Mulangattil Thomas (Amal)
50. Manthrickal Thomas(Amal)
51. Vattakkunnel Jude

**പ്രാർത്ഥനാശംസകൾ**

മാനന്തവാടി സി.എം.സി. സന്യാസിനീ സമൂഹത്തിന്റെ തിരുഹൃദയ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബഹു. സി. ജാന്റി മരിയ CMC ക്കും ടീം അംഗങ്ങൾക്കും, മാനന്തവാടി എഫ്.സി.സി. സന്യാസിനീ സമൂഹത്തിന്റെ സെന്റ് മേരീസ് പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബഹു. സി. അനിലിറ്റ് FCC ക്കും ടീം അംഗങ്ങൾക്കും, മാനന്തവാടി എസ്.എ.ബി.എസ്. സന്യാസിനീ സമൂഹത്തിന്റെ മേരിമാതാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബഹു. സി. പൗളിൻ SABS നും ടീം അംഗങ്ങൾക്കും, മാനന്തവാടി എസ്. എച്ച്. സന്യാസിനീ സമൂഹത്തിന്റെ നിർമ്മല പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബഹു. സി. മേഴ്സി മാനുവൽ SH നും ടീം അംഗങ്ങൾക്കും മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും ഹൃദയപൂർവ്വം നേരുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

## ജൂബിലിവർഷം 2025
## കുടുംബ നവീകരണ വർഷം 2025
### മാനന്തവാടി രൂപത

പ്രിയ ബഹു. വികാരിയച്ചന്മാരേ,

എല്ലാ ഇടവകകളിലും ജൂബിലി വർഷാചരണത്തിനും കുടുംബ നവീകരണ വർഷാചരണത്തിനും ആവശ്യമായ ഒരുക്കങ്ങൾ നടക്കുന്നുണ്ടെന്ന് കരുതട്ടെ. 2024 ഡിസംബർ മാസത്തിൽ തന്നെ ഒരോ ഇടവകയിലും ഇതിനുള്ള കമ്മിറ്റി രൂപീകരിച്ച് ഒരു പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി 2025 ജനുവരി മാസത്തിലെ ആദ്യ ആഴ്ചയിൽത്തന്നെ അഭിവന്ദ്യ അലക്സ് താരാംഗലം പിതാവിനെ രേഖാമൂലം അറിയിക്കുമല്ലോ. അതിനു സഹായിക്കുന്ന ചില പൊതുനിർദ്ദേശങ്ങളും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ചെയ്യേണ്ട കാര്യങ്ങളുമാണ് താഴെ ചേർത്തിരിക്കുന്നത്.

**ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ**

1. ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള ബാനർ ദേവാലയങ്ങളിൽ സ്ഥാപിക്കുകയും 2024 ഡിസംബർ 29 ന് ഞായറാഴ്ച വി. കുർബാനയ്ക്ക് മുൻപ് ജൂബിലി തിരി തെളിക്കുകയും ചെയ്യുക.
2. ജൂബിലി തിരി, ജൂബിലി അവസാനിക്കുന്നതുവരെ എല്ലാ ദിവസവും വി. കുർബാന സമയത്ത് തെളിക്കുക.
3. എല്ലാ ദിവസവും വി. കുർബാനയ്ക്ക് ശേഷം ഇടവക ദേവാലയങ്ങളിലും സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം കുടുംബങ്ങളിലും സന്യാസ ഭവനങ്ങളിലും ജൂബിലി പ്രാർത്ഥന ചൊല്ലുന്നു.
4. കുടുംബകൂട്ടായ്മകൾ ക്രമമായി എല്ലാ ഇടവകകളിലും നടത്തുവാൻ ശ്രദ്ധിക്കുക.
5. ഇടവകയിലെ എല്ലാ കുടുംബങ്ങളിലും വി. ഗ്രന്ഥം ഉണ്ടെന്ന് ഉറപ്പുവരുത്തുക. വിവിധ സംഘടനാ പ്രവർത്തകരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താം.
6. ബൈബിളിൽ നിന്ന് എല്ലാ ദിവസവും ഒരു അധ്യായമെങ്കിലും കുടുംബാഗങ്ങൾ ഒരുമിച്ചിരുന്ന് വായിക്കുക.

7. ഇടവകാംഗങ്ങൾ എല്ലാവരും ജൂബിലി വർഷത്തിൽ വി. ഗ്രന്ഥം ഒരു പ്രാവശ്യമെങ്കിലും വായിക്കുവാൻ പ്രോൽസാഹിപ്പിക്കുക.
8. സഭാപ്രബോധനങ്ങൾ വായിക്കുക പഠിക്കുക. (രണ്ടാം വത്തിക്കാൻ പ്രമാണരേഖകൾ, മതബോധന ഗ്രന്ഥം (CCC), യുവജന മതബോധന ഗ്രന്ഥം (YouCat), ചാക്രിക ലേഖനങ്ങൾ അപ്പസ്തോലിക പ്രബോധനങ്ങൾ, പ്രത്യേകിച്ച് ''കുടുംബം ഒരു കൂട്ടായ്മ'' (Familiaris Consortio), തുടങ്ങിയവ. ഇക്കാര്യത്തിൽ വിവിധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക.
9. നമ്മുടെ രൂപത ഏറ്റെടുത്തിരിക്കുന്ന പഞ്ചാബ് മിഷന്, ഇടവക പൊതുവായും സംഘടനകൾ പ്രത്യേകമായും സാധിക്കുന്ന സാമ്പത്തിക സഹായം നൽകുക
10. അടുത്തനാളുകളിൽ ഹോം മിഷൻ നടത്താത്ത ഇടവകളിൽ നടത്തുക, കുടുംബ നവീകരണ ധ്യാനങ്ങൾ നടത്തുക.
11. അറുപത് വയസ്സ് കഴിഞ്ഞവർക്ക് ഇടവക തലത്തിൽ പ്രത്യേക കൂട്ടായ്മകൾ ക്രമീകരിക്കുക.
12. എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ കാർലോസ് വൈബ് പോലുള്ള പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
13. എല്ലാ ഇടവകകളിലും കുട്ടികൾക്കുവേണ്ടി മിഷൻ ലീഗിന്റെ നേതൃത്വത്തിൽ പ്രത്യാശാരാവ് തുടങ്ങിയ നടത്തുക.
14. ഫൊറോനാ കേന്ദ്രങ്ങളിലോ അല്ലെങ്കിൽ ഫൊറോനായിലെ സൗകര്യപ്രദമായ ഒരു സ്ഥലത്തോ മന:ശാസ്ത്രപരമായ കൗൺസലിംഗിനും സ്പിരിച്ചൽ ഷെയറിംഗിനും കുമ്പസാരത്തിനും സൗകര്യം ഒരുക്കുക. കൂടാതെ ഇടവകകളിലും കുമ്പസാരത്തിന് പരമാവധി അവസരം നൽകുക.
15. വിവാഹം കഴിഞ്ഞ് വിവിധ വർഷങ്ങൾ ആയ ദമ്പതികൾക്ക് വർഷങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ച് ഇടവക തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.

**ജനുവരി മാസത്തിൽ ചെയ്യേണ്ട കാര്യങ്ങൾ**

1. ജനുവരി മാസത്തിലെ കുടുംബ കൂട്ടായ്മകളിൽ ജൂബിലി ആചരണം ദണ്ഡവിമോചനം ഇവയെക്കുറിച്ച് പ്രബോധനം

നൽകുക. (അതിനുള്ള മാറ്റർ വികാരിയച്ചന്മാർക്ക് വാട്സാപ്പിലൂടെ നൽകുന്നതായിരിക്കും)

2. വേദപാഠ ക്ലാസ്സുകളിൽ ജൂബിലി ആചരണത്തെക്കുറിച്ചും ദണ്ഡവിമോചനത്തെക്കുറിച്ചും വേദപാഠം പഠിക്കുന്ന കുട്ടികൾക്ക് അറിവ് നൽകുക.

3. ജനുവരി മാസത്തിലെ ഒരു ദിവസം ഇടവകകളിൽ എല്ലാവർക്കും കുമ്പസാരിക്കാൻ അവസരം നൽകുകയും വി. ബലിയിൽ പങ്കെടുത്ത് വി. കുർബാന സ്വീകരിക്കുകയും അന്നേ ദിവസം മാർപാപ്പയുടെ നിയോഗത്തിനായി 1 സ്വർഗ്ഗസ്ഥനായ പിതാവേ, 1 നന്മനിറഞ്ഞ മറിയമേ, 1 ത്രിത്വസ്തുതി ചൊല്ലി കാഴ്ച്ചവയ്ക്കുകയും ചെയ്യുക. മരണം മൂലം വേർപെട്ടു പോയ പ്രിയപ്പെട്ടവർക്കുവേണ്ടി ദണ്ഡവിമോചനം നേടണമെന്ന നിയോഗത്തോടെ സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുക.

4. വിവിധ ഭക്തസംഘടനാ പ്രവർത്തകർ ദണ്ഡവിമോചനം നേടണമെന്ന നിയോഗത്തോടെ വത്തിക്കാനിൽ നിന്നും നൽകിയ താഴെ പറയുന്ന എതെങ്കിലും ഒരു കാര്യം ചെയ്യുക. (റോമിലെ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിന് സാധിക്കാത്തവർ തങ്ങളുടെ രൂപതയിലെ കത്തീഡ്രൽ ദേവാലയമോ പ്രത്യേക തീർത്ഥാടന കേന്ദ്രങ്ങളോ സന്ദർശിച്ച് വി. കുർബാനയിൽ പങ്കെടുത്ത് വി. കുർബാന സ്വീകരിക്കുക, വി. കുർബാനയുടെ ആരാധനയിൽ പങ്കെടുക്കുക, കാൽനടയായി തീർത്ഥാടനകേന്ദ്രത്തിലേയ്ക്ക് പ്രാർത്ഥനാ പൂർവ്വം പോവുക, കുരിശിന്റെ വഴി പ്രാർത്ഥനയിൽ പങ്കുചേരുക, ജപമാല ചൊല്ലി പ്രാർത്ഥിക്കുക, അവശത അനുഭവിക്കുന്നവരെ സാമ്പത്തികമായി സഹായിക്കുക, രോഗികളെയും വൃദ്ധരെയും ശുശ്രൂഷിക്കുക, ധ്യാനത്തിൽ പങ്കെടുക്കുക, സഭാപഠനങ്ങൾ നടത്തുന്ന സെമിനാറിൽ സംബന്ധിക്കുക. ദണ്ഡവിമോചനത്തിനുവേണ്ട പൊതുവായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഇവയിൽ എതെങ്കിലും ഒന്ന് നിർവ്വഹിച്ചാൽ ഒരു ദിവസം പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാം. [പൊതുവായ വ്യവസ്ഥകൾ: 1) മാമ്മോദീസ സ്വീകരിച്ച വ്യക്തിയായിരിക്കണം, 2) തനിക്കുവേണ്ടി തന്നെയോ മരിച്ചവർക്കുവേണ്ടിയോ ദണ്ഡവിമോചനം നേടണമെന്ന

നിയോഗം, 3) പ്രസാദവരാവസ്ഥയിലായിരിക്കണം, 4) മാർപാപ്പായുടെ നിയോഗത്തിനായി 1 സ്വർഗ്ഗസ്ഥനായ പിതാവേ, 1 നന്മനിറഞ്ഞ മറിയമേ, 1 ത്രിത്വസ്തുതി ചൊല്ലി പ്രാർത്ഥിക്കണം 5) കുമ്പസാരിച്ച് വി, കുർബാന സ്വീകരിക്കണം.]

5. ഇടവകാംഗങ്ങളെല്ലാരും തങ്ങൾക്കുവേണ്ടി തന്നെ ദണ്ഡവിമോചനം നേടാൻ ഈ വിശുദ്ധ വത്സരം നൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തണം.

**ഫെബ്രുവരി മാസത്തിൽ ചെയ്യേണ്ടവ**

1. ക്രിസ്തുവിന്റെ അനന്യതയെക്കുറിച്ച് കുടുംബകൂട്ടായ്മകളിൽ പ്രബോധനം നൽകുക (അതിനുള്ള മാറ്റർ വികാരിയച്ചന്മാർക്ക് വാട്സാപ്പിലൂടെ നൽകുന്നതായിരിക്കും)
2. എല്ലാ കുടുംബങ്ങളിലും ഫെബ്രുവരി മാസത്തിലെ ആദ്യ വെള്ളിയാഴ്ച്ച തിരുഹൃദയ പ്രതിഷ്ഠനടത്തുക. പിന്നീട് വരുന്ന എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും ഇത് തുടരുന്നത് കുടുംബത്തിന് അനുഗ്രഹപ്രദമാണ്.
3. പരി. പിതാവ് ഫ്രാൻസീസ് മാർപാപ്പയുടെ ''അവൻ നമ്മെ സ്നേഹിച്ചു'' (Dilexit nos) എന്ന ചാക്രിക ലേഖനത്തെക്കുറിച്ച് പഠിക്കുക
4. ക്രിസ്തുമതവും മറ്റ് മതങ്ങളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക.
5. വേദപാഠ ക്ലാസ്സുകളിലും സംഘടനാ പ്രവർത്തന വേദികളിലും ക്രിസ്തുവിനുവേണ്ടി മരണം വരിച്ച എതാനും വിശുദ്ധരെയും രക്തസാക്ഷികളെയും പരിചയപ്പെടുത്തുക.

**മാർ അലക്സ് താരാമംഗലം**
(ചെയർമാൻ, കുടുംബ നവീകരണ വർഷ കമ്മിറ്റി)
&
**ഫാ. ജോസഫ് പരുവുമ്മേൽ & ഫാ. ബിനു വടക്കേൽ**
(ജനറൽ കൺവീനർമാർ, കുടുംബ നവീകരണ വർഷ കമ്മിറ്റി)

## മതബോധനരംഗം

പ്രിയപ്പെട്ടവരെ,

ഈ വർഷം ഈശോയുടെ ജൂബിലി വർഷമായി മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. പ്രത്യാശയുടെ തീർത്ഥാടകരായി ഏകരക്ഷകനായ ക്രിസ്തുവിനെ കൂടുതൽ അടുത്തറിയുവാനും, അവിടുത്തെ വചനത്തിന്റെ സന്ദേശം ഉൾക്കൊണ്ട് ജീവിതനവീകരണം വരുത്തുവാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ രൂപത കുടുംബ നവീകരണ വർഷമായികൂടി ആചരിക്കുന്ന ഈ വർഷം ദൈവാനുഗ്രഹ പ്രദമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

### HM Conference

2024 –25 വർഷത്തിലെ രണ്ടാമത്തെ HM Conference 2024 ഡിസംബർ 14-ാം തിയ്യതി രാവിലെ 10.15 മണി മുതൽ ദ്വാരകയിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഏവർക്കും സ്വാഗതം ആശംസിച്ചു. 153 പ്രധാനാദ്ധ്യാപകർ യോഗത്തിൽ പങ്കെടുത്തു. ബിഷപ് മാർ അലക്സ് താരാമംഗലം അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. ജോസ് മാത്യു പുഞ്ചയിൽ ഈ വർഷം പുതുതായി ചാർജ്ജ് എടുത്ത 26 പ്രധാനാദ്ധ്യാപകർക്ക് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. ഈ വർഷം രൂപതാ പ്രതിഭകളായവരെയും (പ്ലസ്ടു), സീറോമലബാർ കാറ്റക്കറ്റിക്കൽ കമ്മീഷൻ ജൂൺ മാസത്തിൽ നടത്തിയ ഓൺലൈൻ Teachers Enrichment Course ൽ വിജയികളായ സി.റ്റെസി സി.എം.സി നടവയൽ, സി. ലിയാ ടോം എസ്.എ.ബി.എസ് എടപ്പെട്ടി, ശ്രീ. പയസ് അരുമയിൽ ചോക്കാട്, സി.ജിസ്സ മാത്യു ഡി.എസ്.ടി മുതിരേരി എന്നിവരെയും ആദരിച്ചു. ചർച്ചകൾക്ക് രൂപതാ ടീം സെക്രട്ടറി ശ്രീ. ബെന്നി വട്ടക്കാമുളയിൽ നേതൃത്വം നല്കി. ടീമംഗം ശ്രീ. ഔസേപ്പ് ഇണ്ടിക്കുഴ യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദിയർപ്പിച്ചു. രൂപതാഗാനത്തിനു ശേഷം ഉച്ചഭക്ഷണത്തോടെ കോൺഫറൻസ് അവസാനിച്ചു.

**ആശംസകൾ**

മാനന്തവാടി രൂപതക്കുവേണ്ടി ഈ വർഷം വൈദിക പട്ടം സ്വീകരിച്ച ക്രിസ്റ്റി പൂതക്കുഴി ബോബി പാലക്കുഴ എന്നീ നവ വൈദികർക്ക് രൂപതാമതബോധന കുടുംബത്തിന്റെ ആശംസകൾ.

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 2 ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 2-ന് ഞായറാഴ്ച രാവിലെ 11 മണിമുതൽ 1.00 മണിവരെ നടത്തുന്നതാണ്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന - ബത്തേരി, അമ്പലവയൽ, മീനങ്ങാടി, തോമാട്ടുചാൽ
2. ചുങ്കക്കുന്ന് ഫൊറോന - ചുങ്കക്കുന്ന്, കൊട്ടിയൂർ
3. ദ്വാരക ഫൊറോന - ദ്വാരക
4. കല്ലോടി ഫൊറോന - കല്ലോടി, മക്കിയാട്
5. കൽപ്പറ്റ ഫൊറോന - കൽപ്പറ്റ, വാഴവറ്റ
6. മാനന്തവാടി ഫൊറോന- കത്തീഡ്രൽ, പോരൂർ
7. മണിമൂളി ഫൊറോന - മണിമൂളി, പാതിരിപ്പാടം
8. മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന - നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ
10. നിലമ്പൂർ ഫൊറോന - നിലമ്പൂർ, ഇടിവണ്ണ, പൂക്കോട്ടുംപാടം
11. നീലഗിരി റീജിയൺ - അരുൾനിലയം, കയ്യൂന്നി, ഊട്ടി, കുന്നലാടി
12. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി, മേരിമാതാ കോളേജ്
13. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ ഉത്തരവാദിത്വം മേഖല ഡയക്ടർക്കും ടീമംഗങ്ങൾക്കുമാണ്.
2. പരീക്ഷാകേന്ദ്രത്തിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്റെയും, പരീക്ഷാകേന്ദ്രങ്ങളിലെ പ്രധാനാദ്ധ്യാപകരുടെയും നേതൃത്വത്തിൽ നടത്തേതാണ്.

3. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.
4. ഫൊറോനയിലെ പരീക്ഷാസെന്ററുകളുടെ എണ്ണമനുസരിച്ച് എല്ലാ സെന്ററിലേക്കും പരീക്ഷ, നടത്തിപ്പിന്റെ ചുമതല ക്കാരെ മേഖലാ ഡയറക്ടർ മുൻകൂട്ടി നിശ്ചയിച്ച് നൽകണം.
5. മേഖലാഡയറക്ടർ/സെക്രട്ടറി. എല്ലാ സെന്ററുകളും സജ്ജ മാണെന്ന് ഉറപ്പാക്കി പരീക്ഷാ സാമഗ്രികൾ സെന്ററിൽ എത്തിക്കണം.
6. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരി ക്കണം. ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേ ണ്ടതില്ല.
7. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യ പേപ്പറുകൾ നൽകുക. 15 മിനിറ്റ് സമയം കൂൾഓഫ് ടൈം ആണ്. 1.00 മണിവരെയാണ് പരീക്ഷാ സമയം.
8. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞു വരുന്നവരെ പരീക്ഷ എഴു തുവാൻ അനുവദിക്കേണ്ടതില്ല.
9. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകു ന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യു ന്നതല്ല.
10. പരീക്ഷ കഴിഞ്ഞ് മേഖലാഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പ റിന്റെ ക്രമപ്രകാരം അടുക്കി പാക്കറ്റ് സീൽ ചെയ്ത് അന്നു തന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കണം. പിറ്റേന്നാണ് എത്തിക്കുന്നതെങ്കിൽ ഉത്തരപേപ്പറുകൾ മേഖല ഡയറക്ടറുടെ പക്കലാണ് സൂക്ഷിക്കേണ്ടത്.
11. ആബ്സന്റ് നമ്പറുകളും, പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ടും സെന്റർ ഇൻവിജിലേറ്റർ തയ്യാറാക്കി പ്രത്യേകം കവറിലിട്ട് പേപ്പറുകൾക്കൊപ്പം രൂപതയിൽ ഏൽപ്പിക്കണം.

12. തിരുനാളാഘോഷം ഒഴികെ ഏതെങ്കിലും കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്ത കുട്ടികളുണ്ടെങ്കിൽ അവരുടെ വിവരം അന്നുതന്നെ ആ ഇടവകയിലെ പ്രധാനാദ്ധ്യാപകർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**Course Certificate Students**

യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി സീലോടുകൂടിയ ആൻസർ ബുക്ക് നൽകരുത്. അവരുടെ ആൻസർ പേപ്പർ രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ് ടീച്ചർതന്നെ മൂല്യനിർണയം നടത്തി, course certificate students എന്ന് പ്രത്യേകം രേഖപ്പെടുത്തി അവരുടെ പേര്, വീട്ടുപേര്, ഇടവക, മാർക്ക് എന്നിവ രൂപതാ കേന്ദ്രത്തിൽ നല്കുക.

## Say Exam

12-ാം ക്ലാസിലെ കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകൾക്ക് തോറ്റ കുട്ടികൾക്ക് രൂപതയിൽ നിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല.

11-ാം ക്ലാസ്സിലെ കുട്ടികൾക്ക് ഏപ്രിൽ ആദ്യം സേ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.

**HCC 1 & 2 മൂല്യനിർണയം**

2025 ഫെബ്രുവരി 8 ന് ശനിയാഴ്ച്ച 9 മണിക്ക് HCC 1 ന്റെയും ഫെബ്രുവരി 9 ന് ഞായറാഴ്ച്ച 9 മണിക്ക് HCC II ന്റെയും മൂല്യനിർണ്ണയം നടത്തുന്നതാണ്. അദ്ധ്യാപകരെ പറഞ്ഞയക്കാൻ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**ക്ലാസ് പരീക്ഷ**

2025 ജനുവരി 12 ഞായറാഴ്ച ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസമാണെന്നത് ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കുമല്ലോ

**മിഷൻക്വസ്റ്റ് വിജയികൾ**

സീറോ മലബാർ കാറ്റക്കറ്റിക്കൽ കമ്മീഷനും, മിഷൻ ഓഫീസും ചേർന്ന് 2024 ഡിസംബർ 14 ന് നടത്തിയ ഓൺലൈൻ മിഷൻ ക്വിസിൽ പങ്കെടുത്തവരിൽനിന്ന് രൂപതാതലത്തിൽ വിജയികളായവർ.

**മുതിർന്നവരുടെ വിഭാഗം**
Sr. Ancy Tom SH - Kartikulam
Smt. Minu Joshy Pazhukkalayil - Moolankave
Sr. Jain Chettani MSMI - Bathery
**കുട്ടികളുടെ വിഭാഗം**
Diya Joshy Pazhukkalayil - Moolankave
Ajal Paul Joby Pulikkathotty - Arinchermala
Ivana Maria Mathew Ellunkal - Pulpally
വിജയികൾക്കും, പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ
**മേഖല മതാധ്യാപക സംഗമം**
**നടവയൽ**

നവംബർ 17 ന് കല്ലുവയൽ ഇടവകയിൽ വച്ച് വി. കുർബാനയോടുകൂടി കൺവെൻഷൻ ആരംഭിച്ചു. തുടർന്ന് കേണിച്ചിറ ഇടവകാംഗം ശ്രീ. ജോയി മാളിയേക്കൽ സാർ ക്ലാസ്സുകൾ നയിച്ചു. സമാപന സമ്മേളനത്തിൽ മേഖല ഡയറക്ടർ ബഹു. ജോഷി പുൽപയിൽ അച്ചൻ സ്വാഗതമർപ്പിച്ചു. രൂപതാ ഡയറക്ടർ സന്ദേശം നൽകി. മതബോധന രംഗത്ത് 30, 20 വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകരെയും, മേഖല തലത്തിൽ നടത്തിയ ബൈബിൾ ക്വിസ്, നിറക്കൂട്ട് എന്നിവയിൽ വിജയികളായവരെയും ആദരിച്ചു. എല്ലാത്തിനും നേതൃത്വം നൽകിയ കല്ലുവയൽ വികാരി ബഹു. ജോൺസനച്ചനും മേഖല നേതൃത്വത്തിനും, എല്ലാ പ്രധാനാധ്യാപകർക്കും, കല്ലുവയൽ ഇടവകയിലെ സിസ്റ്റേഴ്സിനും, കൈക്കാരന്മാർക്കും സഹകരിച്ച ഏവർക്കും നന്ദി.

**ബത്തേരി**

24-11-2024 ഞായറാഴ്ച ബത്തേരി അസംപ്ഷൻ പള്ളിയിൽ രാവിലെ വി. കുർബാനയോടുകൂടി ആരംഭിച്ചു. ഡോ. അലക്സ് കാവുകാട്ട് ക്ലാസുകൾക്ക് നേതൃത്വം നൽകി. സമാപനയോഗത്തിൽ ബഹു. വിൻസെന്റ് കളപ്പുര അച്ചൻ സ്വാഗതം ചെയ്തു. രൂപതാ ഡയറക്ടർ സന്ദേശം നൽകി. മേഖലാ പ്രതിഭകളെ ആദരിച്ചു. മേഖലാ സെക്രട്ടറി ജോബി

സാർ ഏവർക്കും നന്ദിയർപ്പിച്ചു. അന്നേദിവസം പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്ക് പള്ളിയിൽവച്ച് സെമിനാർ നടത്തി. ശ്രീ. സജിൻ ചാലിൽ, ശ്രീ. ആന്റണി മങ്കടപ്ര എന്നിവർ ക്ലാസുകൾ നയിച്ചു. ബഹു. ജെയ്സൺ കള്ളിയാട്ട് അച്ചൻ നേതൃത്വം നൽകി. രണ്ടു സംഗമങ്ങളും സംഘടിപ്പിച്ച ബഹു. വിൻസെന്റച്ചനും ടീമിനും, ഫൊറോന വികാരി ബഹു. തോമസ് മണക്കുന്നേലച്ചനും, കൊച്ചച്ചന്മാർക്കും നന്ദി.

**പയ്യമ്പള്ളി**

മേഖലയിലെ മതാധ്യാപകരുടെ സംഗമം 24-11-2024 ഞായറാഴ്ച മേരിമാതാ കോളജിൽ വച്ച് നടന്നു. രാവിലെ 9.30 ന് രൂപതാഡയറക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചന്റെ കാർമ്മികത്വത്തിൽ വി.കുർബാനയോടെ ആരംഭിച്ച മതാധ്യാപക സംഗമത്തിന് മേഖല ഡയറക്ടർ റവ. ഫാ. സിബി ചേലാക്കാപ്പള്ളി സ്വാഗതം അരുളി. തുടർന്ന് ക്ലാസ്സുകൾക്ക് ശ്രീ. ഷോണിറ്റ് നേതൃത്വം നൽകി. പൗരോഹിത്യജൂബിലി ആഘോഷിക്കുന്ന ബഹു. സിബി അച്ചന് ആശംസകളും അനുമോദനങ്ങളും ഏകി. മേഖല സെക്രട്ടറി ജോൺസൻ വലരിയിൽ നന്ദി പറഞ്ഞു. ഫൊറോനാ വികാരി ബഹു. സെബാസ്റ്റ്യൻ അച്ചനും നേതൃത്വം നൽകിയ മേഖല ഡയറക്ടർക്കും, അജയ് അച്ചനും വികാരിയച്ചൻമാർക്കും മേഖല സെക്രട്ടറിക്കും, ടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും പങ്കെടുത്ത എല്ലാ അധ്യാപകർക്കും നന്ദി.

**ദ്വാരക**

മേഖലയിലെ മതാധ്യാപകരുടെ സംഗമം 15-12-2024 ന് ഞായറാഴ്ച ദ്വാരകയിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.00 ന് മേഖല മതബോധന ഡയറക്ടർ ലാൽ പൈനുങ്കൽ അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ വി.കുർബാനയോടെ സംഗമത്തിന് ആരംഭം കുറിച്ചു. തുടർന്ന് *ചിരിക്കാം ചിന്തിക്കാം* എന്ന വിഷയത്തെ ആസ്പദമാക്കി പാലാ BEd കോളേജ് ലക്ചർ ഡോ. അലക്സ് കാവുകാട്ട് ക്ലാസുകൾക്ക് നേതൃത്വം നൽകി. അതേത്തുടർന്ന്

നടന്ന സമ്മേളനത്തിന് റവ. ഫാ. ലാൽ പൈനുങ്കൽ സ്വാഗതം അരുളി. രൂപതാ മതബോധന ഡയറക്ടർ ബഹു. ഫാ. തോമസ് കച്ചിറയിൽ ഉദ്ഘാടനം ചെയ്യുകയും ഫൊറോന വികാരി റവ. ഫാ. ബാബു മൂത്തേടത്ത് അധ്യക്ഷത വഹിക്കുകയും ചെയ്തു. ഫൊറോനയിലെ മതാധ്യാപന രംഗത്ത് 25, 35 വർഷങ്ങൾ പിന്നി ടുന്ന അധ്യാപകരെയും, ഈ വർഷം 7, 12 ക്ലാസുകളിൽ നിന്ന് മേഖലാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെയും പ്രസ് തുത സമ്മേളനത്തിൽ ആദരിച്ചു. ജൂബിലിയേറിയൻസ് പ്രതിനിധി ശ്രീ. തോമസ് മുണ്ടക്കത്തടത്തിൽ സംസാരിച്ചു. ഫൊറോന സെക്രട്ടറി ശ്രീ.വിൻസെൻറ് മൈലംവേലിൽ നന്ദി പറഞ്ഞു 3.30 ന് കൺവെൻഷൻ അവസാനിച്ചു. മതാധ്യാപക സംഗമത്തിന് നേതൃത്വം നൽകിയ എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി.

**കല്ലോടി**

മേഖലയിലെ മതാധ്യാപക കൺവെൻഷൻ - നിറവ് 15-12 -2024 ഞായറാഴ്ച രാവിലെ 9 മണിയോടെ ദ്വാരക പാസ്റ്റർ സെന്റ റിൽ ആരംഭിച്ചു. 12 ഇടവകകളിൽ നിന്നായി 145 അധ്യാപകർ പങ്കെടുത്ത കൺവെൻഷന് ദ്വാരക സിയോൺ സി.ആർ.സി ധ്യാനകേന്ദ്രത്തിന്റെ ഡയക്ടർ ബഹു. ജിന്റോ തട്ടുപറമ്പിൽ അച്ചൻ നേതൃത്വം നൽകി. ബഹു. ജോസഫ് സാർ അനുതാപ ശുശ്രൂഷയ്ക്ക് ഒരുക്കി. ദിവ്യകാരുണ്യ ആരാധന, വി.കുമ്പസാരം വി. ബലി എന്നിവയ്ക്കുശേഷം 4.00 മണിയോടുകൂടെ സമാപിച്ച കൺവെൻഷന് വാളേരി എച്ച്.എം നന്ദി പറഞ്ഞു. മതാധ്യാപക സംഗമത്തിന് നേതൃത്വം നൽകിയ എല്ലാവർക്കും ഹൃദയ പൂർവ്വം നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

2024 നോട് വിടപറഞ്ഞ് നമ്മുടെ കർത്താവിശോമിശിഹായുടെ പിറവിയുടെ ജൂബിലി വർഷത്തിലേക്ക് (2025) നാം പ്രവേശിക്കുകയാണല്ലോ. വലിയ ദുരന്തത്തിന്റെയും, വേദനകളുടേയും ഒരു വർഷം പിന്നിട്ട് പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഇത് നമുക്ക് പ്രത്യാശയുടെ വർഷമാകട്ടെ. *പ്രത്യാശയുടെ തീർത്ഥാടകരാകുവിൻ* എന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ ആഹ്വാന പ്രകാരം ജൂബിലി വർഷം നമുക്ക് നന്ദിയുടെയും അനുഗ്രഹത്തിന്റെയും പ്രത്യാശയുടെ വർഷമായി തീരട്ടെ. ജൂബിലി വർഷത്തിൽ ഫ്രാൻസീസ് മാർപ്പാപ്പ തീർത്ഥാടനം, വിശുദ്ധ വാതിൽ, അനുരഞ്ജനം, പ്രാർത്ഥന, ആരാധനക്രമം, വിശ്വാസ പ്രഘോഷണം, ദണ്ഡവിമോചനം എന്നീ ഏഴ് കാര്യങ്ങൾക്ക് ശ്രദ്ധ കൊടുക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ജൂബിലി വർഷം നമ്മുടെ രൂപതയിൽ പ്രത്യകമായി വചനാധിഷ്ഠിത കുടുംബ നവീകരണ വർഷമായി ആചരിക്കുകയാണ്. സഭയുടെ അടിസ്ഥാനഘടകം കുടുംബമാണെന്ന ബോധ്യത്തോടെ നമ്മുടെ കുടുംബങ്ങളെ നല്ല ഭവനങ്ങളും ദേവാലയവും കുഞ്ഞുങ്ങളുടെ ആദ്യ വിദ്യാലയവുമായി പടുത്തുയർത്തുന്ന ജൂബിലി വർഷമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നല്ല ഒരു പുതു വർഷം ആശംസിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

## വി. ഫ്രാൻസീസ് സേവ്യർ ഓൺലൈൻ ക്വിസ്

ഡിസംബർ മൂന്നിന് വി. ഫ്രാൻസീസ് സേവ്യർ ഓൺലൈൻ ക്വിസ് മൽസരം നടത്തി. മൽസരത്തിൽ ഒന്നാം സ്ഥാനം സാം സേവി ജോസ് കളരിക്കൽ വിളമ്പുകണ്ടം, രണ്ടാം സ്ഥാനം മെർലിൻ ബിജു പള്ളത്ത് കൂളിവയൽ, മൂന്നാം സ്ഥാനം അൽഫീന പള്ളത്ത് കൂളിവയൽ എന്നിവർ കരസ്ഥമാക്കി.

**നക്ഷത്രവഴിയെ**

ക്രിസ്തുമസ് ഒരുക്കത്തിന്റെ ഭാഗമായി ഡിസംബർ 1 മുതൽ *നക്ഷത്ര വഴിയെ* എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോ വാട്സ് ആപ്പിൽ പോസ്റ്റ് ചെയ്തു.

**ഹൃദയതാളം**

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മാനന്തവാടി രൂപതയിലെ ചെറുകാട്ടൂർ ശാഖയിൽ വെച്ച് സംഘടിപ്പിച്ച ഹൃദയ താളം 2024 ന് രൂപത എക്സിക്യൂട്ടിവ് അംഗങ്ങളും ശാഖ ജോ. ഡയറക്ടേഴ്സും പങ്കെടുത്തു.

**അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

15-12-24 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത അർദ്ധ വാഷിക മാനേജിംഗ് കമ്മറ്റി നടക്കുകയുണ്ടായി. മേഖലകളിൽ നിന്ന് മേഖലാഭാരവാഹികൾ പങ്കെടുത്തു.

**ബിബ്ലിയ**

ബിബ്ലിയ ഓൺലൈൻ ക്വിസ് മൽസരം എല്ലാ മാസത്തിന്റെയും അവസാന ദിനത്തിൽ നടക്കുന്നു.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

പ്രതിമാസം മൽസരങ്ങളുടെ ഭാഗമായി ലഹരിവിരുദ്ധ പ്രവർത്തനങ്ങളോടനുബന്ധിച്ച് പോസ്റ്റർ രചന മൽസരം നടത്തി.

**ശാഖാ വാർത്തകൾ**

**തോമാട്ടുചാൽ**

മതാദ്ധ്യാപകദിനം ആചരിച്ചു. എല്ലാ അധ്യാപകർക്കും ആശംസകൾ നേരുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഓരോ അധ്യാപകരുടെയും നേതൃത്വത്തിൽ സെമിത്തേരി സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**കൊട്ടിയൂർ**

പേരാവൂർ മരിയഭവനിലേക്ക് മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ പൊതിച്ചോറ് ശേഖരിച്ച് നൽകി. ദൈവവചനം പഠിക്കാം സ്റ്റാർ ഓഫ് ദ വീക്ക് പ്രോഗ്രാം സംഘടിപ്പിച്ചു.

**പാതിരിപ്പാടം**

സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിച്ചു. സെമിത്തേരിയും പരിസരവും വൃത്തിയാക്കി. ഭവനസന്ദർശനവും

രോഗീ സന്ദർനവും നടത്തി. നവംബർ ഒന്നുമുതൽ മുപ്പത്തൊന്നുവരെ സെമിത്തേരി സന്ദർശനം നടത്തി.

**കണിയാരം**

ലഹരിക്കെതിരെ ചിത്രരചനാ മൽസരം നടത്തി. ഈശോയ്ക്ക് ഒരു കത്ത്, ഗാന്ധിപാർക്കിൽ വെച്ച് ഫ്ളാഷ് മോബ്, പ്രസംഗം ഇവ നടത്തി. ജീവിതം ലഹരിയാക്കൂ എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി സെമിനാർ സംഘടിപ്പിച്ചു. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ബാബുരാജ് സാർ ക്ലാസെടുത്തു.

**അരിഞ്ചേർമല**

കുട്ടികൾക്കായ് ഏകദിന സെമിനാർ നടത്തി. ഫാ. ആൽബിൻ ഒ.സി.ഡി. സെമിനാറിന് നേതൃത്വം നൽകി. അൾത്താര ബാലന്മാർക്ക് പരിശീലനം നൽകി. വചനദീപ്തി പ്രോഗ്രാമിൽ വചനം പഠിച്ചു പറഞ്ഞവർക്ക് സമ്മാനം നൽകി.

**ചുള്ളിയോട് ശാഖ**

65 വയസ്സിന് മുകളിൽ പ്രായമായവരുടേയും, പള്ളിയിൽ വരാൻ സാധിക്കാത്തവരുടേയും സംഗമം നടത്തി. വി. കുർബ്ബാനയും കുമ്പസാരവും നൽകി. കൂടാതെ സമ്മാനവും നൽകി ആദരിച്ചു. യേശുക്രിസ്തു ഇന്നും ജീവിക്കുന്നു. യേശുനാഥന്റെ ജൂബിലിയിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. നാഥൻ നാളിതുവരെ നമുക്കും, നമ്മുടെ സംഘടനക്കും ചെയ്ത നന്മകളെ..... അനുഗ്രഹങ്ങളെ..... ഓർത്ത് നന്ദിപറഞ്ഞു കൊണ്ട് ഈ ജൂബിലി വർഷം അനുഗ്രഹപ്രദമാക്കണമെയെന്ന പ്രാർത്ഥനയോടെ ഈ ജൂബിലി വർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
(രൂപതാ സെക്രട്ടറി)

## തിരുബാലസഖ്യം

വിശുദ്ധൻ : **വി. സെബസ്ത്യാനോസ്**

തിരുന്നാൾ : **ദനഹതിരുനാൾ**

നിയോഗം : അടിസ്ഥാന അവകാശങ്ങൾ നഷ്ടമാകുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

സുകൃതജപം : എന്റെ അമ്മേ എന്റെ ആശ്രയമേ....

പ്രവർത്തനങ്ങൾ : വിശുദ്ധരുടെ ഫോട്ടോയും പേരും വെച്ച് ആൽബം തയ്യാറാക്കൽ. കുട്ടികളെകൊണ്ട് വചന ട്രീ തയ്യാറാക്കി പ്രദർശിപ്പിക്കുക.

സെക്രട്ടറി

**അജീറ്റ കന്നുകെട്ടിയിൽ**

**വെബ്നാർ**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ലൈഫ് അക്കാദമിയുടെ നേതൃത്വത്തിൽ 2024 ഡിസംബർ പതിനാറാം തീയതി ഗാല്ലന്റ് IAS അക്കാദമിയോടൊന്നു ചേർന്ന് സ്കൂൾ പഠനത്തോടൊപ്പം സിവിൽ സർവീസ് പഠനം എങ്ങനെ സാധ്യമാക്കാൻ സാധിക്കും എന്നതിനെക്കുറിച്ച് വെബ്നാർ നടത്തി. ഗോകുൽ കൃഷ്ണ IFS, മഞ്ജു ചന്ദ്രൻ AIR 553, CSE 2019, ജസ്റ്റിൻ ജോർജ്ജ് ഡയറക്ടർ ഗാല്ലന്റ് IAS അക്കാദമി, അഞ്ജന UPSC മെൻറ്റർ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ സ്വാഗതവും, വെബ്നാറിനെകുറിച്ചുള്ള ഒരു രൂപരേഖയും നൽകി. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിക്കപ്പെട്ട ഈ വെബ്നാറിൽ 77 വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും പങ്കുചേർന്നു.

**Route to Bethlehem**

ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്ക് വേണ്ടി ക്രിസ്മസ് ഒരുക്ക പരിപാടികളാണ് Route to Bethlehem. പ്രത്യേക റൂട്ട് മാപ്പ് തയ്യാറാക്കി അനുദിനവും ചെയ്യുന്ന സുകൃതങ്ങളിലൂടെ, ലൈഫ് ട്രെയിനിങ് ആക്ടിവിറ്റികളിലൂടെ, ബേത്ലഹേമിലേക്കുള്ള യാത്ര നടത്തുന്നതാണ് ഇത്. അനുദിനവും സ്പിരിചൽ ഡയറിയിൽ ഇത് രേഖപ്പെടുത്തി തങ്ങളുടെ ആത്മീയ യാത്ര പുരോഗമിക്കാൻ കുട്ടികളെ ഇത് സഹായിക്കുന്നു.

**സ്റ്റാറ്റസ് വീഡിയോസ്**

അനുദിനവും “Route to Bethlehem” സ്റ്റാറ്റസ് വീഡിയോസ്

യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകുന്നു.

**ക്രിസ്മസ് മത്സരങ്ങൾ**

ക്രിസ്മസിന് ഒരുക്കമായി ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്ക് വേണ്ടി പുൽക്കൂട് നിർമ്മാണം, ക്രിസ്മസ് കാർഡ് നിർമ്മാണം, ക്രിസ്മസ് ട്രീ, ക്രിസ്തുമസ് റീത്ത് എന്നിങ്ങനെ നാല് തരത്തിലുള്ള ഓൺലൈൻ മത്സര പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. ഇത് വിദ്യാർത്ഥികളെ സജീവമാക്കുന്നതിനും ക്രിസ്മസ് ഒരുക്കങ്ങൾ നന്നായി നടക്കുന്നതിനും സഹായിക്കുന്നു.

**ഗൂഗിൾ മീറ്റ്**

അനുദിനവും രാവിലെ 5.15 നടക്കുന്ന ഗൂഗിൾ മീറ്റിൽ ലൈഫ് വിദ്യാർത്ഥികൾ പങ്കുചേരുന്നു. ക്രിസ്തുമസ് മെസ്സേജ് നൽകിയും, തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചും പ്രാർത്ഥിച്ചും ഓരോ ദിനവും മനോഹരമായി തുടങ്ങാൻ ഇത് സഹായകമാകുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും, സീനിയർ സ്റ്റുഡൻസും ഇതിന് നേതൃത്വം വഹിക്കുന്നു.

**ലൈഫ് സീനിയർ വിദ്യാർത്ഥികളുടെ സംഗമം**

വിവിധ സംസ്ഥാനങ്ങളിൽ പഠനത്തിൽ ആയിരിക്കുന്ന ലൈഫ് സീനിയർ വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട ലാൽ പൈനുങ്കൽ അച്ചന്റെ നേതൃത്വത്തിൽ മാസാധ്യ ഞായറാഴ്ച ഓൺലൈനിൽ ഒന്നിച്ചു ചേർന്നു. തങ്ങളുടെ അനുഭവങ്ങളും സംശയങ്ങളും പങ്കുവെച്ച് കൃത്യമായ മാർഗ്ഗദർശങ്ങൾ സ്വീകരിച്ച് മുന്നേറുവാൻ ഇത് ഏറെ സഹായകമാകുന്നു.

**ദിവ്യകാരുണ്യ ആരാധന**

ഡിസംബർ 6 തീയതി വെള്ളിയാഴ്ച ക്രിസ്മസിന് ഒരുക്കമായുള്ള ദിവ്യകാരുണ്യ ആരാധന ഓൺലൈനായി സംഘടിപ്പിച്ചു. 50 വിദ്യാർഥികൾ പങ്കുചേർന്ന ആരാധനയ്ക്ക് ബഹുമാനപ്പെട്ട ലാൽ പൈനുങ്കൽ അച്ചനും സീനിയർ വിദ്യാർത്ഥികളും നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ മീഡിയ കോഡിനേറ്ററും യുവർ നെയ്ബർ അസോസിയേഷന്റെ ജോയിൻ സെക്രട്ടറിയുമായ സി. ഡെൽഫി മരിയ സി.എം.സി, മാനന്തവാടി സി.എം.സി സേക്രഡ് ഹാർട്ട് പ്രോവിൻസിന്റെ ഫെയ്ത്ത് ഫോർമേഷൻ & മീഡിയ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം തന്നെ യൂത്ത് മിനിസ്ട്രി സ്പിരിച്ച്വൽ ആനിമേറ്റർ ആയിരുന്ന സി. ഡീന റോസ് സി.എം.സി. റിന്യൂവൽ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടു. പ്രിയപ്പെട്ട സി. ഡെൽഫിക്കും, സി. ഡീനയ്ക്കും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ പ്രാർത്ഥന നിറഞ്ഞ അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി.എം.സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

## Faith Fest

പ്രാർത്ഥനയുടെയും അഭിഷേകത്തിന്റെയും പുണ്യ നിമിഷങ്ങളിലേക്ക് യുവജനങ്ങളെ ചേർക്കുന്ന യുവജന കൺവെൻഷൻ ഫെയ്ത് ഫെസ്റ്റ് 2024 നവംബർ 22,23, 24 (വെള്ളി,ശനി, ഞായർ) തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഫാ. ജിസ്സൺ പോൾ വേങ്ങാശ്ശേരി നയിച്ച ധ്യാനത്തിൽ 170 യുവജനങ്ങൾ പങ്കെടുത്തു.

**സ്ഥാപകദിനം**

ഡിസംബർ 10 കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ സ്ഥാപകദിനത്തിൽ യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ വിശുദ്ധ കുർബാന തുടർന്ന് പതാക ഉയർത്തൽ, മറ്റു പരിപാടികളും ഉൾപ്പെടുത്തി സ്ഥാപകദിനം ആഘോഷമാക്കാൻ ആഹ്വാനം ചെയ്തു.

**ജന്മദിനാശംസകൾ**

കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ ബഹു. ഫാ. സാന്റോ അമ്പലത്തറയ്ക്ക് ജന്മദിനാശംസകൾ നേർന്നു.

**ആശംസകൾ**

നാമഹേതുക തിരുനാൾ ദിനത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത ഓഫീസ് സെക്രട്ടറി സിസ്റ്റർ ബ്ലെസി SABS ന് ആശംസകൾ നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**കയ്യൂന്നി**

സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ യുവജനങ്ങൾ എല്ലാവരും കല്ലറകൾ അലങ്കരിക്കുകയും ദേവാലയത്തിലും സെമിത്തേരിയിലും നടന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. മതാധ്യാപക ദിനത്തിൽ മതാധ്യാപകരെ ആദരിച്ച് ആശംസകൾ നേർന്നു. ബഹുമാനപ്പെട്ട വികാരി ബിജു പൊൻപാറ അച്ചന്റെ ജന്മദിനത്തിന് ആശംസകൾ നേർന്നു.

പുതിയ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ക്രിസ്മസ് പ്രോഗ്രാമുകൾക്ക് രൂപരേഖ തയ്യാറാക്കി. ഫെയ്ത്ത് ഫെസ്റ്റ് യുവജന കൺവെൻഷനിൽ കയ്യൂന്നി യൂണിറ്റിൽനിന്നും മൂന്നു പേർ പങ്കെടുത്തു.

**പാതിരിപ്പാടം യൂണിറ്റ്**

സകല വിശുദ്ധരുടെയും, സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ യുവജനങ്ങൾ എല്ലാവരും വിശുദ്ധ ബലിയിൽ പങ്കെടുത്തു. സകല മരിച്ചവരുടെയും തിരുനാളിനൊരുക്കമായി സിമിത്തേരി അലങ്കരിച്ചു. വഖഫ് ആക്ടിന്റെ പേരിൽ നീതി നിഷേധിക്കപ്പെടുന്ന മുനമ്പം ജനതയ്ക്ക് ഐക്യദാർഢ്യം നൽകി. ഇടവക ദേവാലയത്തിൽ ബഹു. മാത്യു വയലാമണ്ണിൽ അച്ചൻ നയിച്ച ധ്യാനത്തിന് യുവജനങ്ങൾ പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്തു.

ജനറൽ സെക്രട്ടറി

**ജസ്റ്റിൻ വർഗീസ് തെക്കേമുറിയിൽ**

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ഡിസംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 73 പേർ പങ്കെടുത്തു. 2025 ജനുവരി മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 10, 11, 12 തീയതികളിലും ഫെബ്രുവരി മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 7, 8, 9 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ദിനങ്ങളിൽ അമ്മമാർ ദിവ്യബലിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. രൂപത ടീം അംഗങ്ങൾ വൈദികരുടെ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. മേഖലാ തലത്തിൽ മാതൃവേദിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി ഡയറക്ടർ, ആനിമേറ്റർ, ടീം അംഗങ്ങൾ എല്ലാ മേഖലകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡുകൾ നൽകി. തരിയോട്, മുള്ളൻകൊല്ലി മണിമൂളി എന്നീ മേഖലകൾക്ക് എ ഗ്രേഡ് നൽകി. ഡയറക്ടർ, ആനിമേറ്റർ, കോർ കമ്മിറ്റി അംഗങ്ങൾ ചേർന്ന് മാർഗ്ഗരേഖ തയ്യാറാക്കി. ദ്വാരക മേഖല തൊഴിലില്ലായ്മ മൂലം കഷ്ടപ്പെടുന്ന യുവതി യുവാക്കൾക്ക് വേണ്ടി ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു.

**രൂപതാ വാർഷികവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും**

ഡിസംബർ 14-ാം തീയതി ശനിയാഴ്ച ദ്വാരക സീയോൻ ഹാളിൽ വച്ച് രൂപതാ വാർഷികം നടത്തി. വികാരി ജനറാൾ പെരിയ ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ അർപ്പിച്ച ദിവ്യബലിയോടെ വാർഷികാഘോഷങ്ങൾ ആരംഭിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്ത വാർഷിക സമ്മേളനത്തിന്റെ അദ്ധ്യക്ഷ രൂപത പ്രസിഡണ്ട് ശ്രീമതി ഫിലോ

ചേലയ്ക്കൽ ആയിരുന്നു. ഫാ. അനീഷ് കാട്ടാത്ത് (ഡയറക്ടർ, ചുങ്കക്കുന്ന് മേഖല), സി. റോസ് ടോം എസ്.എ.ബി.എസ് (ആനിമേറ്റർ, പയ്യമ്പള്ളി മേഖല), ശ്രീമതി സുനി ഷാജി (പ്രസിഡണ്ട്, മണിമൂളി മേഖല) എന്നിവർ ആശംസ പ്രസംഗം നടത്തി. ഡയറക്ടർ ഫാ. ബിനു വടക്കേൽ സ്വാഗതവും ആനി മേറ്റർ സി.ഷോളി SKD നന്ദിയും അറിയിച്ചു. തുടർന്ന് 2025-2026 വർഷത്തേയ്ക്കുള്ള രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി.

പ്രസിഡണ്ട് - ശ്രീമതി മേഴ്സി അമരികാട്ട് (ആടിക്കൊല്ലി)
വൈസ് പ്രസിഡണ്ട് - ശ്രീമതി ഷേർളി വലിയവീട്ടിൽ (കല്ലുവ യൽ)
സെക്രട്ടറി - ശ്രീമതി മോളി പുഞ്ചയിൽ (കാരയ്ക്കാമല)
ജോ.സെക്രട്ടറി - ശ്രീമതി മേരി പാലമറ്റം (പയ്യമ്പള്ളി)
ട്രഷറർ- ശ്രീമതി എൽസമ്മ കാഞ്ഞിരംതൊട്ടിയിൽ (ദീപ്തിഗിരി)

പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ...!

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 19 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജനുവരി 21

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആഘോഷിച്ചു. എല്ലാ ദിവസവും സെമിത്തേരി സന്ദർശിച്ച് ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം അമ്മമാരുടെ നേതൃത്വത്തിൽ കുടുംബങ്ങളിൽ വായിച്ചു. മേഖലാ വാർഷികം നടത്തി. പുതിയ മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ടായി മേഴ്സി അമരികാട്ടിനെയും സെക്രട്ടറിയായി സിൽവി ജോയ് എഴുമായിലിനെയും തിരഞ്ഞെടുത്തു. അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജസ്റ്റിൻ മൂന്നാനാൽ വിവാഹത്തിന്റെ രജത ജൂബിലിയും സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്ന ദമ്പതിമാരെ ആദരിച്ചു. 12 യൂണിറ്റിന്റെയും കലാപരിപാടികൾക്ക് ശേഷം സ്നേഹവിരുന്നോടെ വാർഷികം സമാപിച്ചു.

**ദ്വാരക**

നേതൃസംഗമം നടത്തി. 2025-26 പ്രവർത്തന വർഷത്തെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. 202124 മേഖലയെ നയിച്ച ഭാരവാഹികൾക്ക് ഫൊറോന വികാരി റവ.ഫാ. മാത്യു മുത്തേടത്ത് അനുമോദനം അർപ്പിച്ച് സംസാരിക്കുകയും മൊമന്റോ നൽകി ആദരിക്കുകയും ചെയ്തു. മേഖല എക്സിക്യൂട്ടീവ് യോഗം കൂടി

**ശാഖാ വാർത്തകൾ**

**തോമാട്ടുചാൽ**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആഘോഷിച്ചു. ഭവനസന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. മേഖലയിൽ എ ഗ്രേഡ് നേടി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖലാ തിരഞ്ഞെടുപ്പിൽ പങ്കെടുത്തു.

**പന്തിപ്പൊയിൽ**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആഘോഷിച്ചു. സെമിത്തേരി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. മുൻ മാതൃവേദി അംഗങ്ങൾക്ക് മൊമന്റോകൾ നൽകി ആദരിച്ചു. എക്സിക്യൂട്ടീവ് ചേർന്നു.

**പാതിരിപ്പാടം**

സകലവിശുദ്ധർ, സകലമരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി. മുനമ്പം കുടിയൊഴിപ്പിക്കലിനെതിരെ പ്രതിഷേധിച്ചു. മേഖലാതല മീറ്റിംങ്ങിൽ 7 പേർ പങ്കെടുത്തു. മതാദ്ധ്യാപകരെ ആദരിച്ചു.

**മരക്കടവ്**

ജനറൽബോഡി കൂടി പഴയ ഭാരവാഹികൾക്ക് യാത്രയയപ്പും പുതിയ ഭാരവാഹികൾക്ക് സ്വീകരണവും നൽകി. മതാദ്ധ്യാപക ദിനത്തിൽ അദ്ധ്യാപകരെ ആദരിച്ചു. സെമിത്തേരി വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. മേഖല വാർഷികത്തിൽ പങ്കെടുത്ത് സ്കിറ്റ് അവതരിപ്പിച്ചു.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് കൂടി. സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. മാഹി പള്ളിയിലേക്ക് തീർത്ഥാടന യാത്ര നടത്തി. വാഴവറ്റപള്ളി സെമിത്തേരി സന്ദർശനം നടത്തി. അമ്പലക്കുന്ന് കോളനി സന്ദർശനം നടത്തി. സാമ്പത്തിക സഹായം നൽകുകയും മൂന്ന് രോഗികളെ സന്ദർശിക്കുകയും ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കബനിഗിരി**

സകല വിശുദ്ധരുടേയും തിരുനാൾ ആചരിച്ചു. സിമിത്തേരിയും സ്മൃതിമണ്ഡപവും വൃത്തിയാക്കി. ഒരു നിർദ്ധന കുടുംബത്തെ ഏറ്റെടുത്ത്, വൃദ്ധമാതാവിനെ കുളിപ്പിക്കുകയും വീട് വൃത്തിയാക്കുകയും ഭക്ഷണം ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. രോഗീസന്ദർശനം നടത്തി. സഹായം നൽകി. മേഖലാ വാർഷികത്തിൽ 15 പേർ പങ്കെടുത്തു.

**പാടിച്ചിറ**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. ശിശുദിനത്തിൽ അംഗൻവാടി സന്ദർശിച്ച് കുട്ടികൾക്ക് മധുരപലഹാരം നൽകി. ശിശുമലയിൽ വച്ച് നടത്തിയ മേഖലാ വാർഷികത്തിൽ 20 അമ്മമാർ പങ്കെടുത്തു. യൂണിറ്റിൽ നിന്ന് ഗ്രൂപ്പ് ഡാൻസ് നടത്തുകയും ചെയ്തു. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**ശിശുമല**

സെമിത്തേരി വൃത്തിയാക്കി. ഏലീശാ സന്ദർശനം നടത്തി. രോഗീ സന്ദർശനം നടത്തി. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ പങ്കെടുത്തു. കിടപ്പു രോഗീ സംഗമത്തിൽ രണ്ടു ദിവസം പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പച്ചക്കറി തൈകൾ നട്ടു പരിപാലിക്കുന്നു. വഖഫ് ആക്ടിന്റെ പേരിൽ നീതി നിഷേധിക്കപ്പെടുന്ന മുനമ്പത്തെ ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു റാലി നടത്തി.

**മരകാവ്**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. മേഖല മീറ്റിംഗിൽ പങ്കെടുത്തു. മാനന്തവാടി

ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി അമ്മമാർ സഹായിച്ചു. മരകാവ് യൂണിറ്റിന് മേഖലയിൽ എ ഗ്രേഡ് ലഭിച്ചു. വേലിയമ്പം അംഗൻവാടിയിൽ കുട്ടികളോടൊപ്പം ശിശുദിന റാലിയിൽ പങ്കെടുത്തു. മതാധ്യാപകരെ ആദരിച്ചു. രോഗീസഹായം നൽകി. രോഗീസദർശനം, നവോമി സന്ദർശനം എന്നിവ നടത്തി.

**സീതാമൗണ്ട്**

സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. മാതൃവേദിയുടെ ഉപകാരികളെ മൊമെന്റോ നൽകി ആദരിച്ചു. ശിശുദിനത്തിൽ അങ്കൺവാടി സന്ദർശിച്ചു, മധുരപലഹാരം വിതരണം ചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ രോഗീസന്ദർശനം നടത്തി. മേഖല വാർഷികത്തിൽ പങ്കെടുത്തു, കലാപരിപാടികൾ അവതരിപ്പിച്ചു.

**പൂളപ്പാടം**

വർത്തമാനകാല ജീവിതത്തിൽ ദമ്പതികൾ നേരിടുന്ന വെല്ലുവിളികളും നിവാരണ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ഡോ.സി. ലിസ് മാത്യു എസ്.എച്ച് അമ്മമാർക്ക് ക്ലാസ്സ് എടുത്തു.

**ആടിക്കൊല്ലി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സീറോ മലബാർ ഗ്ലോബൽ മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ പ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. മേഖല വാർഷികത്തിൽ പങ്കെടുത്തു. യൂണിറ്റിലെ മേഴ്സി അമരികാട്ട് മേഖലാ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. രോഗീസന്ദർശനം നടത്തി. ചികിത്സാ സഹായമായി 10000/- രൂപ നൽകി. ദേവാലയവും പരിസരങ്ങളും വൃത്തിയാക്കി.

**പുൽപ്പള്ളി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി. രോഗീസന്ദർശനം, രോഗീ സഹായം എന്നിവ നടത്തി. മേഖലാ വാർഷികത്തിൽ 18 അംഗങ്ങൾ പങ്കെടുത്തു. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്ക് പ്രോത്സാഹനം നല്കി.

**കയ്യൂന്നി**

സെമിത്തേരി വൃത്തിയാക്കൽ, സെമിത്തേരി സന്ദർശനം, മരിച്ച വിശ്വാസികൾക്കായി പ്രാർത്ഥന എന്നിവ നടത്തി. വിശുദ്ധ സഖറിയാ - ഏലീശ്വാ തിരുനാൾ, ഈശോയുടെ രാജത്വതിരുനാൾ എന്നിവ ആചരിച്ചു. മതാദ്ധ്യാപകരെയും ആദരിച്ച് സമ്മാനങ്ങൾ നൽകി. മുനമ്പം ജനതയ്ക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

**ചെന്നലോട്**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. മേഖല തിരഞ്ഞെടുപ്പിൽ പങ്കെടുത്തു. ശാഖ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മുൻ ഭാരവാഹികളെ മൊമന്റോ നൽകി ആദരിച്ചു, പുതിയവരെ പൂക്കൾ നൽകി സ്വീകരിച്ചു. മുനമ്പം പ്രശ്നവുമായി ബന്ധപ്പെട്ട് രൂപത നടത്തുന്ന ഐക്യദാർഢ്യ പ്രഖ്യാപനത്തിൽ പങ്കുചേർന്നു.

**ഇരുളം**

സെമിത്തേരി വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല മീറ്റിംഗിൽ പങ്കെടുത്തു. മേഖല വാർഷികത്തിൽ പങ്കെടുത്തു. അമ്മമാർ ഡാൻസ് പ്രോഗ്രാം അവതരിപ്പിച്ചു. ക്യാൻസർ ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകി.

**റൂബിനഗർ**

ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി കുർബ്ബാന ചൊല്ലിച്ച് സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. വിവിധ നിയോഗങ്ങൾക്കു വേണ്ടി ചെയിൻ റോസറി നടത്തി. രോഗീ സഹായമായി 3000/- രൂപ നൽകി. 3 കുടുംബത്തിന് ഭക്ഷ്യകിറ്റ് നൽകി. പാലിയേറ്റീവ് സെമിനാറിൽ പങ്കെടുത്തു.

**പട്ടാണികൂപ്പ്**

സകല മരിച്ച വിശ്വാസികൾക്കും വേണ്ടി എല്ലാ ദിവസവും സെമിത്തേരി സന്ദർശനം നടത്തി പ്രാർത്ഥിച്ചു. സകല വിശുദ്ധരുടെയും തിരുനാൾ ദിനത്തിൽ അമ്മമാർ ദിവ്യബലിയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. അമ്മമാർക്കു വേണ്ടി സെമിനാർ നടത്തി.

**കുറുമ്പാല**

സെമിത്തേരി വൃത്തിയാക്കി. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം വീടുകളിൽ വായിച്ചു. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. ശാഖാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ശിശുദിനത്തിൽ ഗുഡ് ഷെപ്പേർഡ് സ്കൂൾ സന്ദർശനം നടത്തി മധുരം നൽകി.

**വാളാട്**

അമ്മമാർക്ക് സെമിനാർ നടത്തി. നവോമി സന്ദർശനം നടത്തി. ദേവാലയ നിർമാണ പ്രവർത്തനങ്ങൾക്ക് ഭക്ഷണം പാകം ചെയ്യാൻ അംഗങ്ങൾ സഹകരിക്കുന്നു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**പാലാങ്കര**

സകല മരിച്ച വിശ്വാസികൾക്കും വേണ്ടി എല്ലാ ദിവസവും സെമിത്തേരി സന്ദർശനം നടത്തി. ശിശുദിനത്തിൽ കുഞ്ഞുങ്ങൾക്ക് പൂക്കൾ നൽകി ആദരിച്ചു. എക്സിക്യൂട്ടീവ് കൂടി മുൻ ഭാരവാഹികൾക്ക് യാത്രയയപ്പ് നൽകി. ശാഖ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. മേഖല തെരഞ്ഞെടുപ്പിൽ ശാഖാ ഭാരവാഹികൾ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. ശുദ്ധീകരണ ആത്മാക്കളുടെ വണക്കമാസം കുടുംബങ്ങളിൽ വായിച്ചു. രോഗീ സഹായമായി 2000/- രൂപ നൽകി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു.

**കാരയ്ക്കാമല**

2024-25 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. എല്ലാ കുടുംബങ്ങളിലും അടുക്കളത്തോട്ടം നിർമ്മിക്കുകയും കുടുബാംഗങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണം തയ്യാറാക്കി നൽകുകയും അമ്മമാർക്ക് ചെറിയ വരുമാനം ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വീട്ടിലൊരു അടുക്കളത്തോട്ടം' പദ്ധതി ആരംഭിക്കുകയും അതിന്റെ ഭാഗമായി എല്ലാ കുടുംബ

ത്തിനും പച്ചക്കറി തൈകൾ വിതരണം ചെയ്യുകയും ചെയ്തു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**പുതുശ്ശേരിക്കടവ്**

2023-24 പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സെമിത്തേരി വൃത്തിയാക്കി. സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. ദ്വാരകയിലെ ബഹുമാനപ്പെട്ട വൈദികരുടെ കബറിടത്തിൽ ടീം അംഗങ്ങൾ ഒരുമിച്ചു പ്രാർത്ഥിച്ചു. ഏലീശ്വാ, എലിസബത്ത് നാമധാരികൾക്ക് ആശംസകൾ നേർന്നു പൂക്കൾ നല്കി. ഭവന സന്ദർശനം നടത്തി. രോഗീ സഹായം നല്കി.

**പനവല്ലി**

സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചയും സെമിത്തേരിയിൽ പ്രാർത്ഥന നടത്തി. മേഖലാ മീറ്റിംഗിൽ പങ്കെടുത്തു.

**തവിഞ്ഞാൽ**

സകല വിശുദ്ധരുടെയും തിരുനാൾ ദിവസം എല്ലാ അമ്മമാരും വിശുദ്ധ ബലിയിൽ സംബന്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. എക്സിക്യൂട്ടീവ് കൂടി. സെമിത്തേരി വൃത്തിയാക്കി. മേഖലാ വാർഷികത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മരണവീട് സന്ദർശനം നടത്തി. പള്ളി വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

**വടപുറം**

വേളാങ്കണ്ണി തീർത്ഥാടന യാത്ര നടത്തി. ശിശുദിനത്തിൽ കുട്ടികൾക്ക് മിഠായി വിതരണം ചെയ്തു. ഹോസ്പിറ്റലിൽ പോയി രോഗികളെ കണ്ടു. വീടുകളിൽ കഴിയുന്ന നടക്കാൻ പ്രയാസം ഉള്ള രോഗികളെയും, അമ്മച്ചിമാരെയും സന്ദർശിച്ചു.

**മണിമൂളി**

സെമിത്തേരി വൃത്തിയാക്കി. രോഗീ സന്ദർശനങ്ങൾ നടത്തി. മുനമ്പം നിവാസികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് റാലി നടത്തി.

**കോട്ടത്തറ**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ

ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി. പുതിയ ശാഖ ഭാരവാഹികൾ ചാർജ്ജ് ഏറ്റെടുത്തു. പഴയ ഭാരവാഹികൾക്ക് സമ്മാനം നൽകി ആദരിച്ചു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ പ്രോലൈഫ് പ്രോഗ്രാമിൽ അമ്മമാർ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. സെമിത്തേരി സന്ദർശിച്ചു.

**നെടുമ്പാല**

അമലോത്ഭവമാതാ തിരുനാളിനോടനുബന്ധിച്ച് വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജപമാല സമർപ്പണം നടത്തി.

**അസംപ്ഷൻ**

പൂർവ്വികരുടെ ഓർമ്മപെരുനാൾ ദിനത്തിൽ വി. കുർബാനയിലും സെമിത്തേരിയിലും പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. കേരള ലേബർ മൂവ്മെന്റ് അസംപ്ഷൻ ഇടവകയിൽ വെച്ചു നടത്തിയ സെമിനാറിൽ പങ്കെടുത്തു. മതാധ്യാപക ദിനത്തിൽ മതാധ്യാപകർക്ക് വേണ്ടി പ്രാർത്ഥിച്ച് മധുരം നൽകി.

**പറളിക്കുന്ന്**

സകലവിശുദ്ധർ, സകലമരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. ശിശുദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് ആരാധനയും കുർബാനയും നടത്തി. ഏലീശ്വാ സന്ദർശനം നടത്തി.

**യവനാർകുളം**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. ഗോവയിൽ വി. ഫ്രാൻസിസ് സേവ്യറിനെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ശിശുദിനത്തിൽ നേഴ്സറി കുട്ടികളെ സന്ദർശിച്ച് മധുരം നൽകി. ജനറൽബോഡി മീറ്റിംഗ്, സെമിനാർ, യൂണിറ്റ്തല തിരഞ്ഞെടുപ്പ് എന്നിവ നടത്തി. പോരൂർ സ്നേഹാലയം, മാനന്തവാടി സമരിറ്റൻഭവൻ എന്നീ അഗതി മന്ദിരങ്ങൾ സന്ദർശിച്ച് 12330/- രൂപയുടെ നിത്യോപയോഗ സാധനങ്ങൾ നൽകി.

**നടവയൽ**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. ശുദ്ധീകരാത്മാക്കൾക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന അമ്മമാർ 10000 പ്രാവശ്യം വീതം ചൊല്ലി പ്രാർത്ഥിച്ചു. കിടപ്പു രോഗികൾ, വൃദ്ധരായവർ എന്നിവരെ സന്ദർശിച്ചു. സഹായമായി 1200/- രൂപ നൽകി. ദൈവവിളി പ്രോത്സാഹനമായി വൈദികപട്ടം ഏൽക്കാനുള്ള ഒരു ഡീക്കന് 2000/- രൂപ നൽകി.

**ദ്വാരക**

ശിശുദിനത്തിൽ നേഴ്സറി സന്ദർശിച്ച് കുട്ടികൾക്ക് പൂക്കൾ നൽകി ആദരിച്ചു. മതാധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു. സൗജന്യ നേത്രപരിശോധന ക്യാമ്പിന് നേതൃത്വം നൽകി. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**തരിയോട്**

സെമിത്തേരി വൃത്തിയാക്കി അലങ്കരിച്ചു. സേട്ടുക്കുന്ന് അംഗൻവാടി സന്ദർശിച്ചു. മധുര പലഹാരം വിതരണം ചെയ്തു. രോഗീ സന്ദർശനം, സെമിത്തേരി സന്ദർശനം എന്നിവ നടത്തി. വീടുകളിൽ ശുദ്ധീകരണ ആത്മാക്കൾക്ക് വേണ്ടി വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു.

**കേളകം**

എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച അഗതി മന്ദിരത്തിൽ പൊതിച്ചോറുകൾ നൽകുന്നു. വിയാനിഭവൻ സന്ദർശിച്ച് വൈദികർക്ക് സമ്മാനങ്ങൾ നൽകി. മൈനർ സെമിനാരി സന്ദർശിച്ച് സമ്പത്തിക സഹായം നൽകി. ചാരിറ്റിക്ക് വേണ്ടിയുള്ള തുക സംഭരിക്കുന്നതിന്റെ ഭാഗമായി ചമ്മന്തിപ്പൊടി ഉണ്ടാക്കി വിൽപ്പന നടത്തി.

**കൽപ്പറ്റ**

ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം ആചരിച്ചു. ഇടവകയിലെ രണ്ടു നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് നൽകി. ഒരു കിടപ്പ് രോഗിക്ക് ചികിത്സാസഹായമായി 10,000/-നൽകി.

**കാവുമന്ദം**

സെമിത്തേരി വൃത്തിയാക്കി. രൂപതാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു. മതാധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു.

**വാളേരി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. കോളനി സന്ദർശനം നടത്തി. മരിച്ച വിശ്വാസികൾക്കു വേണ്ടി വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് യോഗം നടത്തി. സാന്താമോനിക്ക, വചനകവചം എന്നിവ നടത്തി.

**പ്രശാന്തിഗിരി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. മേഖലാ വാർഷികത്തിൽ പങ്കെടുക്കുകയും ഇടവകയിൽ നിന്നും ശ്രീമതി മോളി കിഴക്കേടത്തിനെ മേഖല പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും ചെയ്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീസന്ദർശനം നടത്തി. ആവശ്യക്കാർക്ക് കൂൺ കിറ്റുകൾ വിതരണം ചെയ്യുന്നു.

**പുതിയിടംകുന്ന്**

തിരഞ്ഞെടുപ്പ് നടത്തി. പുതിയ ഭാരവാഹികൾ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മുനമ്പം ഐക്യദാർഢ്യ പ്രഖ്യാപനം നടത്തി. പട്ടികവർഗ്ഗ വികസന വകുപ്പ് മോഡൽ പ്രീ സ്കൂൾ - കാപ്പുംചാൽ അങ്കൺവാടിയും പാതിരിച്ചാൽ അങ്കൺവാടിയും ആനിമേറ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും സന്ദർശനം നടത്തി മധുര പലഹാരങ്ങൾ നല്കി. കരുണ ഐ കെയർ കൽപ്പറ്റ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ കണ്ണു പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

**വാളവയൽ**

മേഖല മീറ്റിങ്ങിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. മരിയസദൻ സന്ദർശിച്ച് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകി.

**പൂക്കോട്ടുംപാടം**

ശിശുദിനം ആചരിച്ചു. മതാധ്യാപകരെ ആദരിച്ചു. രോഗീസന്ദർശനം നടത്തി.

**കല്ലോടി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ

ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി ഭവനസന്ദർശനം നടത്തി. കിടപ്പ് രോഗികളുള്ള വീട് സന്ദർശിച്ചു. ഒരു നിർധന കുടുംബത്തിന് വസ്ത്രം നൽകി. പച്ചക്കറി കൃഷി നടത്തുവാൻ പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകി.

**തലഞ്ഞി**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി. അമ്മമാർക്കായി സംഘടിപ്പിച്ച അടുക്കളത്തോട്ടം മത്സരം വിലയിരുത്തി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവരെ കണ്ടെത്തുകയും ചെയ്തു.

**കുഞ്ഞോം**

സകല വിശുദ്ധർ, സകല മരിച്ചവർ എന്നിവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരിയും പരിസരവും വൃത്തിയാക്കി പൂക്കളും മെഴുകുതിരികളും കത്തിച്ച് അലങ്കരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

**കരിമ്പിൽ**

എക്സിക്യൂട്ടീവ് കൂടി പുതിയ ഭാരവാഹികൾ ചുമതല ഏറ്റെടുത്തു. ജനറൽ ബോഡികൂടി സ്ഥാനം ഒഴിവായ ഭാരവാഹികളെ മെമന്റോ നൽകി ആദരിച്ചു. മാനന്തവാടി മെഡിക്കൽ കോളേജിലേക്ക് അമ്മമാർ പൊതിച്ചോറ് നൽകി.

**മഞ്ഞൂറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഒരു കുടുംബത്തിന് ക്രിസ്മസ് കിറ്റ് നൽകി. മാതാവിന്റെ അമലോൽഭവ തിരുനാൾ ദിനത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ടൗൺ ചർച്ച് മാനന്തവാടി**

സെമിത്തേരി സന്ദർശനം നടത്തി. സമ്പൂർണ്ണ ബൈബിൾ പാരായണത്തിനായി ബൈബിൾ ഭാഗങ്ങൾ അംഗങ്ങൾക്ക് വീതിച്ചു നൽകി. മേഖലാ വാർഷികത്തിന് ആതിഥേയത്വം വഹിച്ചു. അൾത്താര അലങ്കാരത്തിന് പണം നൽകി.

**എള്ളുമന്ദം**

സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരു

നാൾ ആചരിച്ചു. രോഗീസന്ദർശനം നടത്തി. വൃദ്ധമാതാപിതാക്കളെ ആദരിച്ചു. പച്ചക്കറികൃഷി മത്സരത്തിനായി എല്ലാ അമ്മമാരെയും ഒരുക്കി.

**തേൾപ്പാറ**

സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. മാതൃവേദിയുടെ ഫണ്ട് വർദ്ധിപ്പിക്കുന്നതിന് വേണ്ടി യൂണിറ്റ് അടിസ്ഥാനത്തിൽ ഇടവകയിലെ എല്ലാ കുടുംബങ്ങളിലും ദീപിക കലണ്ടർ വിതരണം ചെയ്തു. സ്നേഹസദൻ അഗതിമന്ദിരം സന്ദർശിച്ച് അവർക്ക് ആവശ്യമായ ഭക്ഷണം കൊടുക്കുകയും അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തു.

**കരിമാനി**

2025-2026 വർഷത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തി. മേഖലാ വാർഷികത്തിൽ ഭാരവാഹികൾ പങ്കെടുത്തു. ബെസ്റ്റ് ശാഖയ്ക്കുള്ള മൊമന്റോ ഏറ്റുവാങ്ങി. സെമിത്തേരി വൃത്തിയാക്കി. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു.

**താളിപ്പാടം**

സെമിത്തേരി വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീസന്ദർശനം നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ പള്ളിമുറ്റത്ത് പൂച്ചെടി നട്ടു. പള്ളി വൃത്തിയാക്കി. മതാധ്യാപക ദിനത്തിൽ മതാധ്യാപകരായ അമ്മമാരെ ആദരിച്ചു.

**കൊട്ടിയൂർ**

സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. താമസ യോഗ്യമല്ലാതിരുന്ന ഒരു വീട് അറ്റകുറ്റപ്പണികൾ ചെയ്ത് താമസയോഗ്യമാക്കി. വഖഫ് നിയമത്തിന്റെ പേരിൽ പീഡനങ്ങൾ അനുഭവിക്കുന്ന മുനമ്പം നിവാസികളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് റാലിയിൽ പങ്കെടുത്തു. സെമിത്തേരി സന്ദർശിച്ചു.

**ചോക്കാട്**

സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. മേഖലാ തെരഞ്ഞെടുപ്പിൽ ശാഖാ ഭാരവാ

ഹികൾ എല്ലാവരും പങ്കെടുത്തു. പള്ളി വൃത്തിയാക്കി. എക്സി ക്യൂട്ടീവ് നടത്തി. നവോമി സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. മേഖല വാർഷികത്തിൽ ഭാരവാഹികൾ പങ്കെടുത്തു 2023-2024 വർഷത്തിൽ ആലാറ്റിൽ യൂണിറ്റിന് എ 'ഗ്രേഡ് ലഭിച്ചു. മരണ വീട്ടിൽ 1200/- രൂപ നൽകി.

**മാർട്ടിൻ നഗർ**

ശുദ്ധീകരണ ആത്മാക്കളുടെ വണക്കമാസത്തിൽ കരുണ ക്കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ നടത്തി. സെമിത്തേരി ക്ലീനിങ് നടത്തി. സെമിത്തേരി സന്ദർ ശനം നടത്തി. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. ഒരു രോഗിക്ക് ചികിത്സാ സഹായം നൽകി. ജനറൽബോഡി യോഗം നടത്തി. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പടമലയിൽ നടന്ന മേഖല ഇലക്ഷനിൽ പങ്കെ ടുത്തു. പയ്യമ്പള്ളി മേഖലയിൽ ഒണ്ടയങ്ങാടി ശാഖ എ ഗ്രേ ഡോടെ മികച്ച ശാഖയായി തെരഞ്ഞെടുക്കപ്പെട്ടു.

സ്നേഹാശംസകളോടെ,

**ഫാ. ജോസഫ് പരുവുമ്മേൽ**

**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

**ഡിസംബർ 2024**

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഡിസംബർ 06 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 55 ശുശ്രുഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി.ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

ഡിസംബർ 07-ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ജോസ് മാളോല സ്തുതി ആരാധന നയിച്ചു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രുഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിങ്**

ഡിസംബർ 14 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതുകൗൺസിലിംഗ് ശുശ്രുഷ നടന്നു.

**ആന്തരീക സൗഖ്യ ധ്യാനം**

ഡിസംബർ 19 വ്യാഴം മുതൽ 22 ഞായർ വരെ താമസിച്ചുള്ള ആന്തരിക സൗഖ്യ ധ്യാനം നടത്തപ്പെട്ടു.

സിയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**ഇടവക ധ്യാനങ്ങൾ**

ഡിസംബർ 6,7,8 തീയതികളിൽ മഞ്ഞൂറ ഇടവകയിലും, 13,14,15 തീയതികളിൽ കണിയാമ്പറ്റ ഇടവകയിലും സിയോൻ ടീം ധ്യാനം നടത്തി

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ, 9544606936

**മാനന്തവാടി രൂപതയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ദുരിത പുനരധിവാസ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ**

പുഞ്ചിരിമട്ടം ഉരുൾപൊട്ടൽ ദുരന്തബാധിതർക്കും ജില്ലയിൽ പ്രളയ ബാധിതർക്കും വിവിധതരത്തിലുള്ള സഹായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിൽ മാനന്തവാടി രൂപതയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഏറെ മുന്നിലാണെന്നും ഒപ്പം മാതൃകാപരമാണെന്നും സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ഒ.ആർ കേളു അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാത്തലിക് റിലീഫ് സർവീസിന്റെയും മറ്റ് വിവിധ ഏജൻസികളുടെയും സഹകരണത്തോടെ നടപ്പിലാക്കിയ വിവിധ സഹായ പദ്ധതികളുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പുഞ്ചിരിമട്ടം ദുരന്തത്തിൽ സർവ്വതും നഷ്ടപെട്ടവരുടെ പുനരധിവാസം ഇനി കൂടുതൽ വൈകുകയില്ലെന്നും സർക്കാർ ദുരന്ത ബാധിതരോടൊപ്പം തന്നെ ആണെന്നും മന്ത്രി ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അടക്കം സഹകരിക്കുവാൻ തയ്യാറായ മുഴുവൻ പങ്കാളികളെയും ഉൾപ്പെടുത്തി മാതൃകാപരമായ രീതിയിൽ സമയബന്ധിതമായി പുനരധിവാസം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു.

യോഗത്തിൽ മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് അധ്യക്ഷത വഹിച്ചു. മനുഷ്യ മനസ്സിനെ ഏകോപിപ്പിക്കുന്നതിൽ ദുരന്തമേഖലയിലെ പ്രവർത്തനങ്ങളിലൂടെ സാധിതമായെന്നും, മാനന്തവാടി രൂപതയുടെ സാമൂഹ്യവികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം വ്യക്തികളും സ്ഥാപനങ്ങളും സഹായിച്ചിട്ടുണ്ട് എന്നും പിതാവ് ഓർമ്മിപ്പിച്ചു. പുഞ്ചിരിമട്ടം ദുരന്ത ബാധി

തരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് മാനന്തവാടി രൂപതയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അതിവേഗം മുന്നോട്ടു പോകുമെന്ന് പിതാവ് ഓർമ്മിപ്പിച്ചു. മാനന്തവാടി രൂപതയും രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ചേർന്ന് ഇതിനോടകം പ്രളയ ഉരുൾപൊട്ടൽ ദുരിതബാധിതരായ 12200 കുടുംബങ്ങൾക്ക് മൂന്നുകോടി 30 ലക്ഷം രൂപയുടെ സഹായം എത്തിക്കുവാൻ സാധിച്ചുവെന്നും പിതാവ് അറിയിച്ചു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സൗത്ത് അമേരിക്കൻ രാജ്യമായ ചിലി ആസ്ഥാനമായി പ്രവർത്തിക്കുന്ന സെലാവിപ് എന്ന വികസന ഏജൻസിയുമായി സഹകരിച്ച് ആദിവാസി വിഭാഗത്തിൽപെടുന്ന 30 കുടുബങ്ങൾക്കായി നിർമ്മാണം പൂർത്തിയാക്കിയ ഭവനങ്ങളുടെ താക്കോൽദാനം മന്ത്രി ഒ.ആർ കേളു നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനുമായി സഹകരിച്ച് 30 സ്വാശ്രയ സംഘങ്ങൾക്ക് മൂന്ന് കോടി രൂപ വായ്പയായി വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം മാനന്തവാടി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സി.കെ. രത്നവല്ലി നിർവ്വഹിച്ചു. പുഞ്ചിരിമട്ടം ഉരുൾപൊട്ടൽ ദുരന്തത്തിൽപെട്ട വിദ്യർത്ഥികൾക്ക് ലൈഫ് യുണൈറ്റഡ് കിങ്ഡം, യുണൈറ്റഡ് മലയാളീസ് ഇൻ ലെസ്റ്റർ എന്നിവർ നൽകിയ സ്കോളർഷിപ്പുകളുടെ വിതരണ ഉദ്ഘാടനം കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ ജേക്കബ് മാവുങ്കൽ നിർവ്വഹിച്ചു. പുഞ്ചിരിമട്ടം ഉരുൾപൊട്ടൽ ദുരന്തത്തിൽപെട്ട 25 വിദ്യാർത്ഥികൾക്കായി വോയ്സ് ട്രസ്റ്റ് ചെന്നൈ നൽകുന്ന സൈക്കിളുകളുടെ വിതരണ ഉദ്ഘാടനം വോയ്സ് ട്രസ്റ്റ് അഡ്മിനിസ്ട്രേറ്റർ ജാനറ്റ് പ്രീതി നിർവ്വഹിച്ചു.

കാത്തലിക് റിലീഫ് സർവ്വീസിന്റെ സാമ്പത്തിക സഹായത്തോടെ ദുരിതബാധിതർക്ക് വിതരണം ചെയ്ത പോത്തുകുട്ടികളുടെ വിതരണ ഉദ്ഘാടനം കാത്തലിക് റിലീഫ് സർവീസ് ഫിനാൻസ് മാനേജർ വർഗീസ് ജോൺ നിർവ്വഹിച്ചു. കാത്തലിക് റിലീഫ് സർവ്വീസിന്റെ സാമ്പത്തിക സഹായത്തോടെ ദുരിതബാധിതർക്ക് വിതരണം ചെയ്ത കോഴിയും കൂടും പദ്ധതിയുടെ

ഉദ്ഘാടനം ബയോവിൻ അഗ്രോ റിസർച്ച് മാനേജിങ് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ നിർവ്വഹിച്ചു. കേരള അസോസിയേഷൻ ഓഫ് പോളിന്റെ സാമ്പത്തിക സഹായത്തോടെ ദുരിതബാധിതർക്ക് വിതരണം ചെയ്ത ഹൈസ്പീഡ് ടൈലറിംങ് മെഷിനുകളുടെ വിതരണ ഉദ്ഘാടനം കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോക്ടർ വി.ആർ ഹരിദാസ് നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ചുമായി സഹകരിച്ച് നടപ്പിലാക്കുന്ന പച്ചക്കറി വിത്തുകളുടെ വിതരണ ഉദ്ഘാടനം കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി നിർവഹിച്ചു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടിവ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, വൈസ് പ്രസിഡണ്ട് സെബാസ്ററ്യൻ പാലംപറമ്പിൽ, കേരള സോഷ്യൽ സർവീസ് ഫോറം പ്രൊജക്റ്റ് മാനേജർ കെ.ഡി.ജോസഫ്, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, ബയോവിൻ അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ, മാനന്തവാടി മുൻസിപ്പാലിറ്റി കൗൺസിലർ ആലീസ് സിസിൽ എന്നിവർ സംസാരിച്ചു. പരിപാടിയിൽ ചൂരൽമല മുണ്ടക്കൈ പ്രദേശങ്ങളിൽ നിന്നുള്ള നൂറോളം നിവാസികളും മുപ്പത് കുട്ടികളും പങ്കെടുത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തകർ, ജനകീയ കൗൺസിലർമാർ, എം.ഇ.എസ് കോളേജ് വടകര, ഡോൺ ബോസ്കോ കോളേജ് അങ്ങാടിക്കടവ്, സെന്റ് ഫിലോമിനാസ് കോളേജ് മൈസൂർ എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി

**മുപ്പത് ഭവനങ്ങൾ പൂർത്തീകരിച്ച് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി**

സാമ്പത്തിക പോരായ്മ മൂലവും കരാറുകാരാൽ വഞ്ചിക്കപ്പെട്ടും ഭവനങ്ങളുടെ പണി പൂർത്തിയാക്കുവാൻ സാധിക്കാതെ താൽക്കാലികമായി നിർമിച്ച ഷെഡുകളിൽ വർഷങ്ങളായി താമസിച്ചു വന്നിരുന്ന 30 ആദിവാസി വിഭാഗത്തിൽപെട്ട കുടുംബങ്ങളുടെ ഭവനങ്ങൾ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പൂർത്തീകരിച്ചു. സൗത്ത് അമേരിക്കൻ രാജ്യമായ ചിലി ആസ്ഥാനമായി പ്രവർത്തിക്കുന്ന സെലാവിപ് എന്ന വികസന

ഏജൻസിയുമായി സഹകരിച്ചാണ് എടവക, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിലെ 30 ഭവനങ്ങളുടെ പണിയാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പൂർത്തീകരിച്ചത്. വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തികൾ ആണ് നടപ്പിലാക്കിയത്. ചില വീടുകളുടെ പ്ലാസ്റ്ററിങ് വർക്ക് പൂർത്തീകരിച്ചു. കുറച്ച് വീടു കളുടെ ഫ്ളോർ ടൈൽ ഇട്ടു. ഒരു വീടിന്റെ അടുക്കള നിർമിച്ചു നൽകി. ചിലവീടുകളുടെ വയറിങ്, പ്ലംബിംഗ് അടക്കമുള്ള മുഴുവൻ പണിയും പൂർത്തീകരിച്ചു. വർഷങ്ങളായി പണി പൂർത്തീകരിക്കു വാൻ സാധിക്കാതെ താൽക്കാലിക ഷെഡിൽ കഴിഞ്ഞിരുന്ന 30 കുടുംബങ്ങളുടെ ഒരു സുരക്ഷിതമായ ഭവനം എന്ന സ്വപ്നമാണ് ഈ പദ്ധതിയിലൂടെ യാഥാർഥ്യമായത്. ഈ പദ്ധതിയുടെ ഔപ ചാരികമായ ഉദ്ഘാടനം ഡിസംബർ 14 ശനിയാഴ്ച വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ ബഹു. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രി  ഒ ആർ കേളു നിർവഹിക്കും. ആറുമാസം കൊണ്ട് ആണ് ഭവനങ്ങളുടെ നിർ മ്മാണം പൂർത്തീകരിച്ചത്. വയനാട്ടിൽ അറിയപ്പെടുന്ന  കെട്ടിട നിർമ്മാണ കമ്പനിയായ ടെക്റ്റികോൺ ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തീ കരിച്ചത്. പദ്ധതി പ്രവർത്തങ്ങൾക്ക് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാല ത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി. വരുന്ന സാമ്പത്തിക വർഷം 40 ടോയിലറ്റുകൾ നിർമ്മിക്കുവാൻ സെലാവിപ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

**വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് വാഹനം നൽകി ഫെഡറൽ ബാങ്ക്**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കഴിഞ്ഞ 50 വർഷത്തെ നിസ്തുല സേവനം പരിഗണിച്ചു മഹീന്ദ്ര ബൊലേറോ ജീപ്പ് നൽകി ഫെഡറൽ ബാങ്ക്. ഫെഡറൽ ബാങ്കി ന്റെ CSR പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ജീപ്പ് നൽകിയത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സമൂഹത്തിന് നൽകി കൊണ്ടിരിക്കുന്ന സേവനങ്ങൾ വിലമതിച്ചു കൊണ്ടാണ് വാഹനം നൽകിയതെന്നും ഇനിയും ഏറെ സാമൂഹ്യ വികസന

പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് സാധിക്കട്ടെ എന്നും വാഹനം കൈമാറി കൊണ്ട് ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും കോഴിക്കോട് സോണൽ ഹെഡുമായ സതീഷ് എ അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫെഡറൽ ബാങ്ക് റീജിയൻ ഹെഡ് പ്രമോദ് കുമാർ, സീനിയർ മാനേജർ റൂബി ജോസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി. എ, മാനേജർ ആൽവിൻ ജോസ്, ഫെഡറൽ ബാങ്ക് ഓഫീസർമാരായ സന്ദീപ്എസ്, പ്രമോദ് കുമാർ എന്നിവർ സംസാരിച്ചു.

**ജനകീയ കൗൺസിലർമാർ ചരിത്രം രചിക്കുന്നു: പി. കെ. കുര്യൻ**

വയനാട്ടിൽ പ്രളയ/ ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് മാനസിക പിന്തുണ നൽകുന്നതിനായി രൂപീകരിച്ച ജനകീയ കൗൺസിലർമാർ വായനാട്ടിൽ ഒരു പുതിയ ചരിത്രം രചിക്കുകയാണെന്നും കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ആയിരങ്ങൾക്ക് ആശ്വാസമാകുവാനും ജീവിതത്തിലേക്ക് കൈപിടിച്ചു നടത്തുവാനും സാധിച്ചുവെന്നും ലോക ബാങ്ക് കൺസൾട്ടന്റും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കാത്തലിക് റിലീഫ് സർവ്വീസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പുനരധിവാസ പദ്ധതിയുടെ മാനേജരുമായ പി.കെ കുര്യൻ അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കാത്തലിക് റിലീഫ് സർവീസിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ പ്രളയ/ഉരുൾപൊട്ടൽ ദുരിത ബാധിതർക്ക് മാനസിക പിന്തുണ നല്കുന്നതിനായി രൂപീകരിച്ച ജനകീയ കൗൺസിലിംഗ് ടീമിന്റെ മൂന്നാം ഘട്ട പരിശീലനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പുഞ്ചിരിമട്ടം ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപെട്ട നൂറുകണക്കിന് വ്യക്തികളെ ജീവിതത്തിലേക്ക് തിരികെ നടത്തുന്നതിന് ജനകീയ കൗൺസിലിംഗ് പദ്ധതിയിലൂടെ സാധിച്ചുവെന്നും ദുരന്ത ബാധിതർക്ക് മാത്രമല്ല മാനസിക സംഘർഷം അനുഭവിക്കുന്ന ആയിരങ്ങൾക്ക് ആശ്വാസമാകുവാൻ കൗൺസിലേഴ്സിന് സാധിച്ചു എന്നും അദ്ദേഹം

കൂട്ടിച്ചേർത്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാത്തലിക് റിലീഫ് സർവീസ് ഫിനാൻസ് ഓഫീസർ വർഗ്ഗീസ് സി.ജെ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് സെബാസ്റ്യൻ പാലംപറമ്പിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, പ്രോഗ്രാം കോ ഓർഡിനേറ്റർമാരായ ചിഞ്ചു മരിയ, ജാൻസി ജിജോ എന്നിവർ സംസാരിച്ചു. സ്കാർഫ് ചെന്നൈ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ കോ ഓർഡിനേറ്റർ ജെയ്നി ജോസഫ്, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ മുഹമ്മദ് മുഹ്സിൻ, സൈക്കോളജിസ്റ്റ് കലാ വീണ എന്നിവർ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിശീലനത്തിന് നേതൃത്വം നൽകും. പരിശീലനത്തിൽ 50 ജനകീയ കൗൺസിലർമാർ പങ്കെടുത്തു വരുന്നു. പരിപാടിക്ക് ഫീൽഡ് സൂപ്പർവൈസേഴ്സ് ആയ ബിൻസി വർഗീസ്, ജിനി ഷിനു, ഷീന ആന്റണി, ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി വരുന്നു.

**കാരുണ്യ സ്പർശമായി വീണ്ടും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി**

സ്വന്തമായി കിടപ്പാടമില്ലാത്ത പാവപ്പെട്ട ഒരു കുടുംബത്തിന് കൂടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഭവനം നിർമിച്ചു നൽകി. മുതിരേരി പ്രദേശത്തെ കുറുപ്പൻപറമ്പിൽ ഷിജോ കുര്യനും കുടുംബത്തിനുമാണ് പുതിയ ഭവനം നിർമിച്ചു നൽകിയത്. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന, കൂലിപണി എടുത്ത് ജീവിക്കുന്ന ഈ കുടുംബത്തിന് സ്വന്തമായി ഒരു ഭവനം എന്നത് ഒരു സ്വപ്നം മാത്രമായിരുന്നു. തന്റെ ഭാര്യയോടും ഒമ്പതും നാലും വയസ്സ് പ്രായമുള്ള രണ്ട് പെൺകുട്ടികളോടും ഒപ്പം ഒരു കുടിലിൽ കഴിഞ്ഞിരുന്ന ഷിജോക്ക് ഒരു ഭവനത്തെക്കുറിച്ച് ചിന്തിക്കുവാൻ പോലും സാധിക്കുമായിരുന്നില്ല. ഈ ഘട്ടത്തിൽ ആണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, സേവ് എ ഫാമിലി പ്ലാൻ, ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ, സെന്റ് വിൻസന്റ്ഗിരി കോൺഗ്രിഗേഷൻ എന്നിവയുടെ സാമ്പത്തിക സഹായത്തോടെ ഭവന നിർമ്മാണം പൂർത്തീകരിച്ചത്. ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ നിർവഹിച്ചു. മുതിരേരി ലിറ്റിൽ ഫ്ളവർ പള്ളി വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ പങ്കെടുത്തു

**ഒറ്റപ്പെട്ടു പോകുന്നതാണ് ഏറ്റവും വലിയ ദാരിദ്ര്യം: ഫാ. ജോർജ് നെരപ്പുകാലായിൽ**

ഒറ്റപ്പെട്ടു പോകുന്നതാണ് ഏറ്റവും വലിയ ദാരിദ്ര്യം എന്നും ദുരന്തങ്ങളിലും അപകടങ്ങളിലുമായി എല്ലാം നഷ്ടപ്പെട്ടവരേയും പാർശ്വവല്കരിക്കപ്പെട്ടവരേയും ചേർത്തു പിടിക്കുന്നതാണ് യഥാർത്ഥ സാമൂഹ്യ പ്രവർത്തനം എന്നും കാത്തലിക് ബിഷപ് കോൺഫ്രൻസ് ഓഫ് ഇന്ത്യ ലേബർ കമ്മീഷൻ സെക്രട്ടറിയും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ ഡയറക്ടറുമായ റവ. ഫാ. ജോർജ് നെരപ്പുകാലായിൽ അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കാത്തലിക് റിലീഫ് സർവീസിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ പ്രളയ ഉരുൾ പൊട്ടൽ ദുരിതബാധിതർക്ക് മാനസിക പിന്തുണ നല്കുന്നതിനായി രൂപീകരിച്ച ജനകീയ കൗൺസിലിംഗ് ടീമിന്റെ രണ്ടാം ഘട്ട പരിശീലനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യനെ സ്നേഹിക്കുക, അവരെ കേൾക്കുക, ആശ്വാസമായി കൂടെ നില്ക്കുക, മാനസിക പിന്തുണ നല്കുക, ദുരിതബാധിതരുടെ ഉന്നമനത്തിനായി പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക എന്നിവയാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും ചെയ്യേണ്ടത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാത്തലിക് റിലീഫ് സർവീസ് ഫിനാൻസ് ഓഫീസർ വർഗ്ഗീസ്സ്. സി.ജെ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വൈസ് പ്രസിഡണ്ട് സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, പ്രോഗ്രാം കോ ഓർഡിനേറ്റർമാരായ ചിഞ്ചുമരിയ, ജാൻസി ജിജോ എന്നിവർ സംസാരിച്ചു. സ്കാർഫ് ചെന്നൈ സൈക്കോ

സോഷ്യൽ റീഹാബിലിറ്റേഷൻ കോ ഓർഡിനേറ്റർ ജെയ്നി ജോസഫ്, റിസർച്ച് അസ്സോസിയേറ്റ് അർപ്പിത അരുൺ എന്നിവർ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിശീലനത്തിന് നേതൃത്വം നൽകും. പരിശീലനത്തിൽ 50 ജനകീയ കൗൺസിലർമാർ പങ്കെടുത്തു വരുന്നു. പരിപാടിക്ക് ഫീൽഡ് സൂപ്പർവൈസേഴ്സ് ആയ ബിൻസി വർഗീസ്, ജിനി ഷിനു, ഷീന ആന്റണി, ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫെയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ**

ചുങ്കക്കുന്ന്, വെള്ളൂന്നി, കൊട്ടിയൂർ, പാറത്തോട്ടം, അമ്പായത്തോട്, ഒഴുക്കന്മൂല, കുറുമണി, കോട്ടത്തറ, മംഗലശ്ശേരി, തലപ്പുഴ, പ്രശാന്തിഗിരി, കരിമ്പിൽ, യവനാർകുളം, കല്ലോടി പോരൂർ, ആലാറ്റിൽ, അരിഞ്ചേർമല, മുതിരേരി എന്നീ യൂണിറ്റുകളിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റികളുടെ മീറ്റിംഗുകൾ നടത്തി.

**സ്വാശ്രയ സംഘം രൂപീകരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൂബിലി വർഷം പ്രമാണിച്ച് കൂടുതൽ ഇടവകകളിലേക്ക് കൂടി സംഘങ്ങൾ രൂപീകരിക്കുക, പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ കൈരളി കുപ്പാടിത്തറ, ഐശ്വര്യ കരിമാനി, ആവണി ചീങ്ങോട്, ദശപുഷ്പം കുപ്പാടിത്തറ എന്നീ സംഘങ്ങൾ രൂപീകരിച്ചു.

**JLG രൂപീകരണം**

ഒഴക്കോടിയിൽ നാല് അംഗങ്ങൾ ചേർന്ന് ശാലോം എന്ന പേരിൽ JLG രൂപീകരിച്ചു.

**SHG സന്ദർശനം**

കലിവ് വരടിമൂല, സ്വാശ്രയ സംഘത്തിൽ കോഡിനേറ്റർ ആലീസ് സിസിലും പ്രതീക്ഷ മാനന്തവാടി, ചങ്ങാതിക്കൂട്ടം കല്ലോടി എന്നീ യൂണിറ്റുകളിൽ കോഡിനേറ്റർ ഷീന ആന്റണിയും സന്ദർശനം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

എല്ലാവർക്കും പുതുവർഷാശംസകൾ സ്നേഹപൂർവ്വം നേരുന്നു. ജീവസ്സ് & കെ.എൽ.എം ഒരു സ്വതന്ത്ര ഡിപ്പാർട്ട്മെന്റായി നമ്മുടെ രൂപതയിൽ പ്രവർത്തനമാരംഭിച്ചിട്ട് ഒരു വർഷം തികയുന്നു. ഇടവക, ഫൊറോനാ തലങ്ങളിൽ ബോധവത്കരണ സെമിനാറുകളും, പാരീഷ് ക്യാമ്പുകളും, നേതൃനിര രൂപപ്പെടുത്തലുമാണ് പ്രധാനമായും ലക്ഷ്യം വെച്ചത്. എല്ലാ വൈദികരുടേയും സഹകരണം ഈ മേഖലയിൽ ലഭിക്കുകയുണ്ടായി. ഫൊറോന വികാരിയച്ചൻമാരാണ് ഫൊറോനാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്. പാരീഷ് കോഡിനേറ്റർമാർ ക്രിയാത്മകമായി സഹകരിച്ചു. ടീം അംഗങ്ങൾ മികച്ച പിന്തുണ നല്കി. എല്ലാവരോടുള്ള നന്ദി സ്നേഹപൂർവ്വം നേരുന്നു. കൂടുതൽ കരുത്തോടെ പ്രവർത്തിക്കാൻ പുതിയ വർഷത്തിൽ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

**പാരീഷ് സെമിനാറുകൾ**

24-11-24ന് ചുണ്ടക്കര ഇടവകയിൽ നടന്ന സെമിനാർ ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സ് നയിച്ചു. കോഡിനേറ്റർ ജോബി ജോർജ് നന്ദി പറഞ്ഞു.

1-12-24ന് നടവയൽ ഇടവകയിൽ ആർച്ച് പ്രീസ്റ്റ് ഗർവാസിസ് മറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ക്ലാസ്സ് നയിച്ചു. കോഡിനേറ്റർ ബിനു പാറാനി, മതബോധന ഹെഡ്മാസ്റ്റർ എന്നിവർ നേതൃത്വം നല്കി.

**പാരീഷ് ക്യാമ്പുകൾ**

70 വയസ്സ് കഴിഞ്ഞവർക്കായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളെ രജിസ്റ്റർ ചെയ്യുന്നതിനായി 29-11-24 ന് നിലമ്പൂർ ഇടവകയിൽ കോഡിനേറ്റർ ജോയി ചാച്ചിറ മുൻകൈ എടുത്ത് ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. ജയ്സൺ കുഴികണ്ടത്തിൽ

ഉദ്ഘാടനം ചെയ്തു. 72 പേർ ഈ പദ്ധതിയിൽ ചേർന്നു. ഇടവകയിലെ കെ.സി.വൈ.എം പ്രവർത്തകർ നേതൃത്വം നല്കി.

8-12-24ന് ദ്വാരക ഇടവകയിൽ പോസ്റ്റൽ ആരോഗ്യ ഇൻഷൂറൻസ് ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. ബാബു മൂത്തേടം ഉദ്ഘാടനം ചെയ്തു. പോസ്റ്റൽ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥർ നേതൃത്വം നല്കി. 45 കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നു. പാരീഷ് കോഡിനേറ്റർ തങ്കച്ചൻ പിലാപ്പള്ളിൽ മികച്ച സംഘാടനമാണ് നടത്തിയത്.

**ലേബർ ഫസിലിറ്റേഷൻ സെന്ററുകൾ**

ദ്വാരകയിൽ കെ.എൽ.എ ലേബർ ഫസിലിറ്റേഷൻ സെന്ററും ഇ നെറ്റ് ജനസേവന കേന്ദ്രവും പ്രവർത്തനമാരംഭിച്ചു. 9 -12-24ന് വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ വെഞ്ചിരിപ്പ് നടത്തുകയും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. രൂപതാ ടീം അംഗം ജോൺസൺ ചിറായിൽ സ്വാഗതം പറഞ്ഞു. ബിന്ദു ചിറായിൽ ആണ് സെന്റർ നടത്തിപ്പ് ഏറ്റെടുത്തിരിക്കുന്നത്.

11-12-24 ന് കമ്പളക്കാട് ടൗണിൽ ലേബർ ഫസിലിറ്റേഷൻ സെന്റർ & ഇനെറ്റ് ജനസേവന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. പറളിക്കുന്ന് ഇടവക വികാരി ഫാ. തോമസ് ജോസഫ് തേരകം വെഞ്ചിരിപ്പു നടത്തി. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു.

**സംസ്ഥാന തല മീറ്റിംഗ്**

വർക്കേർസ് ഇന്ത്യാ ഫെഡറേഷനും, കെ.എൽ.എം സഹകരിച്ച് സംഘടിപ്പിച്ച സംസ്ഥാന തൊഴിലാളി നേതൃസംഗമത്തിൽ രൂപതയിൽ നിന്നും അഞ്ച് പേർ പങ്കെടുക്കുകയുണ്ടായി.

**പാരീഷ് കോഡിനേറ്റർമാരുടെ വാർഷിക യോഗം**

ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും, അടുത്ത വർഷത്തെ പദ്ധതികൾ രൂപപ്പെടുത്താനും രൂപതാ നേതൃത്വത്തെ തെരഞ്ഞെടുക്കാനുമായി രൂപതയിലെ മുഴുവൻ പാരീഷ് കോഡിനേറ്റർമാരുടേയും യോഗം 28-12-24ന് രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ മാനന്തവാടിയിലുള്ള WSSS ഓഡിറ്റോറിയത്തിൽ ചേരുന്നു. എല്ലാ കോഡിനേറ്റർമാരും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്ന 60 വയസ്സ് പൂർത്തിയായ 14 പേരുടെ ആനുകൂല്യം ഈ മാസം പാസ്സായി. പദ്ധതി പൂർത്തിയായവർ തിരിച്ചെടുക്കാൻ അപേക്ഷ സമർപ്പിക്കുമ്പോൾ ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, പാൻ കാർഡ് എന്നിവയിലുള്ള പേരും ആധാർ, പാൻ എന്നിവയിലുള്ള ജനന തിയ്യതിയും ഒരുപോലെ ആകാൻ ശ്രദ്ധിക്കുമല്ലോ. 2024-2025 സാമ്പത്തിക വർഷത്തിൽ പുതുക്കൽ 2025 ജനുവരി 25 ന് അവസാനിക്കുന്നതാണ്.

**തയ്യൽ തൊഴിലാളി ക്ഷേമനിധി**

ഒക്ടോബർ മാസത്തിൽ രജിസ്ട്രേഷൻ കഴിഞ്ഞ മുഴുവൻ തൊഴിലാളികൾക്കും അംഗത്വനമ്പർ ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

## 1. NABARD Programmes

**NABARD JLG Programme:** നബാഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുന്ന JLG പ്രോഗ്രാമുമായി ബന്ധപ്പെട്ട് ധർമ്മഗിരി യൂണിറ്റിൽ 7 ഗ്രൂപ്പുകളും, ബോസ്പാറ യൂണിറ്റിൽ 1 ഗ്രൂപ്പും, കൽപ്ര യൂണിറ്റിൽ 6 ഗ്രൂപ്പുകളും, മാർത്തോമ്മാ നഗർ യൂണിറ്റിൽ 4 ഗ്രൂപ്പുകളും, ആറാട്ടുപാറ യൂണിറ്റിൽ 6 ഗ്രൂപ്പുകളും, കയ്യൂന്നി യൂണിറ്റിൽ 6 ഗ്രൂപ്പുകളും രൂപീകരിച്ചു. മാർത്തോമ്മാ നഗർ യൂണിറ്റിൽ JLG ഗ്രൂപ്പുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് 03.12.2024 സമരിറ്റൻ ആശുപത്രിയിൽ വെച്ച് മീറ്റിംഗ് നടത്തുകയുണ്ടായി. മീറ്റിംഗിൽ 20 അംഗങ്ങൾ പങ്കെടുത്തു. NDS പ്രോജക്ട് കോഡിനേറ്റർ ജോഷി മീറ്റിംഗിന് നേതൃത്വം നൽകി. JLG രൂപീകരണവുമായി ബന്ധപ്പെട്ട അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നല്കി. ഇവർക്ക് ഊട്ടിയിലുള്ള ബാങ്ക് ഓഫ് ബറോഡയിൽ നിന്നും ലോണുകൾ ലഭ്യമാക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്തു വരുന്നു.

## 2. NDS Regional Evaluation Meeting

2024 ഡിസംബർ മാസം 14-ാം തീയതി ശനിയാഴ്ച രാവിലെ 11.00 മണി മുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിംഗിന് NDS ഡയറക്ടർ ഫാദർ ബിനോയി കാശാംകുറ്റിയിൽ നേതൃത്വം കൊടുത്തു. NDS പെരിയശോല, വിമലഗിരി, കൽപ്ര, ധർമ്മഗിരി, ബോസ്പാറ, കയ്യൂന്നി യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യൂണിറ്റ് പ്രതിനിധികൾ കഴിഞ്ഞ രണ്ടുമാസത്തെ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഡയറക്ടറച്ചൻ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ചെയ്ത യൂണിറ്റുകളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. തുടർന്ന് NDS-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന NABARD JLG പ്രോജക്ടിന്റെ പുരോഗതിയെകുറിച്ച് അച്ചൻ സംസാരിച്ചു.

കൂടാതെ ഡിസംബർ മാസത്തിൽ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തണമെന്നും, നമ്മുടെ ഇടവകാ പരിസരത്ത് ജീവിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്യണമെന്നും, അങ്ങനെ സമൂഹത്തിൽ കാരുണ്യത്തിന്റെ മുഖമായി ഒരോ NDS അംഗവും മാറണമെന്നും തന്റെ ക്രിസ്തുമസ് സന്ദേശത്തിൽ അച്ചൻ അറിയിച്ചു. തുടർന്ന് ക്രിസ്തുമസ് കേക്ക് മുറിക്കുകയും ചെയ്തു.

**3. ഭവന നിർമ്മാണ സഹായം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രണ്ട് കുടുംബങ്ങൾക്കുവേണ്ടി ധർമ്മഗിരി ഇടവകയിൽ പണി പുരോഗമിക്കുന്ന ഭവനങ്ങളുടെ നിർമ്മാണ ചിലവിന്റെ സഹായമായി 50,000 രൂപ നൽകി.

**4. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**വിമലഗിരി:** ഇവാലുവേഷൻ മീറ്റിംഗും, കർമ്മസമിതി മീറ്റിംഗും നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. ക്യാൻസർ രോഗികൾക്ക് മുടി ദാനം ചെയ്തു. എക്സിക്യൂട്ടിവ് അംഗങ്ങൾ രോഗീസന്ദർശനം നടത്തി. മരിയ നികേതൻ ഡേ കെയർ സെന്റർ സന്ദർശിച്ച് സഹായം നൽകി. രോഗീസഹായം 5000 രൂപ നൽകി.

**ധർമ്മഗിരി:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയൻ ലോണുകൾ നൽകി. പച്ചക്കറി തോട്ടത്തിന്റെയും, പച്ചക്കറി തൈകളുടെ നേഴ്സറിയുടെയും പണികൾ പൂർത്തിയാക്കി.

**കൽപ്ര:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. 40 അംഗങ്ങൾ അടുക്കള പച്ചക്കറിത്തോട്ട നിർമ്മാണം നടത്തി. സംരംഭകത്വ ലോണുകൾ നൽകി.

**കയ്യൂന്നി:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. രോഗീസഹായം നൽകി. പൊതു ഇടങ്ങൾ വൃത്തിയാക്കി.

**ബോസ്പാറ:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ഗാന്ധിജയന്തി ദിനാചരണം നടത്തി. റോഡ് സൈഡ്

വൃത്തിയാക്കി, ആശുപത്രിപരിസരം വൃത്തിയാക്കി, ലൂയിസ് അനുസ്മരണം നടത്തി, രോഗീസന്ദർശനം നടത്തി, ക്രഡിറ്റ് യൂണിയൻ ലോണുകൾ നല്കി.

**5. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിലെ പാട്ടവയൽ, ദേവർഷോല, ദേവാല, ബെക്കി, കുന്നലാടി, കൽപ്ര, കയ്യൂന്നി, പനംചിറ പ്രദേശങ്ങളിൽ 23 ഭവനങ്ങളിൽ സന്ദർശനം നടത്തുകയും കിടപ്പുരോഗികളായവർക്ക് ആവശ്യമായ പാലിയേറ്റീവ് കെയർ നല്കുകയും ചെയ്തു. കിടപ്പുരോഗികളായവരുടെ ഷുഗർ, ബി.പി എന്നിവ പരിശോധിക്കുകയും അത്യാവശ്യമായി യൂറിൻ ട്യൂബ്, റൈൽ ട്യൂബ് ഇടേണ്ട രോഗികൾക്ക് അത്തരം പരിചരണങ്ങളും നല്കി വരുന്നു. മാസത്തിന്റെ മൂന്നാമത്തെ ശനിയാഴ്ച്ച പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുകയും അന്നേ ദിവസം രോഗികളെ പ്രത്യേകമായി നോക്കുകയും അവർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ നൽകുകയും ചെയ്തു. ഇതിനുംപുറമേ നിർദ്ദനരായ രോഗികൾക്ക് സൗജന്യ അംബുലൻസ് സഹായം നൽകി.

**6. TAS - Psychological Wellness and Training Centre**

**SSLC പരീക്ഷാ ഒരുക്ക സെമിനാർ**

07.12.2024 ന് നടവയൽ സെന്റ് തോമസ് ഹൈസ്ക്കൂളിലെ ഈ വർഷം SSLC പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 158 കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അർദ്ധദിന സെമിനാറും, പരീക്ഷ ഒരുക്ക ക്ലാസും നടത്തി. രാവിലെ 9.30 മുതൽ 11.30 വരെ കുട്ടികൾക്കുള്ള പരീക്ഷ ഒരുക്ക ക്ലാസിന് TAS ടീം അംഗം ജോഷി നേതൃത്വം കൊടുത്തു. അതേ തുടർന്ന് മാതാപിതാക്കൾക്കും കുട്ടികൾക്കുമൊരുമിച്ച് നടത്തിയ മ്യൂസിക്കൽ തെറാപ്പി സെഷന് ശ്രീ. ജിതിൻ, ജോഷി എന്നിവർ നേതൃത്വം നൽകി. സ്കൂൾ ഹെഡ്മാസ്റ്റർ ഷാജി സാറും, ക്ലാസ് അദ്ധ്യാപകരും സെഷന് സഹായിച്ചു.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ് സംവിധാനം, റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവമാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**NOP ഓഡിറ്റ് പൂർത്തീകരിച്ചു**

വിവിധ പഞ്ചായത്തുകളിലായി 05 ICS കളുടെ NOP സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. അമേരിക്കൻ രാജ്യങ്ങളിലേക്ക് ജൈവ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനാവശ്യമായ സർട്ടിഫിക്കേഷൻ പദ്ധതിയാണ് USDA -NOP (നാഷണൽ ഓർഗാനിക് പ്രോഗ്രാം). ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു. സർട്ടിഫിക്കേഷൻ ഏജൻസിയായ ഇക്കോസെർട്ടിൽ നിന്നും ശ്രീ. നിജു കുമാർ, ശ്രീ.കിരൺ എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**Eu, NOP ഓഡിറ്റ് പൂർത്തീകരിച്ചു**

ഉത്പന്നങ്ങൾ സംസ്കരിച്ച് യൂറോപ്പിലേക്ക് വിപണനം ചെയ്യുന്നതിനാവശ്യമായ യൂറോപ്യൻ സ്റ്റാൻഡേർഡ് സർട്ടിഫിക്കേഷൻ, അമേരിക്കൻ രാജ്യങ്ങളിലേക്ക് വിപണനം നടത്തുന്നതിനാവശ്യമായ NOP സർട്ടിഫിക്കേഷൻ എന്നിവ പുതുക്കുന്നതിനായുള്ള ഓഡിറ്റുകൾ പൂർത്തീകരിച്ചു. ബയോ അഗ്രിസർട്ടിൽ നിന്നും ഓഡിറ്റർ ശ്രീ. കരുണാകരൻ യൂറോപ്യൻ മാനദണ്ഡപ്രകാരമുള്ള പരിശോധനകൾ നടത്തുകയും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. എക്കോസെർട്ടിൽ നിന്നും ശ്രീ. നിജുകുമാർ NOP മാനദണ്ഡപ്രകാരമുള്ള പരിശോധനകൾ നടത്തുകയും ചെയ്തു. ശ്രീമതി രമ്യ ഡോക്യൂമെന്റുകൾ ക്രമീകരിക്കുകയും, ഫാക്ടറി മാനേജർ ശ്രീ. തേജസ് നേതൃത്വം നൽകുകയും ചെയ്തു.

**സംഭരണം**

ജൂലൈ മാസം കർഷകരിൽ നിന്നും 64083 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 223 രൂപ നിരക്കിലും ഉണക്ക കുരുമുളക് 1477 കിലോ 700 രൂപ നിരക്കിലും രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്ക രണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോ ലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, മഞ്ഞൾ, കൈതച്ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങ ളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യ യിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ഡോ. ബി. ആർ. അംബേദ്കർ മാധ്യമ പുരസ്കാരം**

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഡോ. ബി. ആർ. അംബേദ്കർ മാധ്യമപുരസ്കാരം തുടർച്ചയായ അഞ്ചാം തവണയും റേഡിയോ മാറ്റൊലിക്ക്. ശ്രവ്യമാധ്യമ വിഭാഗത്തിലാണ് റേഡിയോ മാറ്റൊലി പുരസ്കാരം സ്വന്തമാക്കിയത്. പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾക്ക് നല്കുന്നതാണ് പുരസ്കാരം. ആദിവാസി ഭാഷയിൽ തന്നെ അവതരിപ്പിക്കുന്ന തുടിച്ചെത്തം എന്ന പരിപാടിക്കാണ് പുരസ്കാരം ലഭിച്ചത്. പ്രോഗ്രാം പ്രൊഡ്യൂസർ പൂർണിമ കെ. ആണ് പുരസ്കാരാർഹമായ റിപ്പോർട്ട് തയ്യാറാക്കിയത്. 15,000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. ഡിസംബർ 06 ന് തിരുവനന്തപുരം കെ.ടി.ഡി.സി. ചൈത്രം ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽ സ്പീക്കർ എ. എൻ. ഷംസീർ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

**ഗോത്രഭാഷയും കമ്മ്യൂണിറ്റി റേഡിയോയും - ശിൽപശാല**

ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി യുനെസ്കോ ചെയർ ഓൺ കമ്മ്യൂണിറ്റി മീഡിയയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 02,03 തിയ്യതികളിൽ ഹൈദരാബാദിൽ വെച്ചു ഗോത്രഭാഷയും കമ്മ്യൂണിറ്റി റേഡിയോയും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ട്രൈബൽ പ്രോഗ്രാം പ്രൊഡ്യൂസർ പൂർണിമ കെ. എന്നിവർ ശില്പശാലയിൽ പങ്കെടുത്തു.

**വയോമിത്ര, നമ്മുടെ വയോധികർ നമ്മുടെ അഭിമാനം**

കേന്ദ്ര സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന അടൽ വയോ അഭ്യുദയ് യോജന പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷനുമായി സഹകരിച്ച് പ്രക്ഷേപണം ചെയ്യുന്ന വയോമിത്ര എന്ന പ്രൊജക്ട് ആരംഭിച്ചു.

**നമ്മുടെ വയോധികർ നമ്മുടെ അഭിമാനം - നാരോകാസ്റ്റ്**

വയോമിത്ര പ്രൊജക്ടിന്റെ ഭാഗമായി നവംബർ 11 ന് മൊതക്കരയിലും, നവംബർ 26 ന് പയിങ്ങാട്ടിരി അംഗൻവാടിയിലും, ഡിസംബർ 7 ന് പാലയാണ നെഹ്റു മെമ്മോറിയൽ ലൈബ്രറിയിലും, ഡിസംബർ 14 ന് കമ്മനയിൽ വെച്ചും വയോജനങ്ങൾക്കായി നാരോകാസ്റ്റ് നടത്തി. വയോജന നിയമങ്ങൾ, പദ്ധതികൾ, ആനുകൂല്യങ്ങൾ തുടങ്ങിയവയെക്കുറിച്ച് റേഡിയോ മാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ഫാ. ടോണി ആന്റണി ക്ലാസ് എടുത്തു.

**റേഡിയോ സന്ദർശനം**

അടൽ വയോ അഭ്യുദയ് യോജന പദ്ധതിയുടെ ഭാഗമായി വയോമിത്ര പ്രൊജക്ടിന്റെ കോ ഓർഡിനേറ്റർ എന്ന നിലയ്ക്ക് കേരളത്തിലെ മറ്റ് റേഡിയോ സ്റ്റേഷനുകൾ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ എന്നിവർ സന്ദർശിച്ചു. അടൽ വയോ അഭ്യുദയ് യോജന പദ്ധതിയേക്കുറിച്ചുള്ള പ്രോഗ്രാമിനെക്കുറിച്ച് വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായിരുന്നു സന്ദർശനം.

**തത്സമയ ഫോൺ ഇൻ പരിപാടി**

കാലാവസ്ഥ വ്യതിയാനവും വയനാട്ടിലെ കൃഷിരീതികളിൽ വന്ന മാറ്റവും എന്ന വിഷയത്തിൽ നവംബർ 25 ന് 2 മണി മുതൽ 3 മണി വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പുത്തൂർവയൽ എം.എസ്.എസ് ആർ.എഫിലെ ശാസ്ത്രജ്ഞൻ ജോസഫ് ജോൺ ശ്രോതാക്കളുമായി സംവദിച്ചു.

**ലോക്സഭ ഉപതിരഞ്ഞെടുപ്പ് - വോട്ടെണ്ണൽ**

ലോക്സഭ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ദിനമായ നവംബർ 23 ന് തത്സമയം ഫലങ്ങൾ ശ്രോതാക്കളിലേക്ക് എത്തിച്ചു.

**നൂപുരം 2024**

നവംബർ 27, 28, 29 തിയ്യതികളിൽ നടവയലിൽ വെച്ച് നടന്ന 43-ാ മത് ജില്ലാ സ്കൂൾ കലോത്സവത്തിന്റെ തത്സമയ വിവരങ്ങൾ റേഡിയോമാറ്റൊലിയിൽ കൂടി ശ്രോതാക്കളിലെത്തിച്ചു.

**പഠന സന്ദർശനം**

മലപ്പുറം തിരൂരങ്ങാടി പി.എം.എസ്.ടി കോളേജിലെ

ജേർണലിസം വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി നവംബർ 9 നും കൊയിലാണ്ടി ഗുരുവേദ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് സ്റ്റുഡന്റ്സ് നവം. 16 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് ജേർണലിസം ഡിപ്പാർട്ട്മെന്റിലെ 31 വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി നവംബർ 25 നും കണ്ണൂർ പൂവമ്പായി എ.എം.എച്ച്. എസ്.എസ് ലെ പ്ലസ് ടൂ ഹ്യൂമാനിറ്റീസിലെ 53 വിദ്യാർത്ഥികൾ നവം.26 നും മാറ്റൊലി സന്ദർശിച്ചു. കണ്ണൂർ ജില്ലയിലെ എടവമ്പാറ ജി.എൽ.പി.എസ് ലെ വിദ്യാർത്ഥികൾ നവം.30 ന് മാറ്റൊലിയിൽ സന്ദർശനം നടത്തി. മലപ്പുറം വാഴക്കാട് ജി.എച്ച്.എസ്സ്.എസി ലെ പ്ളസ് ടു ഹ്യൂമാനിറ്റീസ് (ജേർണലിസം) വിദ്യാർത്ഥികൾ ഡിസംബർ 05 ന് മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**

അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**Disha Expo 2024**

The College participated in DISHA 2024 – Higher Studies Career Expo at Govt. Sarvajana Higher Secondary School Suthan Bathery on 29 & 30 November 2024.

**Blood Donation Camp**

The NCC Army Wing of Mary Matha Arts & Science College, Mananthavady organized a blood donation Camp in association with Govt. Medical College Mananthavady on 28 November 2024.

**WLF Campus Connect**

Wayanad Literature festival – Campus Connect program was jointly organized in the college by Literary club and college union on 04 December 2024.

**Mahindra Pride Classroom**

The Career Guidance Cell & Women's Cell coordinates Mahindra Pride Classroom Employment Skill Programme during 13 -18 December 2024, for III Year girl students.

**District Level Mathematics Competitions**

The PG & Research Department of Mathematics coordinated district level Mathematics competitions on 12 November 2024, as part of the National Mathematics Day Celebrations 2024, in collaboration with DST, NCSTC & KSCSTE

**PG Graduation Day**

The PG & Research Department of Computer Science conducted PG Graduation Day on 13 December 2024.

**Day Celebrations**

- **Constitution Day:** The Department of Social Science Economics & Political Science observed Constitution Day and conducted the program Unjumble the Preamble.
- **World Computer Literacy Day:** The PG & Research Department of Computer Science observed World Computer Literacy Day on 04 December 2024, and conducted Poster Making, E – Football, Code Roulette, Treasure Hunt and IT Quiz competitions under the event name TECH-KRITI.
- **International Navy Day:** The Navy Wing of NCC observed International Navy Day on 04 December 2024.
- **International Human Rights Day:** The Army Wing of NCC observed International Human Rights Day on 10 December 2024.

**Seminars & Workshops**

- The Department of Social Science – Economics organized a seminar on the topic Exploring Research Methodology on 22 November 2024.
- The Department of Social Science – Economics organized a workshop on the topic Unlocking the power of MS Office on 26 November 2024.
- The Department of Commerce, in association with IQAC organized a workshop on soft skill development on 11 December 2024.
- The Department of Commerce, organized a Finishing School Programme on Career Opportunities in Accounting on 13 December 2024.

**Paper Publications**

- Dr. Eldho K J (Assistant Professor, Department of Computer Science) and Mr. Samuel Benny Vargheese

(M.Sc. Computer Science 2021-23 Batch) published a paper titled Gradient Edge: Advancing Predictive Modelling with Enhanced Gradient Boosting: A Multi- Dataset Approach" in the 'International Journal of Computer Applications.

- Dr. Sijo A K (Assistant Professor, Department of Physics) published a paper titled Optimizing Na2EDTA concentration for enhanced properties of SILAR - deposited CTS thin films, in Physica Scripta.

**Student Achievements**

- Haifa K G, I BA Functional English won silver medal (63 KG Category) in Kannur University Judo Championship held on 14 November 2024.
- Abhiya George, I B. Com, won bronze medal (48 KG Category) in Kannur University Judo Championship held on 14 November 2024.
- Dersana Sahadevan, I B. Com, won bronze medal (52 KG Category) in Kannur University Judo Championship held on 14 November 2024.
- Muhammed Sinan, I BA Functional English won silver medal (66 KG Category) in Kannur University Judo Championship held on 14 November 2024.
- Muhammed Sabith, I BA Functional English won silver medal (60 KG Category) in Kannur University Judo Championship held on 14 November 2024.
- The College Yoga team won bronze medal in Kannur University Yoga Championship held on 01 December 2024.
- Vivek K R, III BA Social Science – Economics, won silver medal in the 29th Kannur University Athletic meet held on 08 December 2024.
- Praveena P, III BA functional English won silver medal (50

KG Category) in Kannur University Wrestling Championship held on 13 December 2024.

- Abhijith Shiju, III BCom, won bronze medal (65 KG Category) in Kannur University Wrestling Championship held on 13 December 2024.
- SGT. Athira T S, successfully completed Shivaji Trail Trekk II, held at Kolhapur, Maharashtra during 06-16 November 2024.
- SUO. Akshay T A, won the Director General NCC Commendation Card 2024.

**Faculty Achievements**

- Ms. Jisha T E, Associate Professor, Department of Computer Science submitted her PhD Thesis.

**Dr. Geetha Antony Pullen**

Principal in Charge

## ഫെഡാർ ഫൗണ്ടേഷൻ

### ജർമൻ പ്രോഗ്രാം

ഇക്കഴിഞ്ഞ മാസത്തിൽ വന്ന റിസൾട്ടുകളിൽ ഫെഡാർ ക്യാമ്പസുകളിൽ പഠിച്ച 4 കുട്ടികൾക്ക് B2 ഫുൾ മോഡ്യൂളുകളും 4 കുട്ടികൾക്ക് A1 ഫുൾ മോഡ്യൂളും ലഭിച്ചു. ജർമനിയിൽ സേവനം ചെയ്യുന്ന സിസ്റ്റർ റോസ് അഗസ്റ്റിൻ SH, സിസ്റ്റർ അനില SH എന്നിവർ ഫെഡാർ ക്യാമ്പസ് സന്ദർശിച്ച് കുട്ടികളുമായി ജർമൻ അനുഭവങ്ങൾ പങ്കുവച്ചു.

നഴ്സിംഗ് പഠനം പൂർത്തിയാക്കിയവർക്കുള്ള പുതിയ ജർമൻ ബാച്ച് ജനുവരി മാസം 26 ന് ആരംഭിക്കും. നഴ്സ്മാർക്ക് ക്ലാസ്സുകളും മൈഗ്രേഷനും സൗജന്യമായിരിക്കും.

**ഫെഡാർ കണക്ട്**

ജർമൻ വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം Zen Zone കാട്ടികുളം ക്യാമ്പസിലും, കുഞ്ഞോം ക്യാമ്പസിലും നടത്തപ്പെട്ടു. ക്രിസ്തുദാസി സന്യാസി സമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നേതൃത്വം നൽകി.

പ്ലസ്ടു വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള Fedar Navigator മാനന്തവാടി ഫൊറോനയിലെ വിദ്യാർത്ഥികൾക്ക് വേണ്ടി കണിയാരം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് 2024 ഡിസംബർ ഒന്നിന് നടത്തപ്പെട്ടു.

വിദ്യാർത്ഥികളുടെ അഭിരുചി തിരിച്ചറിയുവാൻ സഹായിക്കുന്നതിനും,കോഴ്സുകൾ തിരഞ്ഞെടുക്കുവാൻ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി "Fedar Truegauge" ആരംഭം കുറിച്ചു.

**ഫാ. അരുൺ മാത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

## വിദ്യാലയ വാർത്തകൾ

### എൽ. പി. വിഭാഗം

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ശിശുദിനം വിപുലമായി ആചരിച്ചു. പച്ചക്കറി വിളവെടുപ്പ് നടത്തി. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ കൈ പിടിക്കാം കരുത്തേകാം എന്ന സന്ദേശമുയർത്തി വിവിധ പ്രവർത്തനങ്ങൾ നടത്തി. ജില്ലാ ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ജില്ലാതല വർണോത്സവത്തിൽ ലളിതഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒന്നാം ക്ലാസ്സിലെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പലഹാരമേള സംഘടിപ്പിച്ചു. പച്ചക്കറിത്തോട്ടത്തിലെ ആദ്യവിളവെടുപ്പ് നടത്തി.

**III എ. എൽ. പി. സ്കൂൾ കണിയാരം**

വിപുലമായ പരിപാടികളോടെ ശിശുദിനം ആഘോഷിച്ചു. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. ഭിന്നശേഷി ദിനാചരണം നടത്തി. വിദ്യാലയത്തിൽ സർഗോത്സവം സംഘടിപ്പിച്ചു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

ശിശുദിനം വിപുലമായി ആഘോഷിച്ചു. ക്ലാസ് പി.ടി.എ നടത്തി. ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടന്നു.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

പേരാവൂർ ബ്ലോക്കിലെ ഹരിത വിദ്യാലയങ്ങളുടെ ഗണത്തിൽ എ ഗ്രേഡോടെ വിദ്യാലയം തിരഞ്ഞെടുക്കപ്പെട്ടു. പി.ടി.എ യുടെ സഹകരണത്തോടെ പച്ചക്കറിത്തോട്ടം നിർമിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ സ്കൂൾ പരിസരം വൃത്തിയാക്കി.

**VI സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

ഉപജില്ലാതല സർഗോത്സവത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. മാറ്റിനിർത്താതെ ചേർത്തു നിർത്താം എന്ന ആശയവുമായി ഭിന്നശേഷിദിനാചരണം സംഘടിപ്പിച്ചു.

**VII സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

വിവിധ പരിപാടികളോടെ ഭിന്നശേഷിദിനം ആചരിച്ചു. പി.ടി. എയുടെ സഹകരണത്തോടെ നിർമിച്ച പച്ചക്കറിത്തോട്ടത്തിലെ ഒന്നാംഘട്ട വിളവെടുപ്പ് നടത്തി.

**VIII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

വർണാഭമായ റാലിയോടെ ശിശുദിനം ആഘോഷിച്ചു. മാതൃഭൂമി സീഡ് പുരസ്കാരമായ ഹരിതമുകുളം അവാർഡ് കരസ്ഥമാക്കി.

**IX നിർമല എൽ. പി. എസ് ആലാറ്റിൽ**

പച്ചക്കറിത്തോട്ട പരിപാലനത്തിൽ അധ്യാപകരും വിദ്യാർത്ഥികളും പങ്കാളികളായി. വിദ്യാലയവും പരിസരവും പ്ലാസ്റ്റിക് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചു. ഹരിതസഭായോഗം ചേർന്നു. എൽ.എസ്.എസ് പരിശീലനം ആരംഭിച്ചു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. പെൻബോക്സ് സ്ഥാപിച്ചു

**X സി. കെ. എൽ. പി. എസ്. മണിമൂളി**

വിദ്യാർത്ഥികൾക്കായി MASTER MINDSET എന്ന പേരിൽ ഗണിത ക്യാമ്പ് സംഘടിപ്പിച്ചു.

**XI പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി**

വിദ്യാലയത്തിന്റെ നാല്പത്തി മൂന്നാമത് വാർഷികാഘോഷം നടത്തപ്പെട്ടു. പഴശ്ശിരാജാദിനം, ലോകഭിന്നശേഷിദിനം എന്നിവ സമുചിതമായി ആചരിച്ചു.

**XII സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി വായനോത്സവം സംഘടിപ്പിച്ചു. പി.ടി.എ യുടെ സഹകരണത്തോടെ പച്ചക്കറിത്തോട്ടം നിർമിച്ചു. ഒന്ന്, മൂന്ന് ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് പലഹാരമേള സംഘടിപ്പിച്ചു. വിദ്യാലയത്തിൽ കായിക പരിശീലന പരിപാടി ആരംഭിച്ചു.

**XIII സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

വൈത്തിരി ഉപജില്ലാതല കലോത്സവത്തിൽ ജനറൽ,

അറബിക് വിഭാഗങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ജില്ലാമേളയോടനുബന്ധിച്ച് കുട്ടിക്കട നടത്തി. ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി ചിത്രരചനാ മത്സരം നടത്തി. വിദ്യാരംഗം സർഗോത്സവത്തിൽ വിദ്യാലയത്തിലെ കുട്ടികൾ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

നല്ലപാഠം പദ്ധതിയുടെ ഭാഗമായി കൃഷി വിഭവങ്ങളുടെ പ്രദർശനവും വില്പനയും നടത്തി. ശിശുദിനം സമുചിതമായി ആചരിച്ചു. NAS പരീക്ഷ നടത്തി. സ്കൂൾതല ഫുട്ബോൾ ടൂർണമെന്റ് നടത്തി.

**II അസംപ്ഷൻ എ യു പി സ്കൂൾ ബത്തേരി**

വയനാട് ജില്ലാതല ശിശുക്ഷേമ സമിതി നടത്തിയ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ ആദ്യസ്ഥാനങ്ങൾ കൈവരിച്ചു. സർഗോത്സവം പരിപാടിയിൽ വിദ്യാർത്ഥികൾ ജില്ലാതല മത്സരത്തിന് യോഗ്യത നേടി. രക്ഷിതാക്കൾക്കായി പ്യാരി ഡേ എന്ന പേരിൽ വിവിധ പരിപാടികൾനടത്തി.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ഉപജില്ലാതല സർഗോത്സവത്തിന് വിദ്യാലയം വേദിയായി. നല്ല പാഠം പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിലേക്കാവശ്യമായ ലോഷനുകൾ നിർമിച്ചു. ജില്ലാ കലോത്സവത്തിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു. അന്താരാഷ്ട്ര മനുഷ്യാവകാശ ദിനാചരണത്തിന്റെ ഭാഗമായി മനുഷ്യചങ്ങല തീർത്തു. ഹരിത വിദ്യാലയമായി തിരഞ്ഞെടുക്കപ്പെട്ടു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. ജില്ലാ കലോത്സവത്തിൽ അഭിമാനകരമായ നേട്ടം കൈവരിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. രണ്ടു ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റി. ജൈവ പച്ചക്കറിത്തോട്ടം നിർമിച്ചു. പൂന്തോട്ടം നിർമിച്ചു. USS പരിശീലനം നടന്നുവരുന്നു.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

ശിശുദിനം, കിളിക്കൊഞ്ചൽ എന്ന പേരിൽ വിപുലമായി

ആഘോഷിച്ചു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്ത്രീ പുരുഷ സമത്വം എന്ന വിഷയത്തിൽ സംവാദം നടത്തി. ഭരണഘടനാദിനം ആചരിച്ചു. വയനാട് ജില്ലാ കലോത്സവത്തിൽ യു.പി വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. വിജയികളെ ആദരിച്ചു. മനുഷ്യാവകാശദിനം ആചരിച്ചു.

**VI സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ഉപജില്ലാതല കലോത്സവത്തിൽ യു. പി ജനറൽ വിഭാഗം എൽ. പി അറബിക് കലോത്സവം എന്നിവയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ശിശുദിനം സമുചിതമായി ആചരിച്ചു. റൂബിക്സ് ക്യൂബ് ചാമ്പ്യൻഷിപ്പ് നടത്തി. സ്കൗട്ട്, ഗൈഡ്, കബ്ബ്, ബുൾ ബുൾ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ് നടത്തി. പഠനവിനോദയാത്ര നടത്തി.

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

ആവേശോജ്വലമായ പരിപാടികളോടെ ശിശുദിനം ആഘോഷിച്ചു. ഗൈഡ്, ബുൾബുൾ യൂണിറ്റുകൾ ആരംഭിച്ചു.

**VIII എ. യു. പി. സ്കൂൾ ദ്വാരക**

ദേശീയ തലത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങൾക്ക് സ്വീകരണം നൽകി. ശിശുദിനം സമുചിതമായി ആചരിച്ചു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുകയും മധുരവിതരണം നടത്തുകയും ചെയ്തു.

**IX സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

ഉപജില്ലാതല കലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്ക് നിരവധി ഇനങ്ങൾക്ക് ഗ്രേഡുകൾ ലഭിച്ചു. ശിശുദിനം സമുചിതമായി ആഘോഷിച്ചു. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പലഹാരമേള സംഘടിപ്പിച്ചു. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി പൂർവ അധ്യാപക വിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചു.

**X സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സംസ്ഥാനത്തെ ഹരിതകേരളം മിഷൻ വിദ്യാലയത്തെ ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു. വിപുലമായ രീതിയിൽ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്താൻ തീരുമാനിച്ചു.

**XI സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

കേരളപ്പിറവി ശിശുദിനം എന്നിവ വിപുലമായ രീതിയിൽ നടത്തപ്പെട്ടു. ജില്ലാകലോത്സവത്തിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. വിദ്യാലയത്തിൽ പൂന്തോട്ടമൊരുക്കി.

**XII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

വൈത്തിരി ഉപജില്ലാതല കലോത്സവത്തിൽ എൽ.പി ജനറൽ വിഭാഗത്തിൽ ഓവറോൾ, സംസ്കൃതം വിഭാഗത്തിൽ റണ്ണറപ്പ്, യു.പി ജനറൽ വിഭാഗത്തിൽ മൂന്നാം സ്ഥാനം എന്നീ നേട്ടങ്ങൾ കൈവരിച്ചു. വിവിധ മേഖലകളിൽ വിജയം കൈവരിച്ച വിദ്യാർത്ഥികളെ ആദരിച്ചു. വയനാട് ജില്ലാ വർണോത്സവത്തിൽ വിവിധയിനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയെടുത്തു.

**XIII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

വൈത്തിരി ഉപജില്ലാതല കലാമേളയിൽ നാടകമത്സരത്തിൽ ഒന്നാം സ്ഥാനം നേടി. വിവിധയിനങ്ങളിൽ മികച്ച വിജയം കൈവരിച്ചു. ഭരണഘടനാദിനം ആചരിച്ചു. അക്കാദമിക നിലവാരം ഉയർത്താൻ സമഗ്രപദ്ധതികൾ നടപ്പിലാക്കി വരുന്നു.

**XIV സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

കേരളപ്പിറവിദിനം, ശിശുദിനം എന്നിവ സമുചിതമായി ആചരിച്ചു. മാനന്തവാടി ഉപജില്ലാതല കലോത്സവത്തിൽ എൽ. പി. വിഭാഗത്തിൽ ഓവറോളും യു.പി വിഭാഗത്തിൽ നാലാം സ്ഥാനവും കരസ്ഥമാക്കി. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. പ്രീ പ്രൈമറി വിഭാഗം രക്ഷിതാക്കളുടെ സംഗമം നടത്തി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ശിശുദിനാഘോഷം സംഘടിപ്പിച്ചു. വൈത്തിരി ഉപജില്ലാതല കലോത്സവത്തിൽ സംസ്കൃതോത്സവത്തിൽ ഓവറോൾ നേട്ടം കരസ്ഥമാക്കി. സംസ്ഥാനതല ശാസ്ത്രോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഐ.ടി മേളയിൽ റണ്ണറപ്പ് കരസ്ഥമാക്കി. വയനാട് ജില്ലാ കലോത്സവത്തിന് വിദ്യാലയം ആതിഥേയത്വം വഹിച്ചു. വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

വയനാട് ജില്ലാതല കലാമേളയിൽ വിവിധയിനങ്ങളിൽ മികച്ച വിജയം കൈവരിച്ചു. പി.ടി.എ യുടെയും നല്ലപാഠം പ്രവർത്തകരുടെയും നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമിച്ചു. വിദ്യാരംഗം കലാസാഹിത്യവേദി ഉപജില്ലാതല മത്സരത്തിൽ പങ്കെടുത്തവർ ജില്ലാതലത്തിലേക്ക് യോഗ്യത നേടി. ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് വിദ്യാർത്ഥികൾക്ക് സെലക്ഷൻ ലഭിച്ചു.

**III ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

മാലിന്യമുക്തം നവകേരളത്തിന്റെ ഭാഗമായി മാതൃക ഹരിത വിദ്യാലയമായി തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന ശാസ്ത്രമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി. ഭരണഘടനദിനം ആചരിച്ചു. SPC കേഡറ്റുകൾ പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് എന്ന ആശയം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ബസ്സ്റ്റാൻഡ് ശുചീകരണം നടത്തി.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് നടത്തി. ദീപിക കളറിംഗ് മത്സരത്തിലെ വിജയികളെ അനുമോദിച്ചു. ശുചിത്വ ക്ലബ്ബ് രൂപീകരിച്ചു. സംസ്ഥാനതല പ്രവർത്തി പരിചയമേള വിജയികളെ അനുമോദിച്ചു. മോട്ടിവേഷൻ ക്ലാസ് നടത്തി.

**V ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

സംസ്ഥാന ശാസ്ത്രോത്സവത്തിലും ജില്ലാതല കലാമേളയിലും വിവിധയിനങ്ങളിൽ മികച്ച നേട്ടം കൈവരിച്ചു. കേരളപ്പിറവിദിനവും ശിശുദിനവും വിപുലമായി ആചരിച്ചു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കുകയും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.

**VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ബത്തേരി ഉപജില്ലാതല കലോത്സവത്തിൽ ജനറൽ വിഭാഗത്തിൽ റണ്ണേഴ്സ് അപ്പും സംസ്കൃതം വിഭാഗത്തിൽ ഓവറോളും കരസ്ഥമാക്കി. സംസ്ഥാന ഗണിതശാസ്ത്ര മേളയിൽ സംസ്ഥാന തലത്തിൽ വിദ്യാലയം മൂന്നാം സ്ഥാനം നേടി. വിദ്യാലയം മാലിന്യമുക്തമാക്കാൻ തനത് പ്രവർത്തനങ്ങൾക്ക് തുടക്കമായി. വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ

ക്ലാസ് നൽകി. സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റ് ക്യാമ്പ് നടത്തി. വയനാട് ജില്ലാ കലോത്സവത്തിൽ ജനറൽ വിഭാഗത്തിൽ മൂന്നാം സ്ഥാനവും സംസ്കൃതം വിഭാഗത്തിൽ ഓവറോളും കരസ്ഥമാക്കി. അന്താരാഷ്ട്ര മണ്ണ് സംരക്ഷണ ദിനത്തിന്റെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ വിദ്യാലയം അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. SSLC വിദ്യാർത്ഥികൾക്കായി പരീക്ഷ മുന്നൊരുക്ക ക്ലാസ് സംഘടിപ്പിച്ചു.

**VII സി. കെ. എച്ച്. എസ് മണിമൂളി**

വിദ്യാലയത്തിന്റെ അറുപതാം ജൂബിലിയുടെ ഭാഗമായി പൂർവ വിദ്യാർത്ഥി സംഗമം നടത്തി. കലാ കായിക ശാസ്ത്രമേളകളിൽ വിജയിച്ചവരെ ആദരിച്ചു. ചികിത്സാ സഹായം നൽകി.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

ലഹരിവിരുദ്ധ ദിനത്തിൽ പ്രത്യേക അസംബ്ലി നടത്തി. സംസ്ഥാനതല ശാസ്ത്രോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് എ ഗ്രേഡ് ലഭിച്ചു. ആന്റിബയോട്ടിക് സാക്ഷരതാവാരത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ശിക്ഷകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി. ഉപജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. സ്കൗട്ട് ആൻഡ് ഗൈഡ്സ് CM ഷീൽഡ് വർക്ക് സമർപ്പിച്ചു. NSS ന്റെ ആഭിമുഖ്യത്തിൽ സത്യമേവ ജയതേ പരിപാടി സംഘടിപ്പിച്ചു. പരിസ്ഥിതി സെമിനാർ സംഘടിപ്പിച്ചു. NSS ന്റെ ആഭിമുഖ്യത്തിൽ മാലിന്യ നിർമാർജന പദ്ധതിക്ക് തുടക്കം കുറിച്ചു. വിവിധ ബോധവത്കരണ ക്ലാസുകൾ നൽകി.

**II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

ഉപജില്ലാതല കലോത്സവത്തിന് വിദ്യാലയം വേദിയായി. സംസ്ഥാനതല മത്സരങ്ങളിൽ മികച്ച വിജയങ്ങൾ കരസ്ഥമാക്കി.

**III ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

സംസ്ഥാനതല ശാസ്ത്രോത്സവത്തിലും ജില്ലാതല കലോത്സവത്തിലും വിവിധയിനങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു. സൗഹൃദദിനാചരണം സംഘടിപ്പിച്ചു. ലൈഫ് സ്കിൽ ട്രെയിനിങ്ങിന്റെ ഭാഗമായി ക്ലാസുകൾ നൽകി. രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ് നൽകി. സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായ ലൈബ്രറി നവീകരണ പ്രോജക്ട് പൂർത്തിയായി. ഹരിത വിദ്യാലയ സർട്ടിഫിക്കറ്റ് ലഭിച്ചു. വിവിധ മേളകളിലെ വിജയികളെ അനുമോദിച്ചു.

**IV സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വയനാട് ജില്ലാ കലോത്സവത്തിന് വിദ്യാലയം വേദിയായി. സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികൾക്കായി ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു. ജീവിത നൈപുണ്യ ക്ലാസ്, ഫയർ ആൻഡ് സേഫ്റ്റി ക്ലാസ്, മക്കളെ അറിയാൻ എന്നീ പ്രോഗ്രാമുകൾ നടത്തി.

**V സി. കെ. എച്ച്. എസ് എസ്. മണിമൂളി**

വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. ഉപജില്ലാതല ശാസ്ത്രമേളയിൽ ഓവറോൾ ചാമ്പ്യന്മാരായി. സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ മെന്റൽ ഹെല്ത്തിനെക്കുറിച്ചുള്ള ക്ലാസ്, ഷോർട്ട് ഫിലിം നിർമാണം NSS ന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ റാലി, തെരുവ് നാടകം, കേരള പോലീസിന്റെ ബോധവത്കരണക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു.

**VI ഫാ.ജി.കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

NSS യൂണിറ്റിന്റെ നേതൃത്വത്തിൽ ഉപജില്ലാതല കലാമേളയ്ക്കായി വിഭവസമാഹരണം, പരിസര ശുചീകരണം, പൂന്തോട്ട നിർമാണം എന്നിവയും സന്നദ്ധം ഓറിയന്റേഷൻ ക്ലാസും നടത്തി. ഉപജില്ലാ, ജില്ലാതല കലോത്സവത്തിലെ സംസ്ഥാന ശാസ്ത്രോത്സവത്തിലും പങ്കെടുത്ത വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. പഠന വിനോദയാത്ര നടത്തി. വിജയോത്സവം സംഘടിപ്പിച്ചു.

ഏവർക്കും സമാഗതമാകുന്ന പുതുവത്സരത്തിന്റെ മംഗളങ്ങൾ..

**ഫാ. സിജോ ഇളംകുന്നപ്പുഴ**

കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*



***January 2025***

| | |
|---|---|
| *1 Wednesday: ...............* | *Vincentgiri: Golden Jubilee* |
| *2 Thursday: Morning: ...* | *Puthusserry: Ordination of Deacon Augustine Amal Kettupurackal RCJ* |
| *4 Saturday: ...................* | *Bathery: Jubilee- Assumption Hospital* |
| *6 Monday: .....................* | *To Kakkanad* |
| *7 Tue- 11 Sat: ..................* | *Kakkanad: Syro- Malabar Bishops' Synod* |
| *13 Monday: ....................* | *Kallody: Higher Secondary Jubilee Conclusion* |
| *15 Wed - 16 Thu: ............* | *Kannur: North Kerala Bishops' Meet* |
| *18 Saturday: ....................* | *Pattaram: Commemoration of Servant of God Fr Armund OFM Cap.* |
| *19 Sunday: ......................* | *Poroor: Platinum Jubilee Conclusion* |
| *20 Monday: .....................* | *WSSS: Gathering of former staff* |
| *21 Tue: .............................* | *FEDAR: Governing Body* |
| *23 Thursday: ...................* | *Kottiyoor: Higher Secondary Jubilee Conclusion* |
| *25 Saturday: ....................* | *Bathery: Deepika Daily Anniversay* |
| *26 Sunday: ......................* | *Bathery: Jubilee -Holy Mass* |
| *28 Tuesday: .....................* | *Karuvanachal* |
| *29 Wednesday: .................* | *New Priests' gathering* |
| *30 Thursday: ...................* | *Nilambur: LF School Annual Day* |

***February 2025***

| | |
|---|---|
| *2 Sunday: ........................* | *Kavumannam: Jubilee Conclusion* |
| *6 Thursday: .....................* | *Manimooly* |
| *8 Saturday: ......................* | *Kayyunny: SH School Staff Meeting* |
| *9 Sunday: .........................* | *Kelakam: Jubilee Conclusion* |
| *13 Thu- 15 Sat: ...............* | *Ongoing Formation of Priests* |
| *19 Wednesday: ...............* | *Kommayad: Platinum Jubilee Conclusion* |
| *20 Thu- 28 Fri: ................* | *Engaged* |

# *Auxiliary Bishop's Programme*



***January 2025***

*02 Thursday: .......................... Engaged*
*04 Saturday: .......................... Udayagiri: Feast: Holy Mass*
*05 Sunday: ............................. Chulliana: Feast: Holy Mass*
*06 Mon-11 Sat: ..................... Kakkanad: Synod*
*12 Sunday: ............................ Edivanna: Feast: Holy Mass*
*13 Monday: ........................... Engaged*
*14 Tuesday: ............................ Madambam: Baptism*
*15 Thur-17 Fri: ....................... Sreepuram, Kannur: North Kerala Bishop's Meet*
*18 Saturday: .......................... Poroor: Jubilee: Holy Mass*
*19 Sunday: ............................... Marakavu: Feast: Holy Mass*
*20 Monday: ........................... Cherukattoor: Jubilee: Holy Mass*
*23 Thursday: ......................... Marakavu: Ordination: Jince Joseph Kadavanal PSDP*
*.......................... Nadvayal: High School Anniversary*
*24 Friday: ............................. Padichira: Feast: Holy Mass*
*25 Saturday: ........................... Kallody: High School Anniversary*
*26 Sunday: ............................ Adikolly: Feast: Holy Mass*
*28 Tuesday: Morning: ......... Payyampally: Higher Secondary School Anniversary*
*: Afternoon:........... Kaniyaram: Higher Secondary School Anniversary*
*29 Wednesday: ...................... Bathery: School Anniversary and Send off*
*: ........................ New Priests' Gathering*
*30 Thursday: .......................... Thalanji: Carmel School Anniversary*
*31 Friday: .............................. Kelakam: Feast: Holy Mass*

***February 2025***

*01 Saturday: ......................... Pulpally: Feast: Holy Mass*
*02 Sunday: ............................ Kayyunni: Holy Mass*
*08 Saturday: Morning: ........ Padamala: Feast: Holy Mass*
*: Evening: ............. Pallikkunnu: Feast: Holy Mass*
*09 Sunday: ........................... Kallody: Feast: Holy Mass*
*10 Monday- 14 Friday: ........... Kulathuvayal: Retreat*
*16 Sunday: .............................. Karackamala: Pastoral Visit*
*23 Sunday: .............................. Kunnalady: Feast: Holy Mass*